# യേശുക്രിസ്തുവിന്റെ ജീവചരിത്രം

## (പുസ്തകം–2)

## അവന്റെ പരീക്ഷയും ശുശ്രൂഷയുടെ ആരംഭവും

**ജോർജ് ഫോർഡ്**

*(അറബിയിൽനിന്ന് വിവർത്തനം ചെയ്യപ്പെട്ടത്)*

Published by :

**CALL OF HOPE (NIDA'-AL'-RAJAH)**

**BOX No. 45, KAYAMKULAM - 690 502**

**LIFE OF CHRIST**
*(Malayalam)*

by
**George Ford**

***“ദൈവം ആത്മാവു ആകുന്നു;
അവനെ നമസ്ക്കരിക്കുന്നവർ
ആത്മാവിലും സത്യത്തിലും
നമസ്കരിക്കേണം”***

***(യോഹന്നാൻ 4:24)***

JANUARY 2011

All rights reserved.

No. of Copies : 5,000

Published by :
**CALL OF HOPE (NIDA’ -AL- RAJA’)**
P.B. No. 45, Kayamkulam - 690 502 - Kerala.
Email: contact@call-of-hope-kerala.com

Price: Rs. 25.00

Printed by :
**P.P. George & Sons**
Printers & Publishers
Angamaly - 683 572 - India.
Ph : 0484-2456719, 2456819, 2456919

# ഉള്ളടക്കം


1. പിശാച് ക്രിസ്തുവിനെ പരീക്ഷിക്കുന്നു 5

2. യേശു തന്റെ ആദ്യശിഷ്യന്മാരെ തെരഞ്ഞെടുക്കുന്നു 29

3. ക്രിസ്തുവിന്റെ ഒന്നാമത്തെ അത്ഭുതം 41

4. യേശു ദേവാലയം ശുദ്ധീകരിക്കുന്നു 54

5. നിക്കോദേമൊസ് യേശുവിനെ സന്ദർശിക്കുന്നു 65

6. യേശു ഒരു ശമര്യ സ്ത്രീയെ കണ്ടുമുട്ടുന്നു 78

7. പരമവൈദ്യനായ യേശു ഉപദേശിക്കുന്നു 98

8. യേശു നാല് ശിഷ്യന്മാരെ വിളിക്കുന്നു 109

9. യേശു അശുദ്ധാത്മാക്കളെ പുറത്താക്കുന്നു 114

10. കഫർന്നഹൂമിലുള്ള അനേകരെ സൗഖ്യമാക്കുന്നു 119

11. ചോദ്യാവലി 128

***“മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽനിന്നു വരുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു.”***

***(മത്തായി 4:4)***

I

# പിശാച് ക്രിസ്തുവിനെ പരീക്ഷിക്കുന്നു

യേശുവിന്റെ ശൈശവകാലാരംഭത്തിൽ ഹെരോദാരാജാവിൽ കൂടെ പിശാചിന്റെ ജോലികളുടെ ഒരു സാമാന്യ രൂപം നാം കണ്ടുകഴിഞ്ഞു. എന്നാൽ അവനെപ്പറ്റി വ്യക്തമായി പ്രതിപാദിച്ചതായിട്ടോ കേട്ടതായിട്ടോ നാം കാണുന്നില്ല. അവന്റെ മൂന്ന് സംജ്ഞകൾ വിവരിക്കുംപോലെ നാം അവനെ ഇവിടെ കാണുന്നു: പരീക്ഷിക്കുന്നവൻ, സാത്താൻ (കുറ്റം ചുമത്തുന്നവൻ), പിശാച് (ശത്രു അഥവാ എതിരാളി). മരുഭൂമിയിൽ യേശുവിന്റെ പരീക്ഷാ ചരിത്രത്തിൽ കൂടെ അവൻ യേശുവിനെ പരീക്ഷിച്ചതായി നാം കാണുന്നു (മത്തായി 4:1-11, ലൂക്കൊസ് 4:1-3).

പിശാചിനു ഭൗതീക രൂപമില്ലെങ്കിലും വളരെ ദുഷ്ടനായ യഥാർത്ഥ ആത്മീക ജീവിയാണവനെന്ന് ബൈബിൾ നമ്മെ പഠിപ്പിക്കുന്നു. ദുരാത്മാക്കളുടെ തലവനാണ് അവൻ. ക്രിസ്തു പറഞ്ഞു: നിത്യനരകം പിശാചിന്നും അവന്റെ അനുചരന്മാർക്കും വേണ്ടി ഒരുക്കിയിരിക്കുന്നു (മത്തായി 25:41). യൂദായുടെ ലേഖനത്തിൽ 6-ാം വാക്യത്തിൽ നാം ഇപ്രകാരം വായിക്കുന്നു. "തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടുപോയ ദൂതന്മാരെ മഹാദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള ചങ്ങല ഇട്ട് അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു". സാത്താനെ ഈ ലോകത്തിന്റെ പ്രഭുവായി വിളിച്ചിരിക്കുന്നു. (യോഹന്നാൻ 16:11). ഈ ലോകത്തിന്റെ ദൈവമായും (II കൊരിന്ത്യർ 4:4), ആകാശത്തിലെ

അധികാരിയായും (എഫേസ്യർ 2:2) ചിത്രീകരിച്ചിരിക്കുന്നു.

സാത്താൻ വളരെ വിചിത്രമായി മനുഷ്യരാശിയുടെ മേൽ ബുദ്ധിപൂർവ്വം ആധിപത്യം സ്ഥാപിച്ചിരിക്കുന്നു. വളരെ ശക്തനും പ്രധാനിയുമായ ഒരു യഥാർത്ഥ വ്യക്തിയാണ് അവനെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ്, തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ ക്രിസ്തു പഠിപ്പിക്കുമ്പോൾ അവന്റെ പേര് ചുരുക്കമായി പറഞ്ഞിരിക്കുന്നത് ‘‘ദുഷ്ടന്റെ കൈയിൽ നിന്നു ഞങ്ങളെ രക്ഷിക്കേണമേ എന്ന്’’ (മത്തായി 6:13). തിന്മ പ്രവർത്തിക്കുന്നവരുടെ കൈയിൽ നിന്നോ, തിന്മയായ കാര്യങ്ങളിൽ നിന്നോ ഞങ്ങളെ രക്ഷിക്കേണമേ എന്നല്ല പ്രാർത്ഥിക്കേണ്ടത്, പിന്നയോ ‘ദുഷ്ടനായവന്റെ കൈയിൽ നിന്ന്’ എന്ന് തന്നെയാണ്.

ദൈവീകാനുവാദമാണ് പിശാചിന്നു പൂർണ്ണമായി മനുഷ്യരാശിയുടെ മേൽ ആധിപത്യം സ്ഥാപിക്കുവാൻ തടസ്സമായിരിക്കുന്നതെന്നും ബൈബിൾ പറയുന്നു. ഈ യാഥാർത്ഥ്യം പിശാച് അംഗീകരിക്കുന്നതിനാൽ അവന്നു പ്രവർത്തിക്കുവാൻ അനുവാദം ചോദിക്കേണ്ടതായിട്ടുണ്ട്. പരീക്ഷിക്കപ്പെടുന്നവരോടുള്ള ദൈവത്തിന്റെ അതീവ സ്നേഹത്താലാണ് ദൈവം ഈ അനുവാദം പിശാചിന് നൽകുന്നത്. പരീക്ഷയിൽ വിജയി ആകുന്ന വിശ്വാസി ശുദ്ധമാക്കപ്പെടുന്നു, ശക്തീകരിക്കപ്പെടുന്നു, പിന്നീട് മഹത്വീകരിക്കപ്പെടുന്നു. ദൈവീക പരിശോധനകളുടെ പിറകിൽ പരിശുദ്ധമായ സ്നേഹമുണ്ടെന്ന് സംശയാതീതമായി നമുക്കറിയാം. എന്തുകൊണ്ടെന്നാൽ ക്രിസ്തുവിന്റെ പരീക്ഷയിൽ പരിശുദ്ധാത്മാവാണ്, പിശാചിനാൽ പരിശോധിക്കപ്പെടുവാൻ അവനെ മരുഭൂമിയിലേക്ക് നടത്തിയത്.

## ആദ്യത്തെ പരീക്ഷ - വിശപ്പിൽ കൂടി

'അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻ യേശുവിനെ ആത്മാവ് മരുഭൂമിയിലേക്കു നടത്തി. അവൻ നാല്പതു പകലും നാല്പതു രാവും ഉപവസിച്ച ശേഷം അവന്നു വിശന്നു. അപ്പോൾ പരീക്ഷകൻ അടുത്തു വന്നു: "നീ ദൈവപുത്രൻ എങ്കിൽ ഈ കല്ലു അപ്പമായിത്തീരുവാൻ കല്പിക്ക എന്നു പറഞ്ഞു. അതിന്നു അവൻ : മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ദൈവത്തിന്റെ വായിൽ കൂടി വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു" എന്നു എഴുതിയിരിക്കുന്നു എന്നു ഉത്തരം പറഞ്ഞു" (മത്തായി 4:1-4).

വ്യക്തമായി വ്യത്യസ്തങ്ങളായ രണ്ട് തരത്തിലുള്ള പരീക്ഷകൾ ഉണ്ട്. കഷ്ടപ്പെടുവാനുള്ള പരിശോധന - ഇത് പ്രയോജനപ്പെടുന്നതും ക്രിയാത്മകവുമാണ്, അത് നമ്മെ ശുദ്ധീകരിക്കുന്നതിനും ശക്തീകരിക്കുന്നതിനും മഹത്വീകരിക്കുന്നതിന്നും വേണ്ടിയുള്ളതാണ്. ദൈവം അബ്രഹാമിനെ പരീക്ഷിച്ചത് ഇപ്രകാരമാണ്. അപ്പൊസ്തലനായ യാക്കോബ് ഈ വിധത്തിലുള്ള പരിശോധനകൾ സന്തോഷത്തിന്റെ അവസരങ്ങളായി കണ്ടു. 'നിങ്ങൾ പല പരിശോധനകളിൽ കൂടി കടന്നു പോകുമ്പോൾ അതെല്ലാം സന്തോഷകരമായി എണ്ണുവിൻ. പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ" (യാക്കോബ് 1:2,12). രണ്ടാമത്തെ പരീക്ഷ തിന്മ ചെയ്യാനുള്ള പരിശോധനയാണ്. അത് നാശത്തിനും ലജ്ജക്കും കാരണമാകുന്നു. ഇപ്രകാരമുള്ള പരീക്ഷയെപ്പറ്റി യാക്കോബ് പറയുന്നത്, "പരീക്ഷിക്കപ്പെടുമ്പോൾ ഞാൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു എന്നു ആരും പറയരുത്. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവൻ ആകുന്നു, താൻ ആരെയും പരീക്ഷിക്കുന്നതുമില്ല" (യാക്കോബ് 1:13).

ക്രിസ്തുവിന്റെ പരീക്ഷ വ്യാഖ്യാനിക്കാനും വിവരിക്കാനും കഴിയാത്തവിധമുള്ള ഏറ്റവും വലിയ ഒരു വെല്ലുവിളിയാണ്. “പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ട” (എബ്രായർ 4:15) എന്ന് പറഞ്ഞിരിക്കുന്നത് അവന്റെ പരിപൂർണ്ണ വിശുദ്ധിയുമായി രമ്യതപ്പെടുത്തുവാന് പ്രയാസമാണ്. പരിശുദ്ധനായവന്റെ പരീക്ഷകൾ പാപിയുടെ പരീക്ഷയുമായി എങ്ങനെ തുലനം ചെയ്യാം? ക്രിസ്തുവിന്റെ പരിപൂർണ്ണ സ്വഭാവം, തന്റെ പരീക്ഷ വെറും സങ്കല്പമോ, നിഴലോ ആയിരുന്നു എന്നു കരുതാൻ ഒരു പഴുതും കാണിക്കുന്നില്ല. കാരണം ഈ കാര്യം യേശു തന്നെ പറഞ്ഞതായിരിക്കണം. എന്തെന്നാൽ വേറെ ആരും ആ സമയത്ത് അവനോടു കൂടിയില്ലായിരുന്നുവല്ലോ. ആസ്തിത്വം ഇല്ലാത്ത ഒരു വ്യക്തിയുമായി താൻ ഏറ്റുമുട്ടി എന്ന് പറയുകയോ കടംകഥയെ യാഥാർത്ഥ്യമായി ചിത്രീകരിക്കുകയോ ചെയ്യുകയില്ല. അവന്റെ അപ്പൊസ്തലന്മാർ അങ്ങനെ ഒരു കഥ കണ്ടുപിടിച്ച് ചമക്കാനും സാധ്യമല്ല. പിശാചുമായുള്ള നിർണ്ണായകമായ ഏറ്റുമുട്ടലിൽ അവരുടെ ഗുരുവും നാഥനുമായ ക്രിസ്തുവിന്റെ പരീക്ഷാരംഗം സങ്കല്പമല്ല, പിന്നയോ, സത്യമാണെന്നാണ് അതിന്റെ അർത്ഥം.

അവൻ തനിയെ കടന്നുപോയ അഗ്നിപരീക്ഷ യുടെയും ആത്മീക ജീവിതാനുഭവങ്ങളുടെയും ആഴമേറിയ രഹസ്യങ്ങളുടെ വെളിപ്പെടുത്തലാണ് ഈ പരീക്ഷയിലൂടെ ക്രിസ്തു നമുക്ക് നൽകിയിരിക്കുന്നത്. യേശു തന്നെ ഈ സംഭവം പറഞ്ഞതിനാൽ വായനക്കാരന് ഊഹാപോഹത്തിന്റെ ആവശ്യമില്ല. പിന്നയോ, സശ്രദ്ധം ആദരവോടുകൂടി അത് അപ്രകാരം തന്നെ പഠിച്ച് ജീവിതത്തിൽ പ്രായോഗികമാക്കേ ണ്ടതാണെന്നുള്ള പ്രാധാന്യത്തെ അത് ചൂണ്ടിക്കാണി ക്കുന്നു.

ചില ആളുകൾ തങ്ങളുടെ തിന്മ പ്രവൃത്തികൾക്ക് പിശാചിന്റെ മേൽ പഴി ചാരുന്നു. അവരിലും എല്ലാ മാനവരാശിയിലും രൂഢമൂലമായിട്ടുള്ള പാപസ്വഭാവത്താലാണ് പാപം ചെയ്യുന്നത് എന്നും പറയുന്നു. യേശുവിന്റെ പരീക്ഷ ഈ വാദത്തെ എതിർക്കുന്നു; എന്തുകൊണ്ടെന്നാൽ അവന്റെ ഹൃദയവും വിചാരങ്ങളും ലവലേശം പാപമില്ലാത്തതായിരുന്നു. വേറെ വിധത്തിൽ പറഞ്ഞാൽ പരീക്ഷ അവന്റെ ഉള്ളിൽ നിന്ന് വന്നതല്ല എന്നാണ്. അതിന്റെ അർത്ഥം പരീക്ഷ പുറമേനിന്നുള്ള (അവന് വെളിയിൽ) ഒരു സാത്താന്യശക്തിയിൽനിന്നും ഉണ്ടായി എന്നാണ്. യേശു വളരെ വർഷങ്ങളായുള്ള ഒരുക്കം പൂർത്തിയാക്കിയശേഷം തന്റെ പരസ്യ ശുശ്രൂഷക്ക് തുടക്കമിടുന്നു. എന്നാൽ അഗ്നിശോധനയിലൂടെ കടന്ന് ആദ്യം ഒരു രക്ഷകനാകാനുള്ള യോഗ്യത ഉണ്ടെന്ന് തെളിയിക്കേണ്ടിയിരിക്കുന്നു. അപ്രകാരം ചെയ്തുകൊണ്ട് ഏദൻതോട്ടത്തിൽവെച്ച് നമ്മുടെ ആദ്യമാതാപിതാക്കന്മാർക്കു വാഗ്ദാനം ചെയ്ത പഴയ നിയമ പ്രവചനങ്ങൾ നിറവേറ്റേണ്ടതുണ്ടായിരുന്നു. “അവൻ (ക്രിസ്തു) നിന്റെ (സാത്താന്റെ ) തല തകർക്കും” (ഉൽപത്തി 3:15). ഒരു മനുഷ്യനും കീഴടക്കാൻ സാധിക്കാതിരുന്ന നിയമനിഷേധിയായ സാത്താനെ (പിശാചിനെ) അവൻ തോല്പിക്കേണ്ടിയിരിക്കുന്നു. അവനിൽ വിശ്വസിക്കുന്ന ഏവന്നും വിജയം വരിക്കാൻ സാധിക്കുന്ന ഏക വാതിൽ സാത്താനെ തോല്പിച്ചു കൊണ്ട് ക്രിസ്തു തുറക്കണം. യേശുവിനെ മരുഭൂമിയിലേയ്ക്ക് നടത്തി അവനെ ജയകിരീടം അണിയിച്ച ആ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ, ക്രിസ്തുവിന്റെ നാമത്തിൽ മാത്രമേ നമുക്കും വിജയിക്കാൻ സാധിക്കൂ.

എല്ലാ മാനവജാതികൾക്കുമുള്ള ഭൗമീക സാഹചര്യങ്ങൾക്ക് യേശുവും മനുഷ്യപുത്രൻ എന്ന

നിലയിൽ തന്നെത്താൻ ഏല്പിച്ചുകൊടുത്തു. മനുഷ്യന്റെ അനുഭവചക്രത്തിൽനിന്ന് അവനെയും ഒഴുവാക്കിയില്ല എല്ലാ ഉന്നതപർവ്വതങ്ങൾക്കും പിറകിൽ താഴ്ന്ന പ്രദേശങ്ങൾ ഉണ്ടായിരിക്കും. മഹാസന്തോഷത്തിനു ശേഷം മിക്കവാറും വലിയ ദുഃഖവും ഉണ്ടായിരിക്കും. അങ്ങനെ യേശുവും സ്നാനം കഴിഞ്ഞപ്പോൾ വളരെ ഉയർത്തപ്പെടുകയും അതീവ സന്തോഷമുള്ളവനാകുകയും ചെയ്തു. എന്നാൽ അതിന്നുമുമ്പ് അവന്റെ കഷ്ടതയുടേയും നിന്ദയുടേയും സമയം വന്നു; പരീക്ഷയുടെ മരുഭൂമിയിൽ അവൻ അകപ്പെട്ടു. മനുഷ്യനെ തോല്പിക്കുവാൻ അവന്റെ സന്തോഷംവരെ സാത്താൻ കാത്തിരിക്കുന്നു എന്ന് ബൈബിൾ പഠിപ്പിക്കുന്നു. ഇതു പരീക്ഷകനു കൂടുതൽ ആനന്ദത്തിനും വീണവനു വലിയ ദുഃഖത്തിനും കാരണമാകുന്നു. മോശെ, ഏലിയാവ്, പത്രൊസ്. ഈസ്ക്കർയ്യോത്ത യൂദാ മുതലായവർ സാത്താന്റെ ഇപ്രകാരമുള്ള പദ്ധതികൾക്ക് ഉദാഹരണമാണ്. പിശാച് മോശെയെ കോപമാകുന്ന പാപത്തിൽ വീഴാൻ ഇടയാക്കി. ഇത് അവന്നു വാഗ്ദത്തനാട്ടിലേക്കുള്ള പ്രവേശനം നിഷേധിച്ചു. മരുഭൂമിയിലുള്ള 40 വർഷത്തെ പീഢനങ്ങൾക്കുശേഷം അവന്റെ പ്രത്യാശയുടെ ഉത്തുംഗപദവി അവന്നു നിഷേധിക്കപ്പെട്ടു (സംഖ്യാപുസ്തകം 12:3, 20:8-13). കർമ്മേൽ പർവ്വതത്തിൽ രാജാവിന്റെ മേലും ബാൽദേവനെ ആരാധിച്ചിരുന്ന പുരോഹിതന്മാരുടെമേലും ഏലിയാവിന്നു വൻവിജയം ലഭിച്ചു. ഒരു ദിവസത്തിനുശേഷം നിരാശയാകുന്ന പാപത്തിലേക്ക് നിപതിക്കുവാൻ പിശാച് ഇടയാക്കി. അവൻ നിരാശ്രയനായി സീനായ് മരുഭൂമിയിലേക്ക് ഓടിപ്പോയി, മരിക്കാൻ പ്രാർത്ഥിച്ചുകൊണ്ട് അവന്റെ ശുശ്രൂഷയുടെ മുഖത്തുനിന്നും വളരെ അകലത്തിലായി (1 രാജാക്കന്മാർ 18:30-40, 19:1-10). യേശു പിത്രൊസിനെ അഭിനന്ദിച്ചപ്പോൾ അവൻ സ്വർഗ്ഗീയസീമയിലായെന്ന് വിചാരിച്ചു. പെട്ടെന്ന് അവൻ അഹങ്കാരമെന്ന പാപത്തി

ലേക്ക് താഴ്ന്നു. കുരിശിൽ കയറാതിരിക്കുംവിധം, ക്രിസ്തുവിനെ നിരുത്സാഹപ്പെടുത്താൻ സാത്താൻ അവനെ ഉപയോഗിച്ചു. ക്രിസ്തുവിലൂടെയുള്ള മാനവരാശിയുടെ വീണ്ടെടുപ്പിൻ ജോലിയാണ് അതെന്നു മനസ്സിലാക്കാതിരിക്കാനുള്ള സാത്താന്യ നിർദ്ദേശമാണ് ഇതെന്ന് അവൻ അറിഞ്ഞിരുന്നില്ല. അതുകൊണ്ട് യേശു അവനെ കർശക്കശമായി ശാസിച്ചുകൊണ്ടു പറഞ്ഞു: ‘‘സാത്താനെ, എന്നെ വിട്ടുപോ, നീ എനിക്കു ഇടർച്ചയാകുന്നു” (മത്തായി 16:13-23). ക്രിസ്തുവിന്റെകൂടെ പല വർഷങ്ങൾ ആത്മീയ സന്തോഷവും കൂട്ടായ്മയും അനുഭവിച്ചശേഷം ഈ ദുഷ്ട പരീക്ഷകനാൽ യൂദാസ്, അത്യാഗ്രഹം (ദ്രവ്യാഗ്രഹം) എന്ന ആഴത്തിലേക്ക് ഇറങ്ങിപ്പോയി. അവന്റെ പേര് ഇന്നുവരെ ലജ്ജാകരമായ ഒറ്റിക്കൊടുക്കലിന്റേയും അങ്ങേ അറ്റം ഹൃദയ കാഠിന്യ ത്തിന്റേയും പര്യായമായി നിലകൊള്ളുന്നു (അപ്പൊ. പ്ര1:15-20).

ക്രൂരസ്വേച്ഛാധിപതിയായ പിശാച് യേശുവി നോടും അതേ അടവ് പ്രയോഗിച്ചു. ബാപ്തിസ്മാക്ക് (സ്നാനം) ശേഷം തന്റെ പിതാവിന്റെ പ്രസാദത്തിലും, പരിശുദ്ധാത്മാവിന്റെ നിറവിലും അത്യന്തം യേശു സന്തോഷിച്ചിരുന്നു. അപ്പോൾ യേശുവിനെകൊണ്ട് പാപം ചെയ്യിക്കുവാൻ പൈശാചിക ആക്രമണം ഉണ്ടായി. 40 ദിവസം അവൻ വളരെ ശക്തിയോടുകൂടി പരീക്ഷിച്ചു കൊണ്ടിരിക്കുന്നു: ആക്രമിച്ചുകൊണ്ടിരുന്നു. അതിന്നുമുമ്പ് ആരെയും ശേഷിപ്പിക്കാതെ എല്ലാവരും നിലംപരി ചാകുന്നതുവരെ മനുഷ്യവർഗ്ഗത്തെ മുഴുവൻ അവൻ വീഴ്ത്തിയിരുന്നു. ഇവൾ അവൻ മറിയയുടെ പുത്രനെ തോല്പിക്കാമെന്ന് ആശിച്ചു. എന്തുകൊണ്ടെന്നാൽ ക്രിസ്തു ബാഹ്യമായെങ്കിലും അവന്റെ കൈയിലെ ഒരു നിസ്സാര ഇരയായി അവൻ കരുതി.

# യേശുവിന്റേയും ആദാമിന്റേയും പരീക്ഷണങ്ങളുടെ ഒരു താരതമ്യപഠനം

സങ്കല്പിക്കാമായിരുന്ന എല്ലാ സുഖ സൗകര്യങ്ങളും ഉണ്ടായിരുന്ന ഏദെൻ തോട്ടത്തിൽ വെച്ചു പിശാച് ഒന്നാമത്തെ ആദാമിനെ പരീക്ഷിച്ചു വീഴ്ത്തി. (അപ്പോൾ അവന്റെ ചുറ്റും പാപമോ ദ്രവത്വമോ ഇല്ലായിരുന്നു). എല്ലാ മൃഗങ്ങളും ഇണക്കത്തോടെ ആദാമിനെ അനുസരിക്കുന്നവ ആയിരുന്നു. രോഗം, ദുഃഖം, ക്ഷീണം മുതലായവ ആദാമിനു എന്താണെന്നറിയാൻ പാടില്ലായിരുന്നു. ദൈവം അവനെ ആക്കിയ സ്ഥലത്ത് അവൻ ഇരിക്കുന്നിടത്തോളം കാലം ഈ അനുഗൃഹീതാവസ്ഥയും ആനന്ദവും ഉണ്ടായിരിക്കുമെന്ന് അവന്നു അറിയാമായിരുന്നു.

പിശാച് രണ്ടാം ആദാമായ യേശുവിനെ യാതൊരു ഭൗതീക സുഖമോ ഭക്ഷണമോ ഇല്ലാതെ വന്യമൃഗങ്ങളാൽ ചുറ്റപ്പെട്ട ഒരു മരുഭൂമിയിൽ കണ്ടു. ആദാമിനെ അപേക്ഷിച്ചു അവന്റെ മുൻകാലങ്ങൾ അവൻ പാപികളുമൊത്താണ് കഴിച്ചുകൂട്ടിയത്. ഇതിനെല്ലാം ഉപരിയായി അവൻ വന്ന ഉദ്ദേശ്യത്തിനുവേണ്ടി നിലനിന്നാൽ ക്ഷീണവും, ദുരിതവും, പരിഹാസങ്ങളും, വലിയവേദനകളും, ഒടുവിൽ ക്രൂശുമരണവും ആയിരിക്കും ഫലമെന്ന് അവൻ നല്ലവണ്ണം അറിഞ്ഞിരുന്നു. ഈ സാഹചര്യത്തിൽ അവന്റെ തീരുമാനത്തിൽ നിന്ന് വ്യതിചലിക്കുന്നത് നിഷ്പ്രയാസം ആയിരുന്നു! ആ മുഭൂമിയിൽ അവന്റെ ചങ്ങാതികൾ വന്യമൃഗങ്ങൾ മാത്രമായിരുന്നു. ആദ്യത്തെ ആദാം വീട്ടുമൃഗങ്ങളുടേയും കാട്ടുമൃഗങ്ങളുടെയും യജമാനനായിരുന്നു എന്ന് ബൈബിളിൽ നിന്നും ഒരുവനു ഗ്രഹിക്കാം.

ആദാമിനോടുള്ള വന്യമൃഗങ്ങളുടെ ശത്രുത തന്റെ പാപത്തിന്റെ ഫലമായുണ്ടായതാണ്. യേശു വന്യമൃഗങ്ങളോടുകൂടി ആയിരുന്നു എന്ന് വായിക്കുമ്പോൾ ആ നഷ്ടപ്പെട്ട അധികാരം വീണ്ടെടുത്തതായി ഒരുവന് ഊഹിക്കാം ദാനിയേൽ സിംഹക്കൂട്ടിൽ എന്നപോലെ (ദാനിയേൽ6) അവന്റെ സംപൂജ്യമായ പരിശുദ്ധി അവരുടെ മൂർച്ചയേറിയ ദംഷ്ട്രങ്ങളിൽനിന്നും അവനെ രക്ഷിച്ചു. ക്രിസ്തുവിന്റെ പാപപരിഹാരബലിയുടെ ഒരു ഫലം കാലാന്തരത്തിൽ മൃഗവർഗ്ഗത്തിന്മേലുള്ള മനുഷ്യാധിപത്യത്തിന്റെ തിരിച്ചുവാങ്ങൽ കൂടി അന്നന്ന് ഊഹിക്കാവുന്നതാണ്. മതത്തിന്റെയും ധാർമ്മികതയുടേയും ഒരു വശമായ മൃഗങ്ങളോടുള്ള ദയ വീണ്ടും യാഥാർത്ഥ്യമായി.

യേശു നാല്പത് രാവും പകലും മരുഭൂമിയിൽ യാതൊന്നും ഭക്ഷിച്ചിരുന്നില്ല. പരീക്ഷകൻ അവന്റെ ശരീരക്ഷീണത്തെ ചൂഷണം ചെയ്ത് ശക്തിയേറിയ പരീക്ഷകളാൽ അവനെ തളർത്തുവാൻ തുടങ്ങി. യേശു മരുഭൂമിയിലായിരുന്നതു കൊണ്ട് അവിടെ ഭക്ഷണം കിട്ടുവാൻ സാധിക്കാതിരുന്നതിനാൽ യേശു ഉപവസിച്ചു എന്ന് നമുക്ക് മനസ്സിലാക്കാം. ആഹാരസാധനങ്ങൾ ലഭ്യമല്ലാത്ത ഒരു സ്ഥലത്തായിരുന്നത് കൂടാതെ അവൻ ആത്മീക കാര്യങ്ങളിൽ വ്യാപൃതനും ആയിരുന്നു. അതിനാൽ ഭക്ഷണത്തെപ്പറ്റി ചിന്തിക്കാൻ അവന് സമയം ലഭിച്ചിരുന്നില്ല. അവനെ അവിടേക്ക് നയിച്ച പരിശുദ്ധാത്മാവ് തന്നെ നടത്താതെ മരുഭൂമിവിട്ട് എന്തെങ്കിലും ഭക്ഷിക്കുന്നതിന് താൻ പുറപ്പെടുന്ന പ്രശ്നമേ ഇല്ല. ഈ വലിയ കാലയളവിൽ അവന് വിശപ്പ് തോന്നിയിരുന്നുമില്ലായെന്നും കരുതാവുന്നതാണ്.

പിശാച് ഹവ്വായെ പരീക്ഷിച്ചപ്പോൾ അവൻ ഒരു പാമ്പിന്റെ വേഷമെടുത്തു. എന്തുകൊണ്ടെന്നാൽ അവന്ന്

ഉപയോഗപ്പെടുത്തുവാൻ കഴിയുന്ന മനുഷ്യരാരും അവിടെ ഇല്ലായിരുന്നു. ഹവ്വായെ വശപ്പെടുത്തിക്കഴിഞ്ഞപ്പോൾ അവൻ പാമ്പിനെ വിട്ടു. വീഴ്ച സംഭവിച്ച മനുഷ്യവർഗ്ഗത്തെ ഇപ്പോൾ അവന്നു ഉപയോഗിക്കാം. നമുക്ക് ഏറ്റവും അടുത്തുള്ളവരെ പിശാച് ഉപയോഗിക്കുമ്പോൾ പരീക്ഷ വളരെ കഠിനമാണ്. അതിനാൽ ക്രിസ്തുവിനെ തന്റെ രക്ഷണ്യപ്രവൃത്തിയിൽ നിന്നും പിന്തിരിപ്പിക്കുവാൻ പിശാച് തന്റെ ശിഷ്യന്മാരിൽ പ്രധാനിയായ ശിമോൻ പത്രൊസിനെ ഉപയോഗിച്ചു (മർക്കൊസ് 8:33).

സാത്താൻ ഏത് രൂപത്തിലാണ് ക്രിസ്തുവിന് പ്രത്യക്ഷപ്പെട്ടതെന്നതിനെപ്പറ്റി തിരുവചനം ഒന്നും വെളിപ്പെടുത്തുന്നില്ല. അവൻ ഒരു പൈശാചിക രൂപത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കാൻ ഇടയില്ലെന്ന് ന്യായമായി ഊഹിക്കാം. അങ്ങനെയെങ്കിൽ യേശു അവനോട് തിരിച്ച് യുദ്ധം ചെയ്യുമായിരുന്നു. (മിക്കവാറും പിശാച് വ്യക്തിപരമായി പ്രത്യക്ഷപ്പെടാനാണ് സാദ്ധ്യത). യേശുവിന്ന് ആന്തരിക പാപം ഒന്നും ഇല്ലാതിരുന്നതിനാൽ പരീക്ഷ സ്വന്തം ഹൃദയത്തിൽ നിന്നും വരുവാൻ സാധ്യമല്ല. സാത്താൻ സാധാരണ ഒരു മനുഷ്യനായി പ്രത്യക്ഷപ്പെട്ട് മരുഭൂമിയിൽവെച്ച് യേശുവിനെ സമീപിച്ചു. ഈ ഊഹം ശരിയാണെങ്കിൽ ക്രിസ്തുവിന്റെ വിശപ്പിൽ അവൻ ആശ്ചര്യം പ്രദർശിപ്പിച്ചിരിക്കും, കാരണം മനുഷ്യന്റെ അടിസ്ഥാന ആവശ്യമായ 'ഭക്ഷണം' നൽകാതെ പരിശുദ്ധാത്മാവ് യേശുവിനെ മരുഭിമിയിലേക്ക് വഴി നടത്തിയിരിക്കുന്നു. ദൈവപുത്രൻ എന്നുള്ള നിലയിൽ അവന്റെ ആവശ്യങ്ങൾ സൗകര്യമായി നിറവേറ്റാൻ എത്ര എളുപ്പമായിരിക്കുമെന്ന് അപ്പോൾ അവൻ വിനയപുരസ്സരം ചോദിച്ചിരിക്കാം. എന്തുകൊണ്ടെന്നാൽ തന്റെ ഇഷ്ടപ്രകാരം കല്ലുകളെ ഉണ്ടാക്കിയവനു അവയെ മറ്റേത് രൂപത്തിൽ മാറ്റുന്നതിനും

സാധിക്കുമല്ലോ? യേശു അങ്ങനെ ചെയ്യാതിരുന്നതിനാൽ മരുഭൂമിയിൽ സ്വർഗ്ഗസ്ഥനായ പിതാവ് ഒന്നും ഭക്ഷിക്കാൻ നൽകിയില്ലെന്ന് വരികയും, താൻ വാസ്തവത്തിൽ ദൈവപുത്രൻ തന്നെയാണോ എന്ന സംശയം ഉദിപ്പിക്കുകയും ചെയ്യും. അങ്ങനെയുള്ള പിതാവിന്റെ കല്പനകൾക്കായി യേശു തുടർന്നും കാത്തിരിക്കുന്നത് ആശ്ചര്യമെന്ന നിലയിൽ ചിന്താക്കുഴപ്പം ഉണ്ടാകുമല്ലോ. മാത്രമല്ല, ദൈവീക സംരക്ഷണത്തേയും പിതാവിന്റെ സ്നേഹത്തേയും കുറിച്ച് ന്യായമായി സംശയിക്കുവാനും പിറുപിറുക്കുവാനും ഇടയാകും. ഇതായിരുന്നു സാത്താന്റെ അന്തർഗതം.

യേശു തന്റെ വിശപ്പ് ശമിപ്പിക്കുന്നതിനായി എന്തുകൊണ്ടാണ് സാത്താന്റെ വാക്കുകേട്ടു കല്ല് അപ്പമാക്കാതിരുന്നത് എന്ന് നാം ചോദിച്ചേക്കാം. ക്രിസ്തുവിന്റെ ഹൃദയത്തിൽ നടുവാൻ സാത്താൻ ആഗ്രഹിച്ച പാപം ഏതാണ്? പിശാചിൽനിന്ന് വന്നതുകൊണ്ട് മാത്രം ഈ നിർദ്ദേശം യേശു തള്ളികളഞ്ഞു എന്നുപറയാൻ ആർക്കും സാധ്യമല്ല. പരീക്ഷ ഏത് സ്ഥാനത്തുനിന്നുത്ഭവിച്ചാലും യേശു പരീക്ഷകനെ തള്ളിക്കളഞ്ഞില്ല, പരീക്ഷയെയാണ് തള്ളിക്കളഞ്ഞത്. ഈ പരീക്ഷകളുടെ യഥാർത്ഥ നില എന്തായിരുന്നാലും ക്രിസ്തുവിന്റെ മറുപടിയിൽനിന്നും എതിർപ്പിൽനിന്നും നമുക്ക് നല്ല അറിവും പാഠവും ആണ് ലഭിക്കുന്നത്. തന്റെ കാര്യങ്ങളെല്ലാം തിരുവെഴുത്തുകളിൽ അടിസ്ഥാനപ്പെട്ടതും, മറുപടികൾ അവയിൽനിന്നും നൽകിയവയുമായിരുന്നു.

യേശുവിന്റെ ആദ്യത്തെ ഉത്തരം: “ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു.” ഒരു അധികാരിയെപ്പോലെയല്ല, പിന്നെയോ, ന്യായപ്രമാണത്തിനു കീഴ്പ്പെട്ട് അനുസരിക്കുന്ന ഒരു സാധാരണ മനുഷ്യനെപ്പോലെ

പ്രതികരിച്ച് അവൻ ലോകത്തിനും സാത്താനും തന്നെത്തന്നെ കാണിക്കുകയായിരുന്നു. തിരുവെഴുത്തുക ളുദ്ധരിച്ചതിനാൽ ധാർമ്മികമായ എല്ലാ കാര്യത്തിലും അവസാന തീരുമാനം തിരുവെഴുത്തുകളാണ് എടുക്കേ ണ്ടതെന്നു ഉറപ്പിക്കുകയായിരുന്നു. താത്ത്വിക വാദങ്ങൾ കൊണ്ട് യേശുവിന് പരീക്ഷകനോട് ഉത്തരം പറയാമാ യിരുന്നു. എന്നാൽ അവൻ പറഞ്ഞു: "തിരുവെഴു ത്തുക ളിൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു." ധാർമ്മിക വാഗ്വാദ ങ്ങളിൽപോലും ദൈവവചനത്തിന്റെ ശക്തി അവൻ കാണിക്കുകയായിരുന്നു. ദൈവവചനം ഇരുവായ്ത്തല യുള്ള വാളുപോലെയാണ്. അതുപയോഗിച്ചു മനുഷ്യന് ഏറ്റവും വലിയ ശത്രുവായ പിശാചിനെ കീഴടക്കാം. ഈ ആയുധം യേശു ഉപയോഗിച്ചു. അത് എല്ലാവർക്കും ലഭ്യമാണ്. അതുപയോഗിച്ച് ഒരുവന് സാത്താന്റെ മേൽ വിജയം കൈവരിക്കാം.

യേശു ദൈവപുത്രനാണെന്നു പരീക്ഷകൻ അംഗീകരിക്കാനുള്ള മറ്റൊരു കാരണം ദൈവപുത്രനെ തോല്പിച്ചാൽ തന്റെ വിജയത്തിലുള്ള സംതൃപ്തി അത്രക്ക് വലുതായിരിക്കുമല്ലോ എന്നതായിരുന്നു. സാത്താന്നു വലിയ ബുദ്ധിയുണ്ടായിരുന്നെങ്കിലും യേശു ദൈവപുത്രൻ മാത്രമായിരുന്നെങ്കിൽ വിശക്കുകയോ അപ്പം ഭക്ഷിക്കുകയോ ചെയ്യുമായിരുന്നില്ല എന്ന കാര്യം അവന്നു മനസ്സിലായില്ല. അവനെ പരീക്ഷിക്കാനും സാധ്യമായിരു ന്നില്ല. മനുഷ്യപുത്രൻ എന്ന നിലയിൽ യേശു സാത്താനെ അഭിമുഖീകരിച്ചപ്പോൾ ഈ വ്യാമോഹം തകർന്നുപോയി. താൻ ദൈവ പുത്രനാണെന്ന് ക്രിസ്തു മനുഷ്യരെ ഓർമ്മിപ്പിച്ചിരുന്നില്ല. സുവിശേഷത്തിൽ 10 പ്രാവശ്യം മാത്രം 'ദൈവപുത്രൻ' എന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ താൻ 'മനുഷ്യപുത്രൻ' എന്ന് 50 പ്രാവശ്യം പറഞ്ഞിരി ക്കുന്നു. പരീക്ഷാസമയത്ത് യേശുവിന്റെ ദൈവീകസ്വഭാവം

തന്റെ മനുഷ്യസ്വഭാവത്തെ സഹായിച്ചിരുന്നുവെങ്കിൽ തന്റെ മാനുഷികസ്വഭാവം പരീക്ഷയെ നേരിടുന്നതിന് അപര്യാപ്തമായിരുന്നു എന്നുവരും. അങ്ങനെയെങ്കിൽ നമ്മെപ്പോലെ എല്ലാ പരിശോധനകളാലും, പരീക്ഷിക്കപ്പെട്ടവൻ എന്നും മനുഷ്യരാശിക്ക് താൻ മാതൃക ആയിരുന്നുവെന്നും പറയാൻ സാധിക്കുമായിരുന്നില്ല. അവന്റെ അനുയായികൾക്ക് ചെയ്യാൻ സാധിക്കാത്തതെന്നും ഈ പരീക്ഷാവേളയിൽ താനും ചെയ്തില്ല. കല്ലിനെ അപ്പമാക്കാൻ വിസമ്മതിച്ചത് അതിനു തക്കതായ ഒരു കാരണമാകുന്നു. കൂടാതെ വിശപ്പിന്റെ കാഠിന്യം തനിയെ അനുഭവിക്കാനും യേശു ആഗ്രഹിച്ചു, എന്തുകൊണ്ടെന്നാൽ ലോകത്തിലെ വളരെയധികം ആളുകളുടെ അവസ്ഥ ഇത് തന്നെയാണല്ലോ.

ആദ്യത്തെ പരീക്ഷ ദൈവത്തെ സംശയിക്കുന്നതായി പിശാച് ഹവ്വയിൽ ഉപയോഗിച്ച അതേ സൂത്രം തന്നെ ആയിരുന്നു. അവളുടെ സൃഷ്ടി കർത്താവിൽ നിന്നും സ്വതന്ത്രയാകാൻ അവൾ ആഗ്രഹിച്ചു. എന്തെന്നാൽ ഏദൻ തോട്ടത്തിന്റെ നടുക്കുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുതെന്ന് അവൻ ആജ്ഞാപിച്ചിരുന്നു (ഉൽപത്തി 3:3). ആഹാരത്തിന്റേയും വെള്ളത്തിന്റേയും കാര്യത്തിൽ സാത്താൻ മരുഭൂമിയിൽവച്ച് യിസ്രായേൽ ജനതയെകൊണ്ട് പിറുപിറുപ്പിക്കുകയും ചോദ്യം ചെയ്യിക്കയും ചെയ്തതിനാൽ ഈ സൂത്രം തന്നെ ആണ് ഉപയോഗിച്ചത് (പുറപ്പാട് 16:3). എന്നിരുന്നാലും തനിക്ക് ജീവിക്കുന്ന ദൈവവചനം ഉള്ളതുകൊണ്ട് താൻ വിശപ്പുള്ളവനായിരിക്കുമ്പോൾ തന്റെ പിതാവിനോട് പിറുപിറുക്കുകയില്ലെന്ന് യേശു സാത്താനു കാണിച്ചുകൊടുത്തു. തന്നെ സംബന്ധിച്ചിടത്തോളം ഭൗതിക ആഹാരത്തെക്കാൾ തിരുവചനത്തിന്നായിരുന്നു പ്രാധാന്യം. യേശു തന്റെ പിതാവിന്റെ ഇഷ്ടത്തിന്നു വിരോധ

മായി സ്വതന്ത്രമായി പെരുമാറുകയോ, വിശപ്പ് ഒഴിവാക്കുകയോ ചെയ്യുകയില്ല. താൻ എല്ലാം ദൈവത്തിന്റെ നിർദ്ദേശപ്രകാരമേ ചെയ്യുകയുള്ളൂ. വേറൊരവസരത്തിൽ ഇതേ ആശയം അവൻ പ്രകടിപ്പിച്ചിട്ടുണ്ട്. അവൻ പറഞ്ഞു: "എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്തു അവന്റെ പ്രവൃത്തി തികക്കുന്നതുതന്നെ എന്റെ ആഹാരം" (യോഹന്നാൻ 4:34).

ഈ പരീക്ഷയിൽകൂടി യേശു തന്റെ വ്യക്തിപരമായ ആവശ്യങ്ങളിൽ ആദ്യം ശ്രദ്ധിക്കണമെന്ന് സാത്താൻ ആഗ്രഹിച്ചു. യേശു തന്റെ സ്വന്തം ആവശ്യത്തിനുവേണ്ടി ആദ്യത്തെ അത്ഭുതം ചെയ്തിരുന്നെങ്കിൽ അത് സാത്താന് ഒരു വൻവിജയം ആകുമായിരുന്നു; അത് തന്റെ രക്ഷണ്യപ്രവർത്തനത്തെ ബാധിക്കുമായിരുന്നു. കാരണം ക്രിസ്തു മറ്റുള്ളവർക്കുവേണ്ടിയല്ല തനിക്കുവേണ്ടി തന്നെ ജീവിക്കുന്നവനാണെന്നുവരുമായിരുന്നു. ക്രിസ്തു തന്റെ അത്ഭുതപ്രവൃത്തികൾ എല്ലാം ചെയ്തതിന്റെ ഉദ്ദേശം മറ്റുള്ളവരുടെ നന്മക്കായിട്ടായിരുന്നു; തന്റെ ശത്രുക്കളുടെ പോലും, ഗത്സമന തോട്ടത്തിൽതന്നെ പിടിക്കാൻ ചെന്നവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന മഹാപുരോഹിതന്റെ ദാസനായ മൽക്കൊസിന്റെ ഛേദിക്കപ്പെട്ട ചെവി അവൻ സൗഖ്യമാക്കി (ലൂക്കൊസ് 22:51). തന്നെ പ്രസാദിപ്പിക്കുന്നതിന്നായും, തനിക്കുവേണ്ടിയും യാതൊരത്ഭുതവും അവൻ ചെയ്തില്ല. പൌലോസിന്റെ വാക്കുകൾ എത്ര സത്യമായിരിക്കുന്നു. "ക്രിസ്തു തന്നിൽതന്നെ ................ പ്രസാദിച്ചില്ല" (റോമർ 15:31). താൻ ക്രൂശിൽ തൂങ്ങിക്കിടന്നപ്പോഴും തന്റെ ശത്രുക്കളുടെ പരിഹാസവും നിന്ദയും തന്റെ ത്യാഗത്തെ ഉറപ്പിച്ചു. ''അവൻ മറ്റുള്ളവരെ രക്ഷിച്ചുവല്ലോ. ദൈവം തെരഞ്ഞെടുത്ത ക്രിസ്തു എങ്കിൽ തന്നത്താൻ രക്ഷിക്കട്ടെ.'' (ലൂക്കൊസ് 23:35) എന്ന് പ്രധാനികളും പരിഹസിച്ചു പറഞ്ഞു. അവന്റെ അനുയാ

യികൾക്കുള്ള ആദ്യത്തെ നിർദ്ദേശം സ്വയത്യാഗമായിരുന്നു. അവന്റെ കല്പനകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നായിരുന്നു, "മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ, അതോടുകൂടി ഇതൊക്കെയും നിങ്ങൾക്കു കിട്ടും" എന്നുള്ളത്.

തന്റെ വാക്കുകളിൽകൂടിയും പ്രവൃത്തിയിൽ കൂടിയും യേശു സ്വാർത്ഥതയെ അപലപിച്ചു. പരീക്ഷകൻ ഭൗതികകാര്യങ്ങളെ ആത്മീയ കാര്യങ്ങൾക്കു മുന്നിൽ വെക്കുവാൻ ആഗ്രഹിക്കും; ആ വിധത്തിൽ ജനങ്ങളെ പ്രീതിപ്പെടുത്തി ഒരു വലിയ ജനസഞ്ചയത്തെ അനുയായികളാക്കി മാറ്റാൻ സാധിക്കും. അവന്നു പെട്ടെന്നു ദൃശ്യമായ വിജയം ലഭിക്കാൻ സാധിക്കും. യേശു ഈ സൂത്രം നിഷേധിച്ചു. എന്തെന്നാൽ അവന്റെ ആദർശം ഇതായിരുന്നു: "നശിച്ചുപോകുന്ന ആഹാരത്തിന്നായിട്ടല്ല, നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിന്നായിട്ടു തന്നെ പ്രവർത്തിപ്പിൻ; അതു മനുഷ്യപുത്രൻ നിങ്ങൾക്കു തരും. അവനെ പിതാവായ ദൈവം മുദ്രയിട്ടിരിക്കുന്നു" (യോഹന്നാൻ 6:27). ഈ വാക്കുകളിൽ എല്ലാക്കാലത്തും എല്ലാ സ്ഥലത്തുമുള്ള മനുഷ്യരാശിയെ, ശരീരത്തിന്റെ ശുശ്രൂഷക്കല്ല, ആത്മാവിന്റെ ശുശ്രൂഷക്കു മുൻഗണന കൊടുക്കണമെന്ന് യേശു പഠിപ്പിച്ചു. യഥാർത്ഥസ്നേഹം ശരീരത്തിന്നല്ല, ആത്മാവിന്നത്രേ ഗുണം ചെയ്യുന്നത്. ഭൗതീക ആവശ്യങ്ങൾ നിറവേറ്റുന്നത് അനശ്വരമായ മനുഷ്യാത്മാവിനെ സേവിക്കുന്നതിനുള്ള ഉപാധി മാത്രമായിരിക്കണം. സാത്താൻ നമുക്ക് എതിരായി നയിക്കുന്ന എല്ലാ യുദ്ധങ്ങളുടേയും മദ്ധ്യത്തിൽ നമ്മേപ്പോലെ പരീക്ഷിക്കപ്പെടുകയും നമുക്കായി വിജയം വരിക്കയും ചെയ്തവൻ നമ്മുടെ കൂടെയുണ്ട്. പരീക്ഷണഘട്ടങ്ങളിൽ അവന്റെ സാമീപ്യത്തെപ്പറ്റിയുള്ള ബോധം നമുക്കുണ്ടെങ്കിൽ ശത്രുവിന്മേൽ അവൻ നമുക്കു വിജയം തരും. നമുക്ക്

അപ്പൊസ്തലനായ പൗലോസിനെപ്പോലെ സന്തോഷിക്കുന്നതിനും പാടുന്നതിനും സാധിക്കും. "നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ജയം നൽകുന്ന ദൈവത്തിനു സ്തോത്രം" (1 കൊരിന്ത്യർ 15:57).

യേശു ആദ്യത്തെ പരീക്ഷയിൽ വിജയം വരിച്ചു. അവൻ തന്റെ വിശപ്പിനുവേണ്ടി കല്ലിനെ അപ്പമാക്കാൻ വിസമ്മതിച്ചു. അവൻ ഈ പരീക്ഷയെ അതിജീവിച്ച് പറഞ്ഞത്: "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽ നിന്നുവരുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു" എന്നാണ്. രണ്ടാമത്തെ പരീക്ഷണം ശാരീരികാസക്തി, "പിന്നെ സാത്താൻ അവനെ വിശുദ്ധ നഗരത്തിൽ കൊണ്ടുപോയി ദൈവാലയത്തിന്റെ അഗ്രത്തിന്മേൽ നിർത്തി അവനോടു: നീ ദൈവപുത്രനെങ്കിൽ താഴത്തോട്ടു ചാടുക. നിന്നെക്കുറിച്ച് 'അവൻ തന്റെ ദൂതന്മാരോടു കല്പിക്കും; അവൻ നിന്റെ കാൽ കല്ലിനോടു തട്ടാതവണ്ണം നിന്നെ കയ്യിൽ താങ്ങിക്കൊള്ളും' എന്ന് എഴുതിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു. യേശു അവനോട്: 'നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുതു' എന്നുകൂടെ എഴുതിയിരിക്കുന്നു എന്നു പറഞ്ഞു (മത്തായി 4:5-7).

യേശുവിനെ ആദ്യം പരീക്ഷിച്ചപ്പോൾ പിശാച് തോല്പിക്കപ്പെട്ടുവെങ്കിലും അവൻ സൂത്രശാലി ആയിരുന്നതുകൊണ്ട് എളുപ്പം പിന്മാറിയില്ല. അവൻ വേറെവിധത്തിൽ വീണ്ടും ആക്രമിക്കാൻ തുടങ്ങി. അവന്റെ ലഘുവായ സമീപനം നിർത്തിയിട്ട് കുറച്ചുകൂടെ തന്ത്രപരമായ അടവെടുത്തു. ഓരോ വിജയവും മറ്റൊരു വിജയത്തിലേക്കു നയിക്കുന്നു എന്ന് അവനറിയാമിരുന്നതുകൊണ്ട് ക്രിസ്തുവിന്നു പിതാവുമായുള്ള ഐക്യതയേയും "ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു" എന്നുള്ള അവന്റെ അനുസരണത്തേയും അവൻ വിലമതിച്ചു. യേശു

ഭൗതീകകാര്യങ്ങളെക്കാൾ ആത്മീകകാര്യങ്ങൾക്ക് മുൻഗണനന കൊടുത്തിരുന്നതായി അവനു തോന്നുകയാലും ഭൗതീകമായി യാതൊരു നന്മയും ലഭിക്കുമായിരുന്നില്ലെങ്കിലും അവന്റെ ശരീരത്തിനു ഹാനി സംഭവിക്കുന്ന വിധത്തിൽ പിശാച് പരീക്ഷിക്കുന്നു. മതപരമായി വലിയ കോളിളക്കം സൃഷ്ടിക്കുന്ന ഒരു കാര്യം ചെയ്യാൻ അവൻ യേശുവിനോട് പറഞ്ഞു. അത് സ്വയത്യാഗത്തിന്റെയും ശുശ്രൂഷയുടേയും ഒരു വലിയ പ്രദർശനമായിരിക്കും. ദൈവാലയത്തിൽ കൂടിവന്ന എല്ലാ ദൈവജനങ്ങൾക്കും അവൻ യഥാർത്ഥത്തിൽ ദൈവപുത്രനാണെന്നു ബോധ്യപ്പെടുകയും ചെയ്യും. ആദ്യത്തേയും രണ്ടാമത്തേതുമായ പരീക്ഷണങ്ങളിൽ ഉള്ള ഒരേ ഒരു ഐകരൂപ്യം "നീ ദൈവപുത്രൻ എങ്കിൽ" എന്നുള്ള പദപ്രയോഗമാകുന്നു.

സുവിശേഷം പറയുന്നു, യേശുവിനെ പിശാച് വിശുദ്ധനഗരമായ യെരുശലേമിലേക്ക് കൂട്ടിക്കൊണ്ടു പോയി ദൈവാലയത്തിന്റെ അഗ്രത്തിന്മേൽ നിറുത്തി എന്ന്. അവൻ പറഞ്ഞു: "നീ ദൈവപുത്രനെങ്കിൽ താഴേക്ക് ചാടുക; നിന്നേക്കുറിച്ച് അവൻ തന്റെ ദൂതന്മാരോടു കല്പിക്കും; അവൻ നിന്റെ കാൽ കല്ലിനോടു തട്ടാതെ വണ്ണം നിന്നെ കൈയിൽ താങ്ങിക്കൊള്ളും." പിശാച് വെളിച്ചദൂതന്റെ രൂപം എടുത്തതായിരിക്കാനാണ് സാധ്യത. പൌലൊസ് സാത്താനെ ഈ വിധത്തിൽ ചിത്രീകരിക്കുന്നു: "സാത്താൻ താനും വെളിച്ച ദൂതന്റെ വേഷം ധരിക്കുന്നുവല്ലോ" (2 കൊരിന്ത്യർ 11:4). "നിന്റെ കാൽ കല്ലിൽ തട്ടിപ്പോകാതിരിക്കേണ്ടതിന് അവർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും" (സങ്കീ. 91:12) എന്ന് സങ്കീർത്തനങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന സംരക്ഷ ചെയ്യുന്ന ഒരു ദൈവദൂതനേപ്പോലെ പ്രത്യക്ഷപ്പെട്ടു. ഈ ഉയർന്ന സ്ഥലത്തുനിന്നും യേശു താഴോട്ടു ചാടിയാൽ പോലും താൻ (സാത്താൻ) സംരക്ഷണത്തിനായി

എത്തിയിരിക്കുന്നു എന്ന് പ്രസ്താവിക്കുന്നതുപോലെ. യേശു ഇപ്രകാരം ചെയ്യുമെങ്കിൽ താൻ ദൈവത്തിങ്കൽ നിന്ന് വന്നവനാണെന്ന് പുരുഷാരത്തോടും ലോക ത്തോടും തെളിയിക്കുകയും ചെയ്യാം. ക്രിസ്തുവിന്റെ മറുപടിയിൽനിന്ന് ആ പരീക്ഷയുടെ സ്വഭാവം നമുക്കു മനസ്സിലാക്കാം. അവൻ പറഞ്ഞു: "നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുതു എന്നു കൂടി എഴുതിയി രിക്കുന്നു." ബൈബിളിൽ ഒരുടത്ത് പറഞ്ഞിട്ടുള്ളത് അതിന്റെ മറുഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നവയുടെ വെളിച്ചത്തിൽ ആയിരിക്കണം വ്യാഖ്യാനിക്കാനെന്ന് ഈ പ്രതികരണത്തിൽനിന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. തിരുവെഴുത്തുകൾ തന്നെയാണ് അവയുടെ ഏറ്റവും നല്ല വ്യാഖ്യാതാക്കൾ. ഒരു വിഷയത്തെപ്പറ്റി മറ്റു വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നതനുസരിച്ചു വേണം ആ വിഷയത്തെപ്പറ്റി ഒരു വാക്യം നാം മനസ്സിലാക്കേണ്ടത്. ഇതാണ് വിശ്വാസ യോഗ്യമായ ബൈബിൾ വ്യാഖ്യാനത്തിന്റെ താക്കോൽ. ഒരു വാക്യത്തെ ആ സന്ദർഭത്തിൽനിന്നു എടുത്തുമാറ്റി ആക്ഷരികമായി കാണുന്നത് പല അപകടകരമായ തെറ്റുക ളിലേക്കും നയിക്കുമെന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്നു.

പൊതുജനങ്ങളുടെ സാന്നിദ്ധ്യത്തിൽ ദൈവം തനിക്ക് നൽകിയിട്ടുള്ള ശക്തിയിൽ അഭിമാനം കൊള്ളുന്നതിന് സാത്താൻ രണ്ടാമത്തെ പരീക്ഷയിൽകൂടി യേശുവിനെ പ്രേരിപ്പിച്ചു. എന്നിരുന്നാലും തിരുവെഴുത്തു കളുടെ പൊരുളും അതിലെ ഉള്ളടക്കവും തക്കതായ കാരണം കൂടാതെ മനുഷ്യർ ശരീരത്തെ ഹാനികരമായ വിധത്തിൽ ആക്കുവാൻ ദൈവം അനുവദിക്കുന്നില്ല എന്ന് കാണിക്കുന്നു. ആ അവസ്ഥയിൽ ദൈവത്തിന്റെ സംരക്ഷണം പ്രതീക്ഷിക്കുന്നത് തെറ്റാണ്. ഒരു മനുഷ്യൻ തന്റെ അഹങ്കാരം കൊണ്ടോ പ്രശസ്തി കാംഷിച്ചു കൊണ്ടോ അനാവശ്യമായി കുഴപ്പത്തിൽ ചാടിയതിന്റെ

ശേഷം ദൈവത്തോടു സംരക്ഷണം ചോദിക്കുന്നത് ന്യായമല്ല. തീർച്ചയായും ഈ രംഗം കർത്താവിന്ന് ഒരു പരീക്ഷയായിരുന്നു. പാപയാഗമായി തന്റെ ശരീരം ഏല്പിച്ചുകൊടുക്കുന്ന സമയം വരുന്നതുവരെ യേശു തന്റെ ജീവിതകാലത്ത് അപകടങ്ങൾ ഒഴിവാക്കിയിരുന്നു. ഈ പരീക്ഷയുടെ മറ്റൊരു പ്രത്യേകത ജനങ്ങൾ തന്നിൽ വിശ്വസിക്കുന്നതിന് മായാജാലം പോലെ തോന്നത്തക്ക വിധം ഒരു പ്രവൃത്തി ചെയ്യുന്നതിനു പിശാച് യേശുവിനോടു പറഞ്ഞു. സത്യത്തിന്റെ ശക്തിയിലല്ല അത്ഭുതത്തിന്റെ ശക്തിയിൽ, ഹൃദയത്തിന്റെ ബോധ്യത്തിലല്ല, ബുദ്ധിയുടെ പ്രേരണയാൽ, തന്റെ ചുറ്റുപാടുമുള്ളവരെ പഠിപ്പിക്കേണ്ടതിനുപകരം ഉജ്ജ്വല പ്രഭയാൽ കണ്ണഞ്ചിപ്പിക്കുകയായിരിക്കും അപ്രകാരം ചെയ്യുന്നതുകൊണ്ട് അവൻ സാധിക്കുന്നത്. യേശുവിന്റെ ആഗ്രഹത്തിൽ നിന്ന് വ്യതിചലിപ്പിക്കുന്നതിൽ പിശാച് വിജയിച്ചിരുന്നുവെങ്കിൽ എന്തുമാത്രം അതിശയ പ്രവൃത്തികൾ ആളുകൾ കണ്ടിരുന്നാലും മനുഷ്യന്റെ മേലുള്ള ആധിപത്യം അവനു തുടർന്നുകൊണ്ടു പോകാൻ കഴിയുമായിരുന്നു!

പരീക്ഷകൾ തനിക്കുവേണ്ടി വെച്ച കണിയിൽ യേശു വീണില്ല. അതേ, അതിനുശേഷം അനേകം അത്ഭുതങ്ങൾ അവൻ ചെയ്യുവാൻ പോകുകയായിരുന്നു. എന്നാൽ അവയൊന്നും പ്രശസ്തിക്കുവേണ്ടിയോ അവനിൽ ആളുകൾ വിശ്വസിക്കുന്നതിനുവേണ്ടിയോ ആയിരുന്നില്ല. വിശ്വാസികളെ അവരുടെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനുവേണ്ടി ഈ അത്ഭുതങ്ങൾ അവൻ ചെയ്യുകയായിരുന്നു. മനുഷ്യരാശിക്ക് അവനിലുള്ള വിശ്വാസം തന്റെ ശക്തിയെ ആശ്രയിക്കാതെ സത്യത്തിന്റെ ഉന്നതാധികാരത്തെ ആശ്രയിച്ചിരിക്കണം, അവന്റെ പരിശുദ്ധ സ്വഭാവം മൂലം അവനോടുള്ള സ്നേഹത്താലായിരിക്കണം. മതത്തിന്റെ ഇരിപ്പിടം

തലയല്ല, പിന്നയോ ഹൃദയമാണ്. അവരുടെ ഹൃദയം സ്പർശിക്കപ്പെട്ടില്ലെങ്കിൽ മനുഷ്യർ ദൈവത്തിന്റെ പ്രകാശം ഒരിക്കലും കാണുകയില്ല. സ്വർഗ്ഗത്തിൽ നിന്നും അടയാളങ്ങൾ കാണിക്കാനുള്ള യഹൂദന്മാരുടെ അഭ്യർത്ഥനയെ അതുകൊണ്ടാണ് യേശു എപ്പോഴും നിരസിച്ചത്.

മൂന്നാമത്തെ പരീക്ഷ - ബഹുദൈവവിശ്വാസം. "പിന്നെ പിശാച് അവനെ ഏറ്റവും ഉയർന്നോരു മലമേൽ കൂട്ടിക്കൊണ്ടുപോയി ലോകത്തിലുള്ള സകല രാജ്യങ്ങളേയും അവയുടെ മഹത്വത്തേയും കാണിച്ചു. വീണു എന്നെ നമസ്കരിച്ചാൽ ഇതൊക്കെയും നിനക്കു തരാം എന്ന് അവനോടു പറഞ്ഞു. യേശു അവനോടു സാത്താനേ, എന്നെ വിട്ടുപോ; നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ'' എന്നു എഴുതിയിരിക്കുന്നുവല്ലോ എന്നുപറഞ്ഞു. അപ്പോൾ പിശാച് അവനെ വിട്ടുപോയി, ദൂതന്മാർ അടുത്തുവന്നു അവനെ ശുശ്രൂഷിച്ചു" (മത്തായി 4:8-11).

പിശാച് തന്റെ ലഘുവും തന്ത്രപരവുമായ രണ്ടുപരീക്ഷകളിലും തോറ്റപ്പോൾ അവൻ കുറേക്കൂടെ ധൈര്യം അവലംബിക്കുന്നു. പിന്നീട് അവന്റെ നിലപാട് (ആവശ്യം) മാറ്റുന്നതായി നാം കാണുന്നു. ന്യായപ്രമാണത്തിൽ നിരോധിക്കപ്പെട്ടത് - അതായത് സാത്താനെ നമസ്കരിക്കുവാൻ അവൻ ക്രിസ്തുവിനെ നിർബ്ബന്ധിക്കുന്നു. അതിനുപകരമായി വില നിർണ്ണയിക്കാൻ പറ്റാത്ത പലതും അവൻ വാഗ്ദാനം ചെയ്യുന്നു. നമുക്ക് മനസ്സിലാക്കാൻ സാധിക്കാത്തവിധം പിശാച് യേശുവിനെ ഒരു ഉയർന്ന മലയിലേക്കു കൂട്ടിക്കൊണ്ടുപോയി. ക്ഷണനേരം കൊണ്ട് ലോകത്തിലെ സകല സാമ്രാജ്യങ്ങളേയും അവയുടെ മഹത്വത്തേയും

അവിടെ നിന്നും കാണിച്ചു. എന്നിട്ടു പറയുന്നു: "വീണു എന്നെ നമസ്കരിച്ചാൽ ഇതൊക്കെയും നിനക്കുതരാം" (മത്തായി 4:9).

ഇതിനു ക്രിസ്തു നല്കിയ മറുപടിയിൽ നിന്ന് പിശാച് നുണ പറഞ്ഞു എന്നതിന്റെ – അവന്റെ വാഗ്ദാനം തെറ്റായിരുന്നുവെന്നതിന്റെ – ഒരു ചെറിയ സൂചനപോലും നമുക്ക് ലഭിക്കുന്നില്ല. വാസ്തവത്തിൽ പിശാചിനോട് തന്റെ വാഗ്ദാനം നിവർത്തിക്കുന്നതിന് ആവശ്യപ്പെടാമായിരുന്നു. എന്നാൽ പിശാച് ആവശ്യപ്പെട്ടത് അവൻ നിരസിച്ചു. എന്തുകൊണ്ടെന്നാൽ ആരാധനക്ക് യോഗ്യൻ ദൈവം മാത്രമാകുന്നു. ആരാധന ഹൃദയത്തിൽ നിന്നു വരാതെ കപടഭക്തിയിൽ ആണെങ്കിൽ അതു സ്വീകാര്യമല്ല. തിന്മമൂലം നന്മ സമ്പാദിക്കുവാൻ യേശു അനുവാദം കൊടുക്കുന്നില്ല. ഇത് എല്ലായ്പ്പോഴും പിശാചിന്റെ വേലയാണ്. ഇത് ദൈവത്തിന്റെ യഥാർത്ഥ അനുഗ്രഹങ്ങളെ നേടുന്നതിൽ നിന്നും വിട്ടുവീഴ്ചക്കാരനെ പിന്തിരിപ്പിക്കുന്നു.

മൂന്നാമത്തെ ഈ സാത്താന്യ പരീക്ഷ ലോക മഹത്വത്തെ ആഗ്രഹിക്കുവാൻ യേശുവിനെ നിർബന്ധിക്കുന്നു. യേശുവിന്റെ അപ്പൊസ്തലന്മാരും യോഹന്നാൻ സ്നാപകനും ഈ മേഖലയിൽ പരീക്ഷിക്കപ്പെട്ടു. യേശു സ്ഥാപിക്കുന്ന ഒരു ഐഹിക സാമ്രാജ്യത്തെ അവർ പ്രതീക്ഷിക്കുകയും ആഗ്രഹിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ, ഇതാ, യഹൂദന്മാരുടെ ഈ സ്വപ്നം അവനിൽ നിറവേറ്റുവാൻ പിശാച് ആഗ്രഹിക്കുന്നു. ഇത് എല്ലാ ഉപദ്രവങ്ങളിൽ നിന്നും, പരിഹാസങ്ങളിൽ നിന്നും, ക്രൂശുമരണത്തിലെ കഷ്ടതകളിൽ നിന്നും യേശുവിനെ രക്ഷിക്കുന്നതുമായിരുന്നു. കൂടാതെ സാത്താനെ സ്ഥാനത്ത് നിന്നും നീക്കി ഭൂമിയിലുള്ള തന്റെ അവസാനത്തെ

ആധിപത്യം സ്ഥാപിക്കുന്നതിനുവേണ്ടി ശതാബ്ദങ്ങളായി കാത്തിരിക്കുന്ന കാലവിളംബം ഒഴിവാക്കുകയും ചെയ്യാമായിരുന്നു. അങ്ങനെ വളരെ പെട്ടെന്ന് അനായാസേന തന്റെ ഉദ്ദേശ്യം നിറവേറ്റുന്നതായി യേശുവിന്ന് തോന്നുകയും ചെയ്യും.

എതിർപ്പോ വെറുപ്പോ കൂടാതെ തന്നെ നമസ്കരിക്കുന്നതിനുള്ള ചിന്തയുമായി പിശാച് ഇവിടെയും യേശുവിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടത് വളരെ കൗശലത്തോടുകൂടിയാണ്. എന്നിട്ടും പരിശുദ്ധനായ ദൈവപുത്രൻ മതപരമായി നിരോധിക്കപ്പെട്ട ഒരു കാര്യം ചെയ്യുവാൻ സാത്താൻ നിർദ്ദേശിക്കുന്നത് അവനെ സംബന്ധിച്ചിടത്തോളം ധൈര്യം തന്നെ ആയിരുന്നു. അത് അവന്റെ ആത്മാവിന്റെ വീണുപോയ അവസ്ഥയെ വെളിവാക്കുന്നു. അതിനാൽ ക്രിസ്തു അവനെ കർശനമായി ശാസിച്ചു പറഞ്ഞത്: “സാത്താനേ, എന്നെ വിട്ടു പോ” എന്നാണ്. ഈ വാക്കുകൾ പറഞ്ഞുവെങ്കിലും തന്റെ ഉദ്ദേശ്യം യേശു സാത്താന്നു വെളിപ്പെടുത്തി. എന്തുകൊണ്ടെന്നാൽ അവൻ വീണ്ടും മോശെയുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ‘‘നിന്റെ ദൈവമായ യഹോവയെ ഭയപ്പെട്ടു അവനെ സേവിക്കേണം; അവന്റെ നാമത്തിൽ സത്യം ചെയ്യേണം” (ആവർത്തനങ്ങൾ 6:13) എന്ന് പറഞ്ഞു.

യേശു പിശാചിനോടു പോകാൻ ആജ്ഞാപിച്ചുവെങ്കിലും അവൻ കുറച്ചു സമയത്തേക്ക് മാത്രമേ പോയുള്ളൂ. തിന്മയുടെ പ്രഭുവിന്മേലുള്ള നീതി സൂര്യന്റെ വിജയം തീരുമാനിക്കപ്പെട്ടപ്പോൾ, പിശാച് തോറ്റോടിയപ്പോൾ സ്വർഗ്ഗീയ സൈന്യത്തിന്റെ ശ്രദ്ധ വെളിപ്പെട്ടു. ദൈവദൂതന്മാർ അവരെ ശുശ്രൂഷിക്കാനായി വന്നു എന്ന് നാം വായിക്കുന്നു. അവർ അവന്റെ വിജയത്തിൽ സ്വർഗ്ഗീയ

ബഹുമതി നൽകി. അവനിലുള്ള ദൈവീക പ്രസാദ ത്തെപ്പറ്റി അറിയിച്ചു. പിശാചിനെ തോല്പിച്ച ദൈവ കുമാരനെ ശുശ്രൂഷിക്കുവാൻ അവർ എന്തുമാത്രം സന്തോഷമുള്ളവരായിരുന്നിരിക്കണം.

ആ മരുഭൂമിയിൽ മൂന്നു വിധത്തിലുള്ള പരീക്ഷ കളെ യേശു അഭിമുഖീകരിച്ചു. ശാരീരികാസക്തിയും കൺമോഹവും ജീവനത്തിന്റെ പ്രതാപവും. ശരീരത്തിന്റെ പരീക്ഷ ഭൗതീകമായിരുന്നു, ഭക്ഷണത്തെ സംബന്ധി ച്ചുള്ളതായിരുന്നു. കണ്ണിന്റെ പരീക്ഷ മാനസികമായിരുന്നു, മനുഷ്യരെ വികാരപരമായ ഒരു ഉന്നതിയിലേക്കു ആകർഷിക്കുന്നതായിരുന്നു. ജീവനത്തിന്റെ പ്രതാപം സംബന്ധിച്ച പരീക്ഷണം ആത്മീകമായിരുന്നു, അതിന്റെ ഉദ്ദേശ്യം ലോകത്തിന്റെ ശക്തിയും മേന്മയും മഹത്വവും സമ്പാദിക്കുക എന്നുള്ളതായിരുന്നു. നമ്മുടെ പരീക്ഷക ളിൽ നമ്മോടു സഹതാപം കാണിക്കുന്നതായി യേശുവും പാപമൊഴികെ സകലത്തിലും നമ്മെപ്പോലെ പരീക്ഷിക്ക പ്പെട്ടവനാണ്. അതിനാൽ യേശുവും ശക്തീകരിക്ക പ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്തു. യേശു വിന്റെ ശക്തിക്ക് പിതാവ് സാക്ഷി നിന്നു, എന്തുകൊണ്ടെ ന്നാൽ അവന്റെ ആദ്യത്തെ പരീക്ഷ ക്രിസ്തു കല്ലിനെ അപ്പമാക്കണമെന്നുള്ളതായിരുന്നു – അത് അതിൽ തന്നെ ചീത്തയല്ലല്ലോ? എന്നിട്ടും യേശു അതിന് കീഴ്പ്പെടുമെന്നു പിശാച് ആശിച്ചു. പിന്നീട് ക്രമേണ കൂടുതൽക്കൂടുതൽ ദുഷ്ടത നിറഞ്ഞ തന്റെ പദ്ധതികളിലേക്കു അവനെ ആകർഷിച്ചു വീഴ്ത്താമെന്നായിരുന്നു സാത്താന്റെ തന്ത്രം. മരുഭൂമിയിൽ വെച്ചുള്ള യേശുവിന്റെ പരീക്ഷ അവന്റെ മൂന്നാമത്തെ സ്നാനം ആണെന്നു നാം കരുതുന്നു. വെള്ളത്താലും പരിശുദ്ധാത്മാവിനാലും ഉള്ള സ്നാന ത്തിനുശേഷം പറഞ്ഞിരിക്കുന്ന തീയാലുള്ള സ്നാനം. രക്തത്താലും ക്രൂശിനാലുമുള്ള നാലാമതൊരു സ്നാന ത്തിൽ കൂടെ അവനു കടന്നുപോകേണ്ടതുണ്ടായിരുന്നു.

ആദ്യത്തെ ആദാം പരീക്ഷിക്കപ്പെട്ട് പരാജയ മടഞ്ഞപ്പോൾ മനുഷ്യരാശിയെ മുഴുവൻ പ്രതിനിധാനം ചെയ്തു. അവനും അവന്റെ സന്തതി പരമ്പരകളെല്ലാം നരകം അർഹിക്കുന്നവരാണ്. രണ്ടാം ആദാമായ ക്രിസ്തുവും മനുഷ്യരാശിയെ പ്രതിനിധാനം ചെയ്യുന്നു. അവൻ പരീക്ഷിക്കപ്പെട്ടപ്പോൾ സ്ഥിരതയോടുകൂടി നിന്നതുകൊണ്ട് അവന്റെ അനുയായികൾക്കു സ്വർഗ്ഗ ത്തിൽ പ്രവേശനം അവൻ സാധ്യമാക്കിത്തീർത്തു. ആദ്യ ത്തെ ആദാമിന്റെ തോല്‌വിയാൽ ഏദൻ തോട്ടം ഒരു മണലാരണ്യമായിത്തീർന്നു; രണ്ടാമത്തെ ആദാമിന്റെ സഹനശക്തിയാൽ ആ മണലാരണ്യം പറുദീസയായി മാറി. തിന്മയുടെ മരുഭൂമി നീതിയുടെ പറുദീസ ആയി മാറി. വെറുപ്പിന്റെ മണലാരണ്യം സമാധാനത്തിന്റെ പറുദീസയായി മാറി, ദൈവകോപത്തിന്റെയും നിത്യ ശിക്ഷാ വിധിയുടെയും മരുഭൂമി ദൈവപ്രസാദത്തിന്റെ യും കരുണയുടെയും നിത്യജീവന്റെയും പറുദീസയായി. ദൈവത്തിനെതിരെയുള്ള ശത്രുതയുടെ മരുഭൂമി ദൈവ ത്തിന്റെ പുത്രത്വത്തിന്റെ പറുദീസയായി, നാശത്തിന്റെയും നിരാശയുടെയും മരുഭൂമി രക്ഷയുടെയും പ്രത്യാശയു ടെയും പറുദീസയായി മാറി.

***"നീ നിന്റെ ദൈവമായ***
***കർത്താവിനെ നമസ്കരിച്ച്***
***അവനെ മാത്രമേ ആരാധിക്കാവൂ"***

*(മത്തായി 4:10).*

* * *

# II

# യേശു തന്റെ ആദ്യശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നു

"പിറ്റെന്നാൾ യോഹന്നാൻ പിന്നെയും തന്റെ ശിഷ്യന്മാരിൽ രണ്ടുപേരുമായി അവിടെ നിൽക്കുമ്പോൾ കടന്നുപോകുന്ന യേശുവിനെ നോക്കീട്ട്. ഇതാ, ദൈവത്തിന്റെ കുഞ്ഞാട് എന്നു പറഞ്ഞു. അവൻ പറഞ്ഞതു ആ രണ്ടു ശിഷ്യന്മാർ കേട്ടു. യേശുവിനെ അനുഗമിച്ചു. യേശു തിരിഞ്ഞു അവർ പിന്നാലെ വരുന്നതു കണ്ട് അവരോടു: നിങ്ങൾ എന്തു അന്വേഷിക്കുന്നു എന്നു ചോദിച്ചു. അവർ: റബ്ബീ, എന്നു വെച്ചാൽ ഗുരോ, നീ എവിടെ പാർക്കുന്നു എന്നു ചോദിച്ചു. അവൻ അവരോട്: വന്നു കാണ്മിൻ എന്നു പറഞ്ഞു. അങ്ങനെ അവൻ വസിക്കുന്ന ഇടം അവർ കണ്ടു. അന്നു അവനോടു കൂടെ പാർത്തു, അപ്പോൾ ഏകദേശം പത്താം മണി നേരമായിരുന്നു. യോഹന്നാൻ പറഞ്ഞതു കേട്ട് അവനെ അനുഗമിച്ച രണ്ടുപേരിൽ ഒരുത്തൻ ശീമോൻ പത്രോസിന്റെ സഹോദരനായ അന്ത്രയോസ് ആയിരുന്നു. അവൻ തന്റെ സഹോദരനായ ശീമോനെ ആദ്യം കണ്ട് അവനോടു: ഞങ്ങൾ മശിഹായെ, എന്നു വെച്ചാൽ ക്രിസ്തുവെ, കണ്ടെത്തിയിരിക്കുന്നു എന്നു പറഞ്ഞു. അവനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു; യേശു അവനെ നോക്കി : നീ യോഹന്നാന്റെ പുത്രനായ ശീമോൻ ആകുന്നു, നിനക്കു കേഫാ എന്നുപേരാകും എന്നു പറഞ്ഞു. അതു പത്രോസ് ആകുന്നു (യോഹന്നാൻ 1:35–42).

യോഹന്നാൻ സ്നാപകൻ തന്റെ രണ്ടു ശിഷ്യന്മാരുമായി നിൽക്കുമ്പോൾ യേശു വരുന്നതുകണ്ട്:

“ഇതാ, ദൈവത്തിന്റെ കുഞ്ഞാട്” എന്ന് അവൻ പറഞ്ഞു. ഈ രണ്ടു പേരിൽ ഒരാൾ ബത്ത്സയിദ പട്ടണത്തിൽ നിന്നുള്ള അന്ത്രയോസ് ആയിരുന്നു. അതു വടക്കു തിബര്യാസ് തടാകത്തിന്റെ തീരത്തുള്ള വടക്കേ ഗലീല യിലുള്ള ഒരു പട്ടണമാകുന്നു. യോഹന്നാൻ സ്നാപകന്റെ ശിഷ്യനാകുവാൻ അവൻ വളരെ ദൂരത്തുനിന്നും വന്നവനാകുന്നു. രണ്ടാമൻ ബത്ത്സയിദായിൽ നിന്നു തന്നെയുള്ള സെബദിയുടെ പുത്രനായ യോഹന്നാൻ ആയിരുന്നു.

ക്രിസ്തുവിനെപ്പറ്റി അവരുടെ ഗുരുവായ സ്നാപ കനിൽ നിന്നും മുമ്പേ അവർ എന്തു കേട്ടു എന്നു നമുക്കറി ഞ്ഞുകൂടാ. പക്ഷേ യേശുവാണു ദൈവത്തിന്റെ കുഞ്ഞാട് എന്ന് അവൻ പറയുന്നത് അവർ കേട്ടു. പിറ്റേദിവസം യേശു തന്റെ അടുക്കലേക്കു വരുന്നത് കണ്ടിട്ടു പറഞ്ഞു: “ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്!” (യോഹന്നാൻ 1:29). യേശു കടന്നുപോകുന്ന തു കണ്ടിട്ട് അവൻ പറഞ്ഞു: “ഇതാ, ദൈവത്തിന്റെ കുഞ്ഞാട്” (യോഹന്നാൻ 1:36). ഈ നാമം യെശയ്യാ പ്രവാചകന്റെ വാക്കുകളുമായി യോജിക്കുന്നു.

> ***“തന്നെത്താൻ താഴ്ത്തി വായെ തുറക്കാതെയിരു ന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു; കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെ യിരിക്കുന്ന ആടിനെപ്പോലെയും അവൻ വായെ തുറക്കാതിരുന്നു”.***
>
> *(യെശയ്യാവ് 53:7).*

യോഹന്നാൻ സ്നാപകൻ ഒരു പുരോഹിതന്റെ മകനായിരുന്നു. പുരോഹിതന്റെ പ്രത്യേക ജോലി ദൈവാ

ലയത്തിൽ ആടുകളെ ബലി കഴിക്കുക എന്നതായിരുന്നു. ആ യാഗം ഊനമറ്റതായിരിക്കണം. യേശുവാണ് ദൈവത്തിന്റെ പുത്രൻ എന്ന് യോഹന്നാൻ പറഞ്ഞപ്പോൾ അവൻ സൂചിപ്പിച്ചത് യേശുവാണ് പൂർണ്ണതയുള്ളവനും ഊനമറ്റവനും ആണെന്നായിരുന്നു. ഉന്നതനായ ഈ ഏകാന്തപഥികൻ പരിശുദ്ധാത്മനിറവുള്ള ഒരു പ്രസംഗക നായിരുന്നു. ലോകസ്ഥാപനത്തിനു മുമ്പേ മുന്നറിയപ്പെട്ട വനായ ദൈവകുഞ്ഞാടിന്റെ (1 പത്രൊ. 1:20). യാഥാർ ത്ഥ്യവും പൊരുളുമായ യാഗത്തിന്റെ വെറും നിഴലുകൾ മാത്രമായിരുന്നു ദൈവാലയത്തിലെ മൃഗബലികൾ. മൃഗ ബലികൾ പാപത്തെ കഴുകി വെടിപ്പാക്കുന്നതിന് മതിയാ യതല്ലെന്ന് അവൻ അറിഞ്ഞിരുന്നു. എന്തുകൊണ്ടെന്നാൽ ക്രിസ്തുവാകുന്ന ദൈവകുഞ്ഞാടിന്റെ യാഗം മൂലം സാധിക്കേണ്ടതാണത്.

യേശുക്രിസ്തുവിനെപ്പറ്റി സ്നാപകൻ സാക്ഷീക രിച്ചതിന്റെ ഫലം നല്ലവണ്ണം തെളിവായി. അന്ത്രയോസും യോഹന്നാനും ഒന്നും പറയാതെ ഉടൻതന്നെ യേശുവിനെ അനുഗമിച്ചു. യേശു അതു കണ്ടിട്ടു തിരിഞ്ഞ് അവരോടു ചോദിച്ചു: “നിങ്ങൾ എന്തു അന്വേഷിക്കുന്നു” (യോഹന്നാൻ 1:38). തന്നെ അനുഗമിക്കാനായി കടന്നു വരുന്ന എല്ലാവരോടും ഈ ചോദ്യം ക്രിസ്തു സാധാ രണയായി ചോദിക്കുന്നു. അവനെ അനുഗമിക്കുന്നവരുടെ ഉദ്ദേശ്യങ്ങൾ വ്യത്യസ്തങ്ങളാകയാൽ അതനുസരിച്ച് അവരോട് ഇടപ്പെടേണമായിരുന്നു. അവനെ അനുഗമി ക്കാൻ വന്ന ചിലരോടു അവൻ ഒരിക്കൽ പറഞ്ഞു: “ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ അടയാളം കണ്ടതുകൊണ്ടല്ല, അപ്പം തിന്നു തൃപ്തരായതു കൊണ്ടത്രേ എന്നെ അന്വേഷിക്കുന്നത്” (യോഹന്നാൻ 6:26). അതുകൊണ്ടാണ് അവൻ അവരെ ശിഷ്യരായി അംഗീകരിക്കാതിരുന്നത്.

അന്ത്രയോസും യോഹന്നാനും യേശുവിന്റെ ചോദ്യത്തിനു ബഹുമാനത്തോടും ശ്രദ്ധയോടും കൂടി മറുപടി നൽകി. അവർ തക്കസമയത്താണ് അവനെ കേൾക്കുന്നതിന്നും അവനിൽ നിന്നും പഠിക്കുന്നതിനും വന്നതെന്നു തോന്നി. അവർ പറഞ്ഞു: "ഗുരോ, നീ എവിടെ പാർക്കുന്നു?" (യോഹന്നാൻ 1:38). യേശു വസിക്കുന്ന ഇടം ഉടനെ അവരോടു പറഞ്ഞില്ല, എന്തുകൊണ്ടെന്നാൽ ആ സ്ഥലം ചെന്നു കാണുവാൻ ആയിരുന്നു. അവർ ഉടൻ പുറപ്പെടേണ്ടതിന്ന് – അവർ മാത്രമല്ല, നാമോരോരുത്തരും – യേശുവിനെ അനുഗമിക്കുവാൻ താൻ ആഗ്രഹിക്കുന്നു. അവനെ അനുഗമിക്കുവാൻ കാലവിളംബം വരുത്തുന്ന വരെ അവൻ തള്ളിക്കളയുന്നു. അവനെ യഥാവിധി അനുഗമിക്കാൻ അവൻ ആളുകളെ നിർബന്ധിക്കുന്നു. അല്ലെങ്കിൽ അവൻ അവരെ സ്വീകരിക്കുകയില്ല. അവൻ അന്ത്രയോസിനോടും യോഹന്നാനോടും പറഞ്ഞു: "വന്നു കാണ്മിൻ". അവർ അവനെ അനുസരിച്ചപ്പോൾ ദിവസം മുഴുവൻ അവനോടുകൂടെ താമസിക്കാൻ അനുവദിക്കുന്നു. ഇതുതന്നെയാണ് ഇപ്പോഴും ഉള്ള ദൈവീകരീതി. വേറൊരുത്തൻ സാക്ഷീകരിക്കുന്നതുകൊണ്ടല്ല പ്രത്യുത തന്റെ ജീവിതത്തിൽ അനുഭവിക്കുന്നതുകൊണ്ടാണ് ഒരുവൻ ക്രിസ്തുവിൽ ആകുന്നത്. ദാവീദ് പറയുന്നു: "യഹോവ നല്ലവനെന്നു രുചിച്ചറിവിൻ, അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ". ഇതു അവനവൻ സ്വന്ത ജീവിതത്തിൽ അനുഭവമാക്കേണ്ടിയിരിക്കുന്നു (സങ്കീർത്തനങ്ങൾ 34:8).

ക്രിസ്തുവിനെ കണ്ടുമുട്ടിയതിനുശേഷം അന്ത്ര യോസിന്റെയും യോഹന്നാന്റെയും ജീവിതത്തിൽ പൂർണ്ണ മായ മാറ്റമുണ്ടായി. അന്ത്രയോസ് അത്രമാത്രം പ്രസിദ്ധനാ യിരുന്നില്ലെങ്കിലും അവന്റെ സഹോദരനായ ശീമോനെ

അവൻ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. ശീമോന്നും സ്നാപകന്റെ ഒരു ശിഷ്യനായിരിക്കാനാണ് സാധ്യത. അവനെ കണ്ടുപിടിക്കുംവരെ അന്ത്രയോസ് അവനെ തിരയുകയായിരുന്നു. തന്റെ സ്നേഹിതനായ യോഹന്നാൻ മൂലം കണ്ടുകിട്ടിയ ഒരു വലിയ നിധിയെപ്പറ്റി അവൻ അവനോടു പറഞ്ഞു. "ഞങ്ങൾ മശീഹായെ കണ്ടെത്തിയിരിക്കുന്നു" (യോഹന്നാൻ 1:41). ഈ വാക്കുകൾ രക്ഷാവഴിയെ കുറിക്കുന്നു. യേശുവിനെ കണ്ടവൻ എല്ലാം കണ്ടിരിക്കുന്നു. അവന്നു വേറൊരാളിന്റെ ആവശ്യമില്ല. യേശുവിനെപ്പറ്റി ദാവീദ് പറഞ്ഞത് ഇപ്രകാരമാണ്: "യഹോവ എന്റെ ഇടയനാകുന്നു; എനിക്കു മുട്ടുണ്ടാകയില്ല" (സങ്കീർത്തനങ്ങൾ 23:1). അവനാണ് വഴിയും സത്യവും ജീവനും (യോഹന്നാൻ 14:6). ഇത് മൂന്നും കണ്ടെത്തിയവർ, എല്ലാം കണ്ടെത്തിയിരിക്കുന്നു. വാക്കുകൾ കൊണ്ടു മാത്രം അന്ത്രയോസ് തൃപ്തിപ്പെട്ടില്ല, അവൻ പ്രവൃത്തികളാൽ അതു തെളിയിച്ചു. എന്തുകൊണ്ടെന്നാൽ അവൻ തന്റെ സഹോദരനെ യേശുവിന്റെ അരികിലേക്കു നയിച്ചു. യഥാർത്ഥത്തിൽ ക്രിസ്തുവിനെ കണ്ടവരെല്ലാവരും മറ്റുള്ളവരെയും ക്ഷണിച്ചു ക്രിസ്തുവിങ്കലേക്കു കൊണ്ടുവരുന്നതിന്നു ബദ്ധപ്പെടേണം. അന്ത്രയോസ് തന്റെ സഹോദരനെ കൂട്ടിക്കൊണ്ടുവന്നതുപോലെ ഏറ്റവും അടുത്തുള്ളവരിൽ നിന്നും തുടങ്ങണം.

ശീമോനെ കണ്ടപ്പോൾ തന്നെ യേശു അവനെ അറിഞ്ഞു. വാസ്തവത്തിൽ അവനെ കാണുന്നതിന്നു മുമ്പേ തന്നെ അവന്റെ ഗുണങ്ങളേയും കഴിവുകളേയും ഭാവിയേയും പറ്റി യേശു അറിഞ്ഞിരുന്നു. ആദ്യത്തെ കൂടിക്കാഴ്ചയിൽ തന്നെ അവൻ അവന്നൊരു പുതിയ പേര് നൽകി - പത്രൊസ് (ഗ്രീക്ക്) അഥവാ കേഫാ

(സിറിയക്ക്). രണ്ടിന്റേയും അർത്ഥം പാറ എന്നാണ്. പരിശുദ്ധാത്മാവിൽ നിറയുന്നതുവരെ പത്രോസ് ഈ പേരിന്നർഹനല്ലായിരുന്നു. തന്റെ പേരിനനുയോജ്യമായ വിധത്തിൽ കഴിവുകൾ പ്രദർശിപ്പിക്കുവാൻ പരിശുദ്ധാത്മാവ് പത്രോസിനെ നിറച്ചു. ***"പിറ്റേന്നാൾ യേശു ഗലീലക്കു പുറപ്പെടുവാൻ ഭാവിച്ചപ്പോൾ ഫിലിപ്പോസിനെ കണ്ടു, "എന്നെ അനുഗമിക്ക" എന്നു അവനോടു പറഞ്ഞു. ഫിലിപ്പോസ് അന്ത്രയോസിന്റെയും പത്രോസിന്റെയും പട്ടണമായ ബത്ത്സയിദയിൽ നിന്നുള്ളവൻ ആയിരുന്നു. അവൻ നഥനയേലിനെ കണ്ട് അവനോടു: ന്യായപ്രമാണത്തിൽ മോശെയും പ്രവാചകന്മാരും എഴുതിയിരിക്കുന്നവനെ കണ്ടെത്തിയിരിക്കുന്നു; അവൻ യോസേഫിന്റെ പുത്രനായ യേശു എന്ന നസറേത്തുകാരൻ തന്നെ എന്നുപറഞ്ഞു. നഥനയേൽ അവനോട്: നസറേത്തിൽ നിന്നു വല്ല നന്മയും വരുമോ എന്നുപറഞ്ഞു. ഫിലിപ്പോസ് അവ നോടു: വന്നു കാൺക എന്നു പറഞ്ഞു. നഥനയേൽ തന്റെ അടുക്കൽ വരുന്നത് യേശു കണ്ടു. ഇതാ, സാക്ഷാൽ യിസ്രായേല്യൻ; ഇവനിൽ കപടമില്ല എന്നു അവനെക്കുറിച്ചു പറഞ്ഞു. നഥനയേൽ അവനോട് : എന്നെ എവിടെവെച്ചു അറിയും എന്നു ചോദിച്ചതിന് ഫിലിപ്പോസ് നിന്നെ വിളിക്കും മുമ്പേ നീ അത്തിയുടെ കീഴിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു എന്നു യേശു ഉത്തരം പറഞ്ഞു. നഥനയേൽ അവനോട് : റബ്ബീ, നീ ദൈവപുത്രൻ, നീ യിസ്രായേലിന്റെ രാജാവു എന്നു ഉത്തരം പറഞ്ഞു. യേശു അവനോടു ഞാൻ നിന്നെ അത്തിയുടെ കീഴിൽ കണ്ടു എന്നു നിന്നോടു പറക കൊണ്ടു നീ വിശ്വസിക്കുന്നുവോ. നീ ഇതിനെക്കാൾ***

***വലിയതു കാണും എന്നു ഉത്തരം പറഞ്ഞു. ആമേൻ ആമേൻ ഞാൻ നിന്നോടു പറയുന്നു: സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രന്റെ അടുക്കല് ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും എന്നും അവനോടു പറഞ്ഞു" (യോഹന്നാൻ 1:43-51).***

ശീമോൻ ഉടനെ അന്ത്രയോസിനോടും യോഹന്നാനോടും കൂടെ ചേർന്നു. അവർ മൂവരും യേശുവിന്റെ ശിഷ്യന്മാരായി. ബത്ത്സയിദയിലേക്കുള്ള ക്രിസ്തുവിന്റെ സന്ദർശനോദ്ദേശ്യം പൂർത്തീകരിക്കപ്പെട്ടു. പിറ്റേ ദിവസം യേശു തന്റെ സ്വന്തം പട്ടണത്തിലേക്കുപോകാൻ തയ്യാറായി - ഗലീലയിലേക്കു അവൻ പുറപ്പെടുന്നതിനു മുമ്പു നാലാമതൊരു ശിഷ്യനെ വിളിച്ചു, ഫിലിപ്പിനെ. അവനും ബത്ത് സയിദയിൽനിന്നുള്ളവനായിരുന്നു. യേശു അവനെ കണ്ടിട്ട് പറഞ്ഞു: ''എന്നെ അനുഗമിക്ക'' (യോഹന്നാൻ 1:42). ക്രിസ്തീയ വിശ്വാസത്തിലുള്ള പൊതുവായ ഒരു തത്വം "ചോദിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും, അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ നിങ്ങൾക്കു തുറന്നു കിട്ടും" എന്നാണ് (മത്തായി 7:7). യിരമ്യാ പ്രവാചകനിൽ കൂടി ഈ തത്വം ഉറപ്പിക്കയും ചെയ്തു. "നിങ്ങൾ എന്നെ അന്വേഷിക്കുകയും കണ്ടുമുട്ടുകയും ചെയ്യും. നിങ്ങൾ പൂർണ്ണ ഹൃദയത്തോടെ അന്വേഷിക്കുമെങ്കിൽ" (യിരമ്യാവ് 29:13) എന്നാൽ ഈ തത്ത്വത്തിന് തെളിവുകൾ ഉണ്ട്, മത്തായിയും ഫിലിപ്പും അതിൽപ്പെട്ടവരാണ്. അവരെ സംബന്ധിച്ചിടത്തോളം യെശയ്യാ പ്രവാചകന്റെ വാക്കുകൾ അന്വർത്ഥമായി.

***''എന്നെ ആഗ്രഹിക്കാത്തവർ എന്നെ അന്വേഷിപ്പാൻ ഇടയായി; എന്നെ അന്വേഷിക്കാത്തവർക്കു എന്നെ കണ്ടെത്തുവാൻ സംഗതി വന്നു;***

***എന്റെ നാമം വിളിച്ചപേക്ഷിക്കാത്ത ജാതിയോടു: ഇതാ ഞാൻ, ഇതാ ഞാൻ എന്നു ഞാൻ പറഞ്ഞു" (യെശയ്യാവു 65:1)***

ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ നേടുന്നതിനുള്ള വാഞ്ഛ അന്ത്രയോസിനും ഫിലിപ്പിനും ഉടനെയുണ്ടായി. ഫിലിപ്പു തന്റെ പ്രത്യേക സ്നേഹിതനായി, ഗലീലയിലെ കാനാവിലുള്ള നഥനയേലിനെ കണ്ട് അവനോടു മോശെയുടെ ന്യായപ്രമാണത്തിലും പ്രവചാകന്മാരുടെ എഴുത്തുകളിലും സൂചിപ്പിച്ചിരുന്ന മശീഹാ യേശു ആണെന്നു പറഞ്ഞു (യോഹന്നാൻ 1:45). മശീഹാ നസറേത്തിൽ നിന്ന് ഒരിക്കലും വരികയില്ലെന്ന് ചിന്തിച്ചിരുന്നതുകൊണ്ട് ഇത് അവൻ വിശ്വസിച്ചില്ല. നസറെത്ത് എന്നു പറയുന്നത് കുപ്രസിദ്ധമായ ഒരു പട്ടണവും അവിടുത്തെ ആളുകൾ അത്രയ്ക്ക് ദുഷ്ടന്മാരും ആയിരുന്നു; ആ പട്ടണം ഗണ്യമാക്കേണ്ടതില്ലായിരുന്നു. നഥനയേൽ ഫിലിപ്പിനോട് അവിടെനിന്ന് എന്തെങ്കിലും നന്മ വരുമോ എന്ന് എതിർത്തു ചോദിച്ചു. "വന്നു കാണ്മിൻ" (യോഹന്നാൻ 1:46) എന്നവൻ പറഞ്ഞു. ഒരു വാഗ്വാദത്തിലേക്കു പ്രവേശിക്കുന്നതിനേക്കാൾ യേശുവിനെ നേരിട്ടു കാണുന്നതാണു നല്ലതെന്ന് അവന്നു മനസ്സിലായി. മതപരമായ കാര്യങ്ങളിൽ തർക്കിക്കുന്നതുകൊണ്ടു പ്രയോജനമില്ല, ചിലപ്പോൾ ഹാനികരവുമാണ്. ഒരു വിശ്വാസിയുടെ വായിൽ നിന്നുള്ള ഏറ്റവും വലിയ സാക്ഷ്യം "വന്നു കാണ്മിൻ" എന്നതാണ്. (യോഹന്നാൻ 1:39). ആ രണ്ടു ശിഷ്യന്മാരോട് "വന്നു കാണ്മിൻ" എന്നു യേശു പറഞ്ഞപ്പോൾ പരിശുദ്ധാത്മാവ് യേശുവിൽ കൂടെ സംസാരിക്കുകയായിരുന്നു. അവൻ ഫിലിപ്പോസിൽക്കൂടി അതേ വാക്കുകൾ ഉപയോഗിച്ചു ഈ ക്ഷണം നഥനയേലിനു നന്നേ ബോധിച്ചു; അതിനുവേണ്ടി കൂടുതൽ തെളിവുകൾ ആവശ്യമില്ലായിരുന്നു. ഫിലിപ്പിന്റെ സത്യസന്ധതയിലും ഉറപ്പിലും അവന്നു പൂർണ്ണ വിശ്വാസമുണ്ടാ

യിരുന്നു. യേശുവിനെ വ്യക്തിപരമായി കാണുവാൻ അവൻ സമ്മതിച്ചു. നഥനയേലിന്റെ പശ്ചാത്തലവും സ്വഭാവഗുണങ്ങളും യേശു അറിഞ്ഞിരുന്നു. അവന്നു മറ്റുള്ളവരിൽനിന്നു നഥനയേലിനെപ്പറ്റി അറിയേണ്ട ആവശ്യമില്ലായിരുന്നു, നഥനയേലിനെ കണ്ടുമുട്ടേണ്ട ആവശ്യവും ഇല്ലായിരുന്നു. അവൻ ഫിലിപ്പോസിനോടു കൂടെ യേശുവിന്റെ അടുക്കൽ വന്നപ്പോൾ യേശു മറ്റുള്ളവ രോടായി പറഞ്ഞു: “ഇതാ സാക്ഷാൽ യിസ്രായേല്യൻ, ഇവനിൽ കപടമില്ല” (യോഹന്നാൻ 1:47) തന്നെപ്പറ്റി ഒരു അപരിചിതനിൽനിന്ന് ഈ നല്ല സാക്ഷ്യം കേട്ടപ്പോൾ അവന്നു ആശ്ചര്യമുണ്ടായി. ‘എന്നെ എങ്ങനെ അറിയാ’മെന്ന് അവൻ ചോദിച്ചു. ഫിലിപ്പോസ് അവനെ വിളിക്കുന്നതിനുമുമ്പേ തന്റെ അമാനുഷിക ദൃഷ്ടികളാൽ അവനനെ കണ്ടുവെന്ന് യേശു വ്യക്തമാക്കി. ആരും കാണാതെ അത്തിവൃക്ഷത്തിന്റെ തണലിൽ അവൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ അവൻ അവനെ കണ്ടു. യേശു സർവ്വജ്ഞാനിയാണെന്ന് അവൻ കണ്ടുപിടിക്കുക യായിരുന്നു. ഉടൻ തന്നെ അവൻ അവനിൽ വിശ്വസിച്ചു. അവൻ ക്രിസ്തുവിനോടു പറഞ്ഞു “ഗുരോ, നീ ദൈവ പുത്രനാകുന്നു, നീ യിസ്രായേലിന്റെ രാജാവാകുന്നു” (യോഹന്നാൻ 1:49). ക്രിസ്തു ദൈവപുത്രനാണെന്നുള്ള സ്നാപകയോഹന്നാന്റെ സാക്ഷ്യം നേരിട്ടോ മറ്റുള്ള വരിൽനിന്നോ നഥനയേൽ കേട്ടിരിക്കാം. അതിനാൽ അവന്റെ ആദ്യഗുരുവായ യോഹന്നാൻ സ്നാപകൻ പറഞ്ഞത് അവൻ ആവർത്തിച്ചെന്നു മാത്രം. യേശുവിന്നു ‘യിസ്രായേലിന്റെ രാജാവ്’ എന്ന നാമം നഥനയേലാണ് ആദ്യം കൊടുത്തത്.

നഥനയേലിന്റെ സാക്ഷ്യത്തിനു മറുപടിയായി യേശു പറഞ്ഞു: “നീ ഇതിനെക്കാൾ വലിയവ കാണും” പാപം മൂലം അടക്കപ്പെട്ട സ്വർഗ്ഗം മനുഷ്യരാശിക്കുവേണ്ടി തുറക്കപ്പെടുമെന്നാണ് യേശു അർത്ഥമാക്കിയത്.

മനുഷ്യപുത്രൻ എന്ന നിലയിൽ അവൻ ഭൂമിക്കും സ്വർഗ്ഗത്തിനും ഇടക്കുള്ള വിടവു യോജിപ്പിക്കും. മനുഷ്യനെ ശുശ്രൂഷിക്കുന്നതിനായി ദൈവദൂതന്മാരെ അയക്കും. അവർ വിശ്വാസികളെ സൂക്ഷിക്കും. മരണ ശേഷം അവരെ സ്വർഗ്ഗത്തിലേക്കു വഹിച്ചുകൊണ്ടു പോകും (എബ്രായർ 1:14, ലൂക്കൊസ് 16:22 നോക്കുക). ദൂതന്മാർ ആവശ്യമുള്ളപ്പോൾ മനുഷ്യപുത്രൻ എന്ന നിലയിൽ യേശുവിനേയും ശുശ്രൂഷിക്കും (യോഹന്നാൻ 1:50, 51)

ക്രിസ്തു ദൈവപുത്രനാണെന്നുള്ളതിനു മൂന്നു സാക്ഷ്യങ്ങൾ ഇപ്പോൾ നമുക്കുണ്ട്. അവിടുത്തെ സ്നാനസമയത്തുണ്ടായ സ്വർഗ്ഗീയ ശബ്ദവും, യോഹന്നാൻ സ്നാപകനും ഒടുവിലുമായി നഥനയേലും പറഞ്ഞ സാക്ഷ്യവും. എന്നാൽ ആദ്യമായി നമുക്കു ക്രിസ്തുവിന്റെ തന്നെ സാക്ഷ്യമുണ്ട് - മനുഷ്യപുത്രനായ അവൻ, ആദാമിന്റെ പുത്രനാണ് എന്ന്. മറ്റു പ്രവാചകന്മാരും ഈ നാമധേയം നൽകിയിട്ടുണ്ട്, പ്രത്യേകിച്ചു യെഹസ്ക്കിയേൽ (Ezek. 2.1). യേശു ഈ പേരിൽ അഭിമാനിച്ചു, മഹത്വമെടുത്തു. അത് തീരെ താണ ഒരു നാമമായി അവന്നു തോന്നിയില്ല. എന്നിരുന്നാലും താൻ ദൈവപുത്രനാണെന്നും യിസ്രായേലിന്റെ രാജാവാണെന്നും മനസ്സിലാക്കിയതിൽ നഥനയേലിനെ യേശു അഭിനന്ദിച്ചു. നഥനയേലിനെ യേശു വ്യാജത്തിനു വേണ്ടി, അഥവാ ഒരു അന്ധവിശ്വാസത്തിനുവേണ്ടി, അതി ശയോക്തിക്കുവേണ്ടി അഭിനന്ദിക്കുമായിരുന്നോ? ദൈവ ദൂഷണത്തെ യാതൊരു എതിർപ്പും ഇല്ലാതെ അവൻ അംഗീകിരിക്കുമായിരുന്നോ? 'യിസ്രായേലിന്റെ രാജാവ്' എന്ന അഭിധാനം, അവൻ വെറും മറിയയുടെ മകനും - ഒരു മനുഷ്യജീവിയു മാത്രമായിരുന്നെങ്കിൽ - എങ്ങനെ അവന്നു അംഗീകരിക്കാൻ കഴിയും?

നഥനയേലിനോട് ക്രിസ്തു പറഞ്ഞ മറുപടിയിൽ തന്നെപ്പറ്റിയുള്ള ആദ്യത്തെ സാക്ഷ്യം കാണാം. ഒരു പ്രവാചകനും, അപ്പൊസ്തൊലനും, അഥവാ മനുഷ്യ ജീവിയും തന്നെപ്പറ്റി ഇതുപോലെ പറഞ്ഞിട്ടില്ല. സത്യസന്ധനും ബോധമുള്ളവനുമായ ഒരാൾ ഇപ്രകാരം പറയുമ്പോൾ തന്നെപ്പറ്റിയുള്ള യാഥാർത്ഥ്യം മനസ്സിലാക്കേണ്ടത് ഏറ്റവും അത്യാവശ്യമാണ്. അതുകൊണ്ടാണ് യേശു പറഞ്ഞത്: “ഞാൻ എന്നെപ്പറ്റി തന്നെ സാക്ഷ്യം പറഞ്ഞാലും എന്റെ സാക്ഷ്യം സത്യമാകുന്നു; ഞാൻ എവിടെനിന്നു വന്നു എന്നു എവിടേക്കു പോകുന്നു എന്നു ഞാൻ അറിയുന്നു. ഞാൻ എവിടെനിന്നു വന്നു എന്നോ എവിടേക്കു പോകുന്നു എന്നോ നിങ്ങൾ അറിയുന്നില്ല” (യോഹന്നാൻ 8:14). ക്രിസ്തു ദൈവമായിരുന്നതിനാൽ തെറ്റായ അവകാശവാദങ്ങൾ ഉന്നയിക്കുവാൻ സാധ്യമായിരുന്നില്ല. അവന്റെ സത്യസന്ധത അവനെ ചതിവിൽ നിന്നും രക്ഷിക്കുകയും തന്റെ സർവ്വജ്ഞാനം അവനെ തെറ്റിൽ നിന്നും സംരക്ഷിക്കുകയും ചെയ്യുമായിരുന്നു. വ്യാജ പ്രശംസകൾ സ്വീകരിച്ചെങ്കിൽ അവൻ ധാർമ്മീകമായി കുറവുള്ളവനോ, വെല്ലുവിളി സ്വീകരിക്കുവാൻ കഴിയാത്തവനോ ആകുമായിരുന്നു. മാന്യമായ ഏതൊരുവനും താൻ അർഹിക്കുന്നതിനെക്കാൾ കൂടുതൽ പ്രശംസ നിരസിക്കും; അതുനന്മയോ കഴിവോ പദവിയോ എന്തുമായിക്കൊള്ളട്ടെ. സത്യത്തിന് വിരോധമായുള്ള ഏത് അവകാശവാദത്തേയും യേശു എന്തുമാത്രം നിഷേധിക്കുമായിരുന്നു.

നീതിമാനായ ഒരുവൻ തന്നെപ്പറ്റി പറയുന്ന കാര്യങ്ങൾ എത്ര ഗൗരവാവഹമാണെന്ന് യഹൂദ പ്രമാണികൾക്ക് അറിയാമായിരുന്നു. അതുകൊണ്ടാണ് അവർ യോഹന്നാൻ സ്നാപകനോട് താൻ ആരാണെന്ന് ചോദിച്ചത്. അവരെ അയച്ചവരോടു പോയി പറയുന്നതിന് അവനിൽ നിന്നൊരു മറുപടി അവർ ചോദിച്ചു. “നീ

നിന്നെപ്പറ്റി എന്തുപറയുന്നു?" (യോഹന്നാൻ 1:22). താൻ അർഹിക്കുന്നതിൽ കുറച്ചു മാത്രമേ യോഹന്നാൻ സ്നാപകൻ തന്നെപ്പറ്റി പറഞ്ഞുള്ളൂ. ക്രിസ്തുവിനെക്കാൾ നല്ലവനായോ, അറിവുള്ളവനായോ, യോഹന്നാൻ സ്നാപകനെ ആരും കരുതിക്കാണുകയില്ല. ക്രിസ്തു വിനയത്തിലും സത്യസന്ധതയിലും, ബുദ്ധിയിലും, എല്ലാവരേയും കവച്ചുവെച്ചു. അവന്റെ വാക്കുകൾ ശുദ്ധവും സത്യവുമായിരുന്നു. അതിനാലാണ് തന്നെപ്പറ്റി ക്രിസ്തു പറഞ്ഞ വാക്കുകൾക്ക് നാം ഏറ്റവും കൂടുതൽ പ്രാധാന്യം കല്പിക്കുന്നത്.

ക്രിസ്തു അല്ലാതെ വേറൊരുവൻ ക്രിസ്തു തന്നെപ്പറ്റി പറഞ്ഞ ഈ അവകാശവാദങ്ങൾ ഉന്നയിച്ചാൽ ബുദ്ധിയും ഭക്തിയുമുള്ള മനുഷ്യരിൽ നിന്നു നിന്ദയും പരിഹാസവും ഏറ്റുവാങ്ങുമായിരുന്നു. ഒരിക്കൽ നിരീശ്വരവാദിയായ ഒരാൾ സംസാരമദ്ധ്യേ സുപ്രസിദ്ധ ആഗ്ലേയ എഴുത്തുകാരനായ കാർലൈലിനോടു വാക്ചാപല്യത്തിൽ ഇങ്ങനെ പറഞ്ഞു പോയി: "യേശു തന്നെപ്പറ്റി പറഞ്ഞത് എനിക്കും പറയാം, ഞാനും പിതാവും ഒന്നാകുന്നു എന്ന്''. കാർലൈൽ മറുപടി പറഞ്ഞു: "ശരിയാണ്, ക്രിസ്തു പറഞ്ഞത് ലോകം അംഗീകരിച്ചു. നീ പറഞ്ഞാൽ ആര് വിശ്വസിക്കാനാണ്!".

**"ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രന്റെ അടുക്കൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും എന്നും അവനോടു പറഞ്ഞു."**

(യോഹന്നാൻ 1:51).

* * *

# III

# ക്രിസ്തുവിന്റെ ആദ്യത്തെ അത്ഭുതപ്രവൃത്തി

*"മൂന്നാം നാൾ ഗലീലയിലെ കാനാവിൽ ഒരു കല്യാണം ഉണ്ടായി, യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു. യേശുവിനേയും ശിഷ്യന്മാരേയും കല്യാണത്തിന് ക്ഷണിച്ചിരുന്നു. വീഞ്ഞു പോരാതെ വരികയാൽ യേശുവിന്റെ അമ്മ അവനോടു: അവർക്കു വീഞ്ഞു ഇല്ല എന്നുപറഞ്ഞു. യേശു അവളോടു: സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത്? എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല എന്നു പറഞ്ഞു. അവന്റെ അമ്മ ശുശ്രൂഷക്കാരോടു: അവൻ നിങ്ങളോടു എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്‌വിൻ എന്നു പറഞ്ഞു. അവിടെ യഹൂദന്മാരുടെ ശുദ്ധീകരണ നിയമം അനുസരിച്ചു രണ്ടോ മൂന്നോ പറ വീതം കൊള്ളുന്ന ആറു കല്പാത്രം ഉണ്ടായിരുന്നു. യേശു അവരോടു ഈ കല്പാത്രങ്ങളിൽ വെള്ളം നിറപ്പിൻ എന്നു പറഞ്ഞു; അവർ വക്കോളവും നിറച്ചു. ഇപ്പോൾ കോരി വിരുന്നുവാഴിക്കു കൊണ്ടുപോയി കൊടുപ്പിൻ എന്നു അവൻ പറഞ്ഞു. അവർ കൊണ്ടുപോയി കൊടുത്തു. അതു എവിടെനിന്ന് എന്ന് വെള്ളം കോരിയ ശുശ്രൂഷക്കാരല്ലാതെ വിരുന്നുവാഴി അറിഞ്ഞില്ല. വീഞ്ഞായിത്തീർന്ന വെള്ളം വിരുന്നുവാഴി രുചി നോക്കിയാറെ മണവാളനെ വിളിച്ചു: എല്ലാവരും ആദ്യം നല്ല വീഞ്ഞും ലഹരി പിടിച്ചശേഷം ഇളപ്പമായതും കൊടുക്കാമാറുണ്ട്; നീ നല്ല വീഞ്ഞു*

***ഇതുവരെയും സൂക്ഷിച്ചവല്ലോ എന്നു അവനോടു പറഞ്ഞു. യേശു ഇതിനെ അടയാളങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽ വെച്ചു ചെയ്തു തന്റെ മഹത്വം വെളിപ്പെടുത്തി; അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു" (യോഹന്നാൻ 2:1–11).***

പ്രകൃതി നിയമങ്ങളെക്കൊണ്ട് വിശദീകരിക്കാമെങ്കിൽ ഒരു പ്രവൃത്തിയെ അത്ഭുതപ്രവൃത്തിയെന്ന് വിളിക്കരുത്. ഇന്ന് അത്ഭുതങ്ങളിലുള്ള വിശ്വാസം വർദ്ധിച്ചു വരികയാണ്. എന്തുകൊണ്ടെന്നാൽ പ്രകൃതി നിയമങ്ങളുടെ മേൽ മനുഷ്യന്റെ നിയന്ത്രണം കൂടിക്കൂടി വന്നിട്ട് അവയെ ആശ്ചര്യകരമായ ഫലമുളവാക്കുന്നതിനായി ഉപയോഗിച്ചുവരുന്നു. മുൻകാല ശാസ്ത്രജ്ഞന്മാരെ ഈ കാലത്തിലെ ശാസ്ത്രജ്ഞന്മാർ മറികടന്നിരിക്കുന്നു. പ്രത്യേകിച്ചും, ആകാശത്തിലൂടെ പറക്കുക ചന്ദ്രനിൽ റോക്കറ്റെത്തിക്കുക തുടങ്ങിയ അത്ഭുതങ്ങളുടെ കാര്യത്തിലും ഇത് ശരിയായിരിക്കുന്നു. സൃഷ്ടിക്കപ്പെട്ട ജീവികൾ ചിലപ്പോൾ വൻകാര്യങ്ങൾ കണ്ടുപിടിക്കുന്നതിൽ സൃഷ്ടികർത്താവിന് താൻ നിയമിച്ച പ്രകൃതി നിയമങ്ങളെ മാറ്റിമറിക്കാൻ എളുപ്പം സാധിക്കും? അങ്ങനെ സമയം ചെല്ലുന്തോറും കണ്ടു പിടിത്തങ്ങൾ കൂടുകയും ഒളിഞ്ഞുകിടന്ന രഹസ്യങ്ങൾ വെളിവാക്കപ്പെടുകയും ചെയ്യുന്നു. ഇത് ദൈവീക അത്ഭുത പ്രവൃത്തികളെ കൂടുതൽ തെളിവാക്കുന്നു. അവ ന്യായയുക്തവും ആവശ്യവുമത്രേ. സൃഷ്ടി കർത്താവ് തന്റെ എല്ലാ സൃഷ്ടികളേയും നിയമങ്ങളേയും നിയന്ത്രിക്കുന്നു എന്നും തെളിയിക്കുന്നു. ആധികാരികമായ ഈ തെളിവ് വളരെ ശ്രദ്ധേയമാണ്. ദൈവേഷ്ടത്തെപ്പറ്റിയും തന്നെപ്പറ്റിയും മനുഷ്യനെ ബോധവൽക്കരിക്കുന്നത് ഇപ്രകാരമാണ്.

ക്രിസ്തുവിന്റെ മഹത്വത്തെ തെളിയിക്കുന്നതിന് തന്റെ അത്ഭുതപ്രവൃത്തികളുടെ ആവശ്യമുണ്ടെന്നു ഞങ്ങൾ പറയുകയല്ല. നാല് സുവിശേഷങ്ങളും എഴുതിയ എഴുത്തുകാർ ക്രിസ്തു സുവിശേഷ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് മുമ്പ് അത്ഭുതങ്ങൾ കാണിച്ചതായി രേഖപ്പെടുത്തിയിട്ടില്ല - തന്റെ 30-ാമത്തെ വയസുവരെ. ഇത് എഴുത്തുകാരുടെ സത്യസന്ധതയേയും ആധികാരികതയേയും കാണിക്കുന്നു. പ്രവാചകന്മാരും അപ്പൊസ്തലന്മാരും അത്ഭുതങ്ങൾ കാണിച്ചത് ദൈവം കൊടുത്ത ശക്തിയാലാണെന്ന് നാം വിശ്വസിക്കുന്നെങ്കിൽ ശക്തിയുടെ ഉറവിടവും ദൈവാവതാരവുമായ ക്രിസ്തു തന്റെ അധികാരത്തിൽ കീഴിലുള്ള അത്ഭുതങ്ങളെ എത്രമാത്രം കാണിക്കും? ഇതുവരെ മനുഷ്യൻ ചെയ്തതിനെക്കാൾ അത് ശ്രേഷ്ഠമായിരിക്കുകയും ചെയ്യും.

ക്രിസ്തുവിന്റെ അത്ഭുതങ്ങൾ കരുണയുടെ പ്രകടനമായിരുന്നു; വെറുപ്പിന്റേതായിരുന്നില്ല. യേശു ചെയ്ത രണ്ടത്ഭുതങ്ങൾ മാത്രമേ ഭൗതിക നഷ്ടത്തിനും ഭൗതിക വസ്തുക്കളുടെ നാശത്തിനും ഇടയാക്കിയുള്ളൂ. അതിന്റെ ഉദ്ദേശ്യം ആത്മീയപാഠങ്ങൾ നമ്മേ പഠിപ്പിക്കയായിരുന്നു (ലൂക്കൊസ് 8:26-33, മർക്കൊസ് 11:12 -14, 20-24 നോക്കുക). സ്വന്ത താത്പര്യങ്ങൾക്കോ മറ്റുള്ളവരെ അതിശയിപ്പിക്കുന്നതിനോ, തന്നിൽ വിശ്വസിക്കുവാൻ ആളുകളെ ആകർഷിക്കുന്നതിനോ വേണ്ടി ഒരിക്കലും അവൻ അത്ഭുതങ്ങൾ കാണിച്ചിട്ടില്ല, പ്രത്യുത വിശ്വാസികളെ അവരുടെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിന്നായിരുന്നു; എന്തെന്നാൽ അവനിൽ വിശ്വസിക്കുന്നതിന്, യഹൂദന്മാർ അടയാളം ആവശ്യപ്പെട്ടപ്പോൾ അവൻ അത് നിഷേധിച്ചു. തന്റെ ആദ്യത്തെ അത്ഭുതപ്രവൃത്തിയിൽ തന്നെ മഹത്വം വെളിവാക്കി. തന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു. അവന്റെ

അത്ഭുതപ്രവൃത്തികളിൽ ആഴമായ അർത്ഥവും ആത്മീ കോദ്ദേശ്യവും ഉണ്ടായിരുന്നു. അതിൽക്കൂടി അവന്റെ വിചാരങ്ങൾ തത്ത്വങ്ങൾ ഉന്നതമായ ഉപദേശസത്യങ്ങൾ തന്റെ പരിശുദ്ധവും മനോഹരവുമായ സ്വഭാവം എന്നിവ വെളിപ്പെടുത്തി. അവന്റെ യാത്രകളെപ്പറ്റിയും നീക്കങ്ങളെ പ്പറ്റിയും ഈ അത്ഭുതങ്ങളുടെ വിവരണം ഇല്ലായിരുന്നു വെങ്കിൽ നാം അറിയുമായിരുന്നില്ല. ഉദാഹരണമായി അവന്റെ ഒരു അത്ഭുതപ്രവൃത്തിയിൽ നിന്നും സീദോൻ, ടയർ എന്നിവിടങ്ങളിലേക്കുള്ള അവന്റെ യാത്രയെപ്പറ്റി അറിയുന്നു. എല്ലാവരോടുമുള്ള അവന്റെ ദയ വെളിപ്പെടു ന്നത് മനസ്സിലാക്കുന്നത് ആയിരങ്ങളെ പോഷിപ്പിച്ചതും അത്ഭുതരോഗസൗഖ്യം നൽകിയതും മൂലമാണ്. പാപ ക്ഷമ നൽകുന്നതിനുള്ളതവന്റെ അധികാരം കഫർന്നഹൂ മിലെ പക്ഷവാതക്കാരനെ സൗഖ്യമാക്കിയതിൽകൂടെ അവൻ തെളിയിച്ചു. ക്രിസ്തുവിന്റെ ജീവിതത്തിൽ നിന്നും അത്ഭുതങ്ങളെ മാറ്റിനിർത്തിയാൽ അത് സുവിശേഷ ത്തിന്റെ തനിസത്തയെ കീറിമുറിക്കുകയായിരിക്കും. സുവിശേഷത്തിന്റെ സത്യസന്ധത പൂർണ്ണമായി ചോദ്യം ചെയ്യപ്പെടാൻ ഇടയാകും. എന്നാൽ താൻ സ്വർഗ്ഗത്തിൽ നിന്നു വന്നവനാണെന്നുള്ള ക്രിസ്തുവിന്റെ അവകാശ ത്തെ ഉറപ്പിക്കുകയായിരുന്നു അവന്റെ അത്ഭുതപ്രവൃ ത്തികൾ. അന്ന് ആത്മാർത്ഥതയുള്ളവർ അവനിൽ വിശ്വസിച്ചു. അവന്റെ എതിരാളികളായി യഹൂദന്മാർക്കും അവർ ഏറ്റുപറഞ്ഞില്ലെങ്കിലും അങ്ങനെ തന്നെ ബോദ്ധ്യപ്പെട്ടു.

## വെള്ളത്തെ വീഞ്ഞാക്കുന്നത്

സ്വഭാവികമായ ഒരു വിവരണം നൽകാൻ സാധി ക്കാത്ത ഒന്നാണ് വെള്ളത്തെ വീഞ്ഞാക്കിയ അത്ഭുതം.

ഗലീലയിലെ കാനാവിൽ വെച്ച് നടന്ന യേശുവിന്റെ ആദ്യത്തെ അത്ഭുതമായിരുന്നു അത്. തന്റെ പുതിയ ശിഷ്യനായ നഥനയേലിന്റെ മാതൃ പട്ടണമായിരുന്നു അത്. മറ്റുശിഷ്യന്മാരെ മുൻകടന്ന് ഈ നഥനയേലായിരുന്നു യേശുവിനെപ്പറ്റി വ്യക്തമായ സാക്ഷി പറഞ്ഞത്. ക്രിസ്തുവിനോടുള്ള അവന്റെ സ്നേഹാതിരേകത്താൽ തന്റെ ആ ഗുരുവിനേയും കൂട്ടുകാരെയും അതിഥികളായി ക്ഷണിച്ചു. മത്തായി വിശ്വസിച്ചപ്പോൾ ആദ്യം ചെയ്തതു പോലെ തന്നെ. (ലൂക്കൊസ് 5:19-39). അപ്പൊസ്തല ന്മാരുടെ കാലത്ത് ലുദിയ ചെയ്തതും ഇതാണ് (അപ്പൊ സ്തല പ്രവൃത്തികൾ 16:15).

കാനാവിലെ സന്ദർശനസമയത്ത് യേശുവിനെ അവന്റെ അമ്മയോടും സഹോദരങ്ങളോടും ശിഷ്യന്മാരോ ടും കൂടി ഒരു കല്യാണച്ചടങ്ങിലേക്കു ക്ഷണിച്ചു. നസറേ ത്തിൽ നിന്നു കാനാവിലേക്കു രണ്ടു മണിക്കൂർ മടക്കേണ്ട ദൂരമുണ്ടായിരുന്നു. യേശു ഈ ക്ഷണം സ്വീകരിക്കുമെന്ന് ശിഷ്യന്മാർ പ്രതീക്ഷിച്ചിരിക്കയില്ല. കാരണം തങ്ങളുടെ മുൻ ഗുരുവിനെപ്പോലെ ആയിരിക്കാം യേശു എന്ന് അവർ വിചാരിച്ചു. യോഹന്നാൻ സ്നാപകനേയും അവന്റെ ശ്രേഷ്ഠ മുൻഗാമി ഏലിയാവിനെപ്പോലെയും ലോകസുഖ ങ്ങളെല്ലാം വെറുത്ത് ഒരു സന്യാസ വ്രതജീവിതമായിരി ക്കും യേശുവിന് ഇഷ്ടമെന്നും അവർ ചിന്തിച്ചു കാണും. യേശുവിനെപ്പോലുള്ള ഒരു വലിയ നേതാവ് ആഴ്ച യോളം കൊണ്ടാടുന്ന വിവാഹാഘോഷങ്ങളിൽനിന്നു വിട്ടു നിൽക്കുമെന്ന് അവർ ആശിച്ചിരിക്കാം. അത്തരം ആഘോഷങ്ങളിൽ മതഭക്തിയെ ഉത്സവത്തിന്റെ തീഷ്ണ ത കീഴ്പ്പെടുത്തിയേക്കാം; എന്നാൽ വിവാഹത്തിനു മുമ്പ് ഒരു ദിവസം മുമ്പ് മണവാളനും മണവാട്ടിയും പ്രാർത്ഥന യിലും ഉപവാസത്തിലും, അവരുടെ പാപങ്ങൾ ഏറ്റു പറയുന്നതിലും മറ്റും സമയം ചെലവഴിക്കുക പതിവുണ്ടാ

യിരുന്നതിനാൽ യേശുവിന് ഈ ആഘോഷങ്ങളിൽ പങ്കെടുക്കാമല്ലോ.

മനുഷ്യരാശിയുടെ രക്ഷകൻ സ്നാപകനെപ്പോലെയല്ല. അവൻ വന്നത് മതത്തിന്റെ ഭക്തിനിർഭരവും കൈപ്പേറിയതുമായ അനുഭവങ്ങൾ പ്രദർശിപ്പിക്കുന്നതിനോ, പാപികൾക്ക് നരകത്തീയിൽ പോകേണ്ടിവരുമെന്നു പ്രസംഗിക്കാനോ അല്ല. പ്രത്യുത മാനവജാതിയുടെ സന്തോഷവും സന്താപവും പങ്കുവെക്കുന്നതിനും എല്ലാ മനുഷ്യരോടുമുള്ള ദൈവസ്നേഹം വെളിപ്പെടുത്തുന്നതിനുമാണ്. തന്റെ സുവിശേഷത്തിന്റെ വിഷയവും, അതിന്റെ രചയിതാവും താൻ തന്നെയെന്ന് സുസ്മേരവദനനായി അവൻ പ്രഖ്യാപിച്ചു. അവൻ മതത്തിന്റെ ചിത്രം പൂർത്തിയാക്കിയത് സാമൂഹ്യനീതി, കൂട്ടായ്മ, പരിശുദ്ധമായ ഭൗമികസന്തോഷങ്ങൾ മുതലായവയിൽ കൂടിയാണ്. ഇത് ആത്മിക സന്തോഷത്തിന്റെ അടയാളമാണ്. അത് അവന്റെ സാമ്രാജ്യത്തിന്റെ തൂണുകളിൽ ഒന്നാണ്.

യോഹന്നാൻ സ്നാപകൻ മതത്തിന്റെ കഠിനനുകത്തെ പ്രതിനിധീകരിച്ചു. എന്നാൽ ക്രിസ്തു പ്രധാനമായി ഭക്തിനിർഭരമായ കരുണയെ പ്രകാശിപ്പിച്ചു. മാനസാന്തരപ്പെടുന്നതിനായി യോഹന്നാൻ മനുഷ്യരെ നിർബന്ധിച്ചു. യോഹന്നാൻ ആളുകളുമായി തിന്നുകയോ കുടിക്കുകയോ ചെയ്തില്ല. എന്നാൽ യേശു വിരുന്നിലേക്കുള്ള അവരുടെ ക്ഷണം സ്വീകരിച്ചു. യോഹന്നാൻ ഒട്ടകരോമംകൊണ്ടുള്ള ഉടുപ്പും അരയിൽ തോൽവാറും ധരിച്ചു. എന്നാൽ യേശുവിന്റെ വസ്ത്രം മേത്തരമായ ലിനൻ ആയിരുന്നു. ക്രൂശീകരണസമയത്ത് റോമാപ്പടയാളികൾ അതിനുവേണ്ടി ചീട്ടിട്ടു. യോഹന്നാൻ സ്നാപകൻ പ്രസംഗം ആരംഭിച്ചത് "സർപ്പസന്തതികളെ, വരുവാനുള്ള കോപത്തെ ഒഴിഞ്ഞു ഓടിപ്പോകുവാൻ നിങ്ങൾക്ക് ഉപദേ

ശിച്ചു തന്നതു ആർ?" എന്നു പ്രഖ്യാപിച്ചുകൊണ്ടാണ് (മത്തായി 3:7). യേശു തന്റെ പ്രഭാഷണം ആരംഭിച്ചത്, "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവർക്കുള്ളത്" എന്നു പറഞ്ഞുകൊണ്ടാണ് (മത്തായി 5:3). തങ്ങളുടെ പുതിയ ഗുരുവിന്റെ കാൽച്ചുവടുകളെ ശിഷ്യന്മാർ പിൻപറ്റി നടന്നു. അവൻ കാനാവിലെ കല്യാണത്തിനുള്ള ക്ഷണം സ്വീകരിച്ച് പോയതുകൊണ്ട് അവരും അവനോടുകൂടെ പോയി.

വിവാഹാഘോഷത്തിൻ മദ്ധ്യേ വീഞ്ഞുതീർന്നു പോയി. തന്റെ അടുത്ത ചാർച്ചക്കാരുടെ ഭവനത്തിലെ വിവാഹമായിരുന്നതിനാൽ മറിയ ഇതിനെപ്പറ്റി എളുപ്പ ത്തിൽ മനസ്സിലാക്കി. എന്നാൽ മറ്റ് അതിഥികൾക്ക് ഈ പ്രശ്നത്തെപ്പറ്റി അറിവില്ലായിരുന്നു. അവർക്കു വീഞ്ഞില്ലാ യെന്ന് അവൾ യേശുവിനോടു പറഞ്ഞു. യോർദ്ദാന്റെ കരയിൽ എന്താണ് നടന്നതെന്നു കേട്ടതിന്റെ വെളിച്ച ത്തിൽ മറിയയുടെ പ്രത്യാശ തളിർക്കുകയും വർദ്ധിക്കുക യും ചെയ്തിരിക്കാം. അവന്നു നൈസർഗ്ഗി കമായി ലഭിച്ച കഴിവുകളുടെ പ്രദർശനം ഇവിടെ നടക്കണമെന്ന് അവൾ പ്രതീക്ഷിച്ചിരിക്കാം. അവൻ മാതാവിന്റെ അഭിമാനഭാജ നമായിത്തീരുമെന്നും അവൾക്ക് മാന്യത ലഭിക്കുമെന്നും അവൾ ആഗ്രഹിച്ചിരിക്കാം. ചിലപ്പോൾ നാം അറിയാത്ത മറ്റേതെങ്കിലും കാരണവുമാകാം.

മറിയയുടെ അപേക്ഷക്കുള്ള യേശുവിന്റെ മറുപടി കാണിക്കുന്നത് അവൾ ഇടപെടേണ്ടതിനെക്കാൾ കൂടുതൽ അവന്റെ കാര്യത്തിൽ ഇടപെടുന്നു എന്ന് തോന്നിക്കുന്നതാണ്. അവൻ അവളോട് പറഞ്ഞു "സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത്? എന്റെ സമയം ഇതുവരെയും വന്നിട്ടില്ല" (യോഹന്നാൻ 2:4). തന്റെ അധികാരത്തെപ്പറ്റി മനസ്സിലാക്കുവാൻ അവൾക്കു കർക്കശമായ വാക്കുകൾ ആവശ്യമാണെന്നു യേശുവിന്നു

അറിയാമായിരുന്നു; അവന്റെ മുമ്പിലുള്ള നൂതനാനുഭവ ത്തെപ്പറ്റിയും തന്റെ കുടുംബവുമായുള്ള ബന്ധം പാടേ വിപാടനം ചെയ്യാൻ പോവുകയാണെന്നും അവൾ അറിയണമായിരുന്നു. യേശുവിന്റെ വാക്കുകൾ തനിക്കും തന്റെ മാതാവിനും മധ്യേ പുതിയ വേലികൾ സൃഷ്ടിച്ചു. അവ അവന്റെ ഭൂതകാലത്തെ എന്നേക്കുമായി ഭാവികാല ത്തിൽനിന്നും മാറ്റി. തന്റെ ശുശ്രൂഷയിൽ കൈകടത്തരു തെന്നു യേശു അവളെ പഠിപ്പിക്കുവാൻ ആഗ്രഹിച്ചു. "എനിക്കും നിനക്കും തമ്മിൽ എന്ത്" എന്നു യേശു മറുപടി പറഞ്ഞപ്പോൾ തനിക്കു തന്റെ മകന്റെ യേശുവിൻ മേലുള്ള അധികാരത്തിനു തിരശ്ശീല വീണു എന്ന് അവൾക്കു ബോധ്യമായി. ഇനിയും അവൾ ഒരിക്കലും തന്റെ മാതാവല്ല! അതുകൊണ്ടാണു 'സ്ത്രീ' എന്നുള്ള പദം അവൻ ഉപയോഗിച്ചത്. മുമ്പെ അവൻ അവളിൽ നിന്നു പഠിക്കുകയും അവളെ അനുസരിക്കുകയും ചെയ്തിരുന്നു. ഇനിയും അവൾ അവനിൽ നിന്നു പഠിക്കണം. അവളുടെ മാനുഷിക മാർഗ്ഗ നിർദ്ദേശം മേലിൽ ആവശ്യമില്ല. മറിയ ഈ ലഘുശാസന അംഗീകരിച്ചു. ബഹുമാനപുരസ്സരം അവന്നു കീഴ്പ്പെട്ടു. എന്നിട്ട് അവൻ എന്തുപറഞ്ഞാലും അതു ചെയ്യുവാൻ വേലക്കാരോടു പറഞ്ഞു.

അത്ഭുതം പ്രവർത്തിക്കാനുള്ള തന്റെ നാഴിക വന്നു എന്നു ക്രിസ്തു അറിഞ്ഞു. അങ്ങനെ പുരുഷാര ത്തിനു തന്റെ ദൈവീക പ്രവൃത്തിയുടെയും അധികാര ത്തിന്റെയും അടയാളം കാണിച്ചു. ആരുടേയും സമ്മർദ്ദ ത്താലല്ല, താൻ മനുഷ്യാവതാരമെടുത്തു താഴ്മയുള്ള വനായതെന്നും അത് താൻ തന്നെ തെരഞ്ഞെടുത്ത താണെന്നും എല്ലാവരും പ്രത്യേകിച്ചു തന്റെ ശിഷ്യന്മാരും അറിഞ്ഞിരുന്നു. തന്റെ അനുയായികളെ വിശ്വാസത്തിലു റപ്പിക്കുവാൻ അവൻ ആഗ്രഹിച്ചു. അനേകരെ തന്നിലേക്ക് ആകർഷിക്കുന്നതിനും തന്റെ ഉപദേശം അവർ കേൾക്കു ന്നതിനും അവരെ രക്ഷയിലേക്കു ക്ഷണിക്കുന്നതിന്നും

അവൻ ആഗ്രഹിച്ചു. വിശ്വസിക്കുന്നവർക്കു തന്നിൽക്കൂടി മാത്രമുള്ള രക്ഷയിലേക്ക്. എല്ലാ മാനവജാതികൾക്കും തന്റെയും തന്നെ അയച്ച പിതാവിന്റെയും സ്നേഹത്തെ വെളിപ്പെടുത്തുവാനും അവൻ ആഗ്രഹിച്ചു. സകല മാനുഷിക യത്നങ്ങളും പരാജയപ്പെടുമ്പോൾ മാത്രമാണ് അത്ഭുതമാർന്ന തന്റെ കഴിവു പ്രദർശിപ്പിക്കുന്നത്. അപ്പോൾ ദൈവിക സഹായം ലഭ്യമാകും.

ഏകദേശം എട്ട് തൊട്ടി വെള്ളം വീതം കൊള്ളുന്ന 6 മൺപാത്രങ്ങൾ ആ വീട്ടിൽ ഉണ്ടായിരുന്നു. യഹൂദന്മാരുടെ ചടങ്ങനുസരിച്ച് എല്ലാ അതിഥികളും കാലുകൾ കഴുകി ആ വെള്ളം തീർന്ന് പാത്രങ്ങൾ ഒഴിഞ്ഞവയായിരിക്കാം. ക്രിസ്തുവിന്നു തന്റെ ആദ്യത്തെ അത്ഭുത പ്രവൃത്തി കാണിക്കേണ്ട സമയമായപ്പോൾ അവൻ വേലക്കാരോട് ആ മൺപാത്രങ്ങളിൽ വെള്ളം നിറപ്പാൻ പറഞ്ഞു. അവർ വക്കോളം നിറച്ചു. പിന്നീട് അവരോട് അതിൽ നിന്നു വീഞ്ഞ് എടുത്ത് വിരുന്നു വാഴിക്ക് ആദ്യം കൊണ്ടുകൊടുപ്പാൻ കല്പിച്ചു. ആ മനുഷ്യൻ അത് രുചിച്ചു നോക്കിയിട്ട് അത് ഏറ്റവും രുചിയുള്ള വീഞ്ഞാണെന്ന് പറഞ്ഞു. മണവാളനോട് ഏറ്റവും നല്ല വീഞ്ഞ് അവസാനം വരെ സൂക്ഷിച്ചതിനു വ്യക്തിപരമായി നന്ദിപറകയും ചെയ്തു.

വിരുന്നുകാർക്ക് വീഞ്ഞില്ല എന്ന പോരായ്മയിൽ നിന്നും ആ കല്യാണവീട്ടിലെ ആൾക്കാരെ രക്ഷിക്കാൻ ക്രിസ്തു ആഗ്രഹിച്ചു. വിവരണം ആവശ്യമില്ലാതെവണ്ണം ഒരു വ്യക്തമായ അടയാളത്താൽ അവനതു കാണിച്ചു. കാലി മൺപാത്രങ്ങളിൽ നിന്നും അവൻ വീഞ്ഞു ഉൽപ്പാദിപ്പിച്ചു. അത് വെള്ളം ചേർത്ത വീഞ്ഞിൽ നിന്നല്ല വെറും വെള്ളത്തിൽ നിന്നാണെന്ന് തെളിയിച്ചു. അവൻ വെള്ളം വെളിയിൽ നിന്നും കൊണ്ടുവന്നതാണെന്ന് ആരും പറയാതിരിപ്പാൻ, അവൻ തന്റെ ശിഷ്യന്മാരോടല്ല,

അവിടുത്തെ വേലക്കാരോടാണ് കൊണ്ടു കൊടുക്കാൻ പറഞ്ഞത്. അവൻ അവരെ പറ്റിച്ചു എന്ന് ആരും പറക യില്ലല്ലോ. അവൻ അവരോട് ആ പാത്രങ്ങളിൽ വക്കോളം വെള്ളം നിറക്കാൻ പറഞ്ഞു, എന്തെന്നാൽ അവൻ വീഞ്ഞ് അതിനോടു ചേർത്തു എന്ന് പറകയില്ലല്ലോ?

യേശുവിനെ ഇതിനുമുമ്പ് കണ്ടിട്ടില്ലാത്ത വേല ക്കാർ ഉൾപ്പെടെ ഒരു വലിയകൂട്ടം ഈ അത്ഭുതം കണ്ടവ രാണ്. ബാക്കിയുള്ളവരുടെ മേൽ തന്ത്രം പ്രയോഗിക്കാൻ ഇവരെല്ലാവരും യോജിച്ചുവെന്ന് ഒരിക്കലും ചിന്തിക്കാൻ നിർവ്വാഹമില്ല. ഉത്തരവാദിത്വമുള്ള ഒരാൾ ആ വീഞ്ഞു വളരെ ഗുണമേന്മയുള്ളതാണെന്ന് ഉറപ്പിച്ചു പറഞ്ഞു. അതിനാൽ അതു കുടിച്ചവരെല്ലാം മായാലോകത്തിലാ യിരുന്നു എന്ന് ആർക്കും പറയാൻ സാധ്യമല്ല. വിരുന്നു വാഴി ഒരത്ഭുതം നടന്നതായി ഏവരേയും അറിയിച്ചു. ആളുകൾ രുചികരമായ പുതിയ വീഞ്ഞിനെപ്പറ്റി പറയാൻ തുടങ്ങി. തൽഫലമായി, "അവൻ തന്റെ മഹത്വം വെളി പ്പെടുത്തി, അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു" (യോഹന്നാൻ 2:11).

ഈ അത്ഭുതത്തെപ്പറ്റി രേഖപ്പെടുത്തിയ അപ്പൊ സ്തലനായ യോഹന്നാൻ യേശുവിനെപ്പറ്റി പറഞ്ഞു: "സകലവും അവൻ മുഖാന്തരം ഉളവായി. ഉളവായ തൊന്നും അവനെ കൂടാതെ ഉളവായതല്ല" (യോഹന്നാൻ 1:3). പ്രകൃത്യാ തന്നെ മുന്തിരിച്ചെടിയിൽ വെള്ളത്തെ വീഞ്ഞാക്കാൻ ക്രിസ്തുവിന് കഴിയുമെന്നുള്ളതുകൊണ്ട് പ്രകൃതി വിരുദ്ധമായി വെള്ളത്തെ വീഞ്ഞാക്കുവാനും അവനു കഴിയും, അതിനാൽ അത് ആശ്ചര്യമായിരിക്കു കയില്ല.

ഈ അത്ഭുതത്തിന്റെ സത്യസന്ധത എല്ലാവർ ക്കും ബോധ്യമായി. എന്തെന്നാൽ അവർ വീഞ്ഞു

കാണുകയും രുചിച്ചു നോക്കുകയും മണത്തറിയുകയും ചെയ്തതാണ്. ക്രിസ്തുവിന്റെ പ്രവർത്തനങ്ങളുടെ ഒരു തത്ത്വം നമുക്കിവിടെ കാണാവുന്നതാണ്. എന്തെന്നാൽ അവൻ തന്നെയാണു നല്ലതിനെ ഏറ്റവും നല്ലതാക്കുന്നത്. അവൻ പഴയ നിയമ സിദ്ധാന്തങ്ങളെ പുതിയ നിയമ കൃപകളാക്കി മാറ്റി. അതുപോലെ ജലസ്നാനത്തെ പരിശുദ്ധാത്മ സ്നാനമാക്കി വിശ്വാസികൾക്കു വികസിപ്പിച്ചു. തന്റെ അനുയായികൾക്ക് നിത്യരക്ഷയുടെ പാനപാത്രം, മത-ധാർമ്മീക ജീവിതത്തിന്റെ സന്ദേശത്തോടു കൂട്ടിച്ചേർത്തു.

മനുഷ്യരാശിക്കു മാതൃകയാക്കാൻ പറ്റിയ വ്യക്തി യേശു ആണെന്ന് വെളിപ്പെടുത്തുമ്പോൾ കല്യാണ വിരുന്നിനു വീഞ്ഞ് അവൻ അനുവദിച്ചിരുന്നുവെന്നു മനസ്സിലാക്കണം, അവന്നു എല്ലാ മനുഷ്യഹൃദയങ്ങളേയും അറിയാമല്ലോ? മനുഷ്യർ കുടിയന്മാരായിത്തീരണമെന്നോ മദോന്മത്തരാകണമെന്നോ അവൻ ഒരിക്കലും ആഗ്രഹിച്ചില്ല, എന്തെന്നാൽ അത് അവർക്കു തന്നെ ദോഷം ചെയ്യും. ക്രിസ്തുവിന്റെ തത്ത്വങ്ങളേയും സ്വഭാവത്തേയും പറ്റി ചിന്തിച്ചാൽ ആ സായാഹ്നത്തിൽ ദോഷമുണ്ടാക്കുമെങ്കിൽ അവൻ ഒരിക്കലും വീഞ്ഞുണ്ടാക്കുകയില്ലായിരുന്നു എന്നു മനസ്സിലാക്കാം. ന്യായമായി ആനന്ദിക്കാവുന്നത് മറ്റുള്ളവർക്ക് ഇടർച്ച ആകുമെങ്കിൽ അത് തെറ്റാണ്. ലഹരി ലഭിക്കുന്നതിനായി വീഞ്ഞ് കഴിക്കുന്നതും തെറ്റാണ്.

യേശു ചെയ്ത ആദ്യത്തെ ഈ അത്ഭുതം ഒരു കല്യാണത്തിനായിരുന്നു. മാനവ ജാതിയുടെ ഏറ്റവും പഴക്കം ചെന്ന ഒരേർപ്പാടു വിവാഹമായിരുന്നതിനാൽ അതിനെ പവിത്രീകരിക്കുകയും കിരീടം ധരിപ്പിക്കുകയും ആയിരുന്നു യേശു ചെയ്തത്. നമ്മുടെ ആദ്യ മാതാപിതാക്കൾ നിഷ്ക്കല്മഷരായിരുന്നപ്പോൾ ഏദൻ

തോട്ടത്തിലാണ് ആദ്യത്തെ വിവാഹം നടന്നത്. മറ്റെല്ലാ ആചാരങ്ങളും ചടങ്ങുകളും മനുഷ്യന്റെ വീഴ്ചക്കുശേഷം ഉണ്ടായതാണ്. യേശു വിവാഹിതനായിരുന്നില്ലെങ്കിലും ഈ സാമൂഹ്യച്ചടങ്ങ് അവൻ അംഗീകരിച്ചിരുന്നുവെന്ന് തൽസാന്നിദ്ധ്യം വെളിവാക്കുന്നു. യഥാർത്ഥത്തിൽ അതിന്റെ പ്രാധാന്യം രണ്ടുവിധത്തിലുള്ളതായിരുന്നു. കാനാവിലെ കല്യാണാഘോഷങ്ങളിൽ യേശു പങ്കെടു ത്തതു കൊണ്ട് അത് താഴെപ്പറയുന്ന വാക്കുകളെ ഊട്ടി ഉറപ്പിക്കുന്നു. "വിവാഹം എല്ലാവർക്കും മാന്യമാണ്" (എബ്രായർ 13:4). അത് മനുഷ്യസ്വഭാവത്തിന്റെ ബലഹീനതയുടെ അംഗീകാരം കൂടിയാണെന്ന അപകടക രമായ കാഴ്ചപ്പാടിനെ നിഷേധിക്കുക കൂടിയാണു ചെയ്തത്. മനുഷ്യനെ തിന്മയിൽ നിന്നും സൂക്ഷിക്കു ന്നതിനും കൂടിയാണെന്നുള്ള ആ കാഴ്ചപ്പാടിൽ നിന്നും ഉണ്ടായതാണ് വിവാഹം കഴിക്കാതിരിക്കുന്നത് ഒരു സൽസ്വഭാവമാണെന്നുള്ള ചിന്ത. ഈ തെറ്റായ ധാരണ യാൽ ചിലർ വിവാഹത്തെ പുച്ഛിച്ചു ബ്രഹ്മചര്യം ഉന്നതമാക്കി ചിത്രീകരിച്ചു. അന്നത്തെ വിവാഹച്ചടങ്ങിലെ ക്രിസ്തുവിന്റെ സാന്നിദ്ധ്യം ഇതിനൊരു വെല്ലുവിളിയാ യിരുന്നു. "നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയെ നിറച്ചു അതിനെ അടക്കി വാഴുവിൻ" (ഉല്പത്തി 1:28) എന്നു പറഞ്ഞു വീഴ്ചക്കുമുമ്പുള്ള ആദാം ഹവ്വമാരുടെ അവസ്ഥയെ ദൈവം അനുഗ്രഹിക്കയാ യിരുന്നല്ലോ.

കർത്താവിൽ നടക്കുന്ന ഏതു വിശ്വാസിയുടേയും വിവാഹച്ചടങ്ങിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യം ഉണ്ടായിരി ക്കുമെന്ന് ഈ സംഭവം തെളിയിക്കുന്നു. ക്രിസ്തുവിന്റെ വീണ്ടും വരവിൽ ആ വലിയ വിവാഹ വിരുന്നിൽ നാം പങ്കാളികളായിരിക്കും നാം ആഘോഷിക്കും – കാനാവിലെ കല്യാണത്തിന് വെള്ളം വീഞ്ഞാക്കിയ ക്രിസ്തു എന്ന സ്വർഗ്ഗീയ മണവാളൻ തന്റെ രാജകീയ സിംഹാസനത്തിൽ

ഇരിക്കുമ്പോൾ തന്റെ മണവാട്ടി അവന്റെ വാത്സല്യ സഭയായിരിക്കും. ആ കല്യാണ വിരുന്ന് ഏഴു ദിവസം മാത്രം നീണ്ടുനിൽക്കുന്നതായിരിക്കുകയില്ല, പിന്നെയോ നിത്യതയോളം! "കുഞ്ഞാടിന്റെ കല്യാണ സദ്യക്കു വിളിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ" (വെളിപ്പാട് 19:1-10).

നാം വിവാഹത്തെ മാനിക്കുമ്പോൾ കുടുംബ ബന്ധങ്ങളെയാണ് മാനിക്കുന്നത്. (ക്രിസ്തുവിന്റെയും തന്റെ ശിഷ്യന്മാരുടെയും ശുശ്രൂഷകാലത്തെ പരിത സ്ഥിതികൾ കുറേ നേരത്തേക്ക് അവരുടെ ചുമതലകളെ അവഗണിക്കുവാൻ ഇടയാക്കി). എന്നാൽ യേശു ഈ അതുലനാവസ്ഥയെ തിരുത്തുകയാണ് ചെയ്തത്. തന്റെ പരസ്യ ശുശ്രൂഷയുടെ ആരംഭത്തിൽ തന്നെ ഒരു വിവാഹച്ചടങ്ങിൽ പങ്കെടുത്തതുകൊണ്ട് യേശു കുടുംബ ബന്ധങ്ങളുടെ വിലയും നിലയും ഉയർത്തി കാണിക്കുക യായിരുന്നു. ആത്മീയ കൂട്ടായ്മയെ അതിനെക്കാൾ കൂടുതൽ മാന്യവും വിശുദ്ധവുമായ ഒരു പ്രതലത്തിലേക്ക് നയിക്കുകയും ചെയ്തു. എന്തെന്നാൽ അത് സ്രഷ്ടാവായ ദൈവത്തോടും നമ്മുടെ രക്ഷകനായ ക്രിസ്തുവിനോടും അവരുടെ ആത്മീക സഹോദരങ്ങളായ മറ്റു മനുഷ്യ രാശിയോടുമുള്ള നിസ്തുല്യമായ ബന്ധമാകുന്നു.

* * *

# IV

## യേശു ദേവാലയത്തെ ശുദ്ധീകരിക്കുന്നു

*"അനന്തരം അവനും അവന്റെ അമ്മയും സഹോദരന്മാരും ശിഷ്യന്മാരും കഫർന്നഹൂമിലേക്കു പോയി, അവിടെ ഏറെനാൾ പാർത്തില്ല.*

*"യഹൂദന്മാരുടെ പെസഹ സമീപം ആകകൊണ്ട് യേശു യരുശലേമിലേക്കു പോയി. ദൈവാലയത്തിൽ കാള, ആട്, പ്രാവ് എന്നിവയെ വിൽക്കുന്നവരെയും അവിടെ ഇരിക്കുന്ന പൊൻ വാണിഭക്കാരെയും കണ്ടിട്ട് കയറുകൊണ്ട് ഒരു ചമ്മട്ടി ഉണ്ടാക്കി ആടുമാടുകളോടും കൂടെ എല്ലാവരേയും ദൈവാലയത്തിൽ നിന്നു പുറത്താക്കി. പൊൻവാണിഭക്കാരുടെ നാണ്യം തൂകിക്കളഞ്ഞു, മേശകളെ മറിച്ചിട്ടു; പ്രാവുകളെ വിൽക്കുന്നവരോടു: ഇതു ഇവിടെ നിന്നു കൊണ്ടു പോകുവിൻ; എന്റെ പിതാവിന്റെ ആലയത്തെ വാണിഭശാല ആക്കരുത് എന്ന് പറഞ്ഞു. അപ്പോൾ അവന്റെ ശിഷ്യന്മാർ: നിന്റെ ആലയത്തെക്കുറിച്ചുള്ള എരിവ് എന്നെ തിന്നു കളയുന്നു എന്നു എഴുതിയിരിക്കുന്നതു ഓർത്തു. എന്നാൽ യെഹൂദന്മാർ അവനോടു: നിനക്കു ഇങ്ങനെ ചെയ്യാമെന്നതിന് നീ എന്ത് അടയാളം കാണിച്ചുതരും എന്നു ചോദിച്ചു. യേശു അവരോടു: ഈ മന്ദിരം പൊളിപ്പിൻ; ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും എന്നു ഉത്തരം പറഞ്ഞു. യെഹൂദന്മാർ അവനോടു: ഈ മന്ദിരം നാല്പത്താറു*

***സംവത്സരം കൊണ്ടു പണിതിരിക്കുന്നു; നീ മൂന്നു ദിവസത്തിനകം അതിനെ പണിയുമോ എന്നു ചോദിച്ചു. അവനോ തന്റെ ശരീരം എന്ന മന്ദിരത്തെ കുറിച്ചത്രേ പറഞ്ഞത്. അവൻ ഇതു പറഞ്ഞു എന്നു അവൻ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റ ശേഷം ശിഷ്യന്മാർ ഓർത്തു തിരുവെഴുത്തും യേശു പറഞ്ഞ വചനവും വിശ്വസിച്ചു. പെസഹപ്പെരുന്നാളിൽ യരൂശലേമിൽ ഇരിക്കുമ്പോൾ അവൻ ചെയ്ത അടയാളങ്ങൾ കണ്ടിട്ട് പലരും അവന്റെ നാമത്തിൽ വിശ്വസിച്ചു. യേശുവോ എല്ലാവരേയും അറിക കൊണ്ടു തന്നെത്താൻ അവരുടെ പക്കൽ വിശ്വസിച്ച് ഏല്പിച്ചില്ല. മനുഷ്യനിലുള്ളതു എന്തു എന്നു സ്വതവേ അറിഞ്ഞിരിക്കയാൽ തനിക്കു മനുഷ്യനെ ക്കുറിച്ച് യാതൊരുത്തന്റേയും സാക്ഷ്യം ആവശ്യമായിരുന്നില്ല" (യോഹന്നാൻ 2:12-25).***

യെഹൂദപുരോഹിതന്മാർ ദൈവാലയത്തെ കള്ളന്മാരുടെ ഗുഹയാക്കി മാറ്റിയതിൽ യേശു കോപിച്ചു. വാസ്തവത്തിൽ മനുഷ്യന്റെ ഹൃദയമാണ് ദൈവത്തിന്റെ ആലയമായിരിക്കേണ്ടത്. അതിനാൽ ഹൃദയത്തെ ശുദ്ധീകരിക്കുന്നതിന്റെ അടയാളമായി യേശു തന്റെ കോപത്തിൽ ദൈവാലയത്തെ ശുദ്ധീകരിച്ചു. യേശു പ്രവർത്തിക്കുവാൻ തയ്യാറുള്ളവൻ ആയിരുന്നു. അവൻ തന്റെ ജോലിയിൽ മടിയുള്ളവനായിരുന്നില്ല. അവൻ കയർകൊണ്ട് ഒരു ചമ്മട്ടി ഉണ്ടാക്കി ദൈവാലയത്തിൽ ആവശ്യമില്ലാത്ത എല്ലാവരേയും, എല്ലാറ്റിനേയും പുറത്താക്കി. അവൻ പൊൻവാണിഭക്കാരുടെയും കച്ചവടക്കാരുടെയും നേരെ ബലപ്രയോഗം നടത്തിയില്ല, എന്തുകൊണ്ടെന്നാൽ അവന്റെ കോപം അവരോടുള്ള വ്യക്തിപരമായ കോപമായിരുന്നില്ല, പിന്നെയോ അവരുടെ തിന്മ

പ്രവൃത്തികളോടുള്ളതായിരുന്നു. അവൻ പൊൻവാണിഭ ക്കാരുടെ മേശകളെ മറിച്ചിട്ടു മൃഗങ്ങളെയെല്ലാം പുറത്താക്കി. ഇത് ചെയ്യാവുന്ന വേറൊരു വ്യക്തിയും ഇല്ലായിരുന്നു. പ്രാവുകളെപ്പോലും ഒഴിവാക്കാൻ അവൻ അനുവദിച്ചില്ല. കാരണം അവൻ അപ്രകാരം അനുവദിച്ചാൽ അവ എന്നേക്കുമായി നശിക്കുമായിരുന്നു. അവയെ അവിടെ നിന്ന് കൊണ്ടു പോകുവാൻ അവയുടെ ഉടമസ്ഥരോടു പറഞ്ഞു. എന്നിട്ടവൻ എല്ലാവരോടുമായി പറഞ്ഞു: "എന്റെ പിതാവിന്റെ ആലയത്തെ വാണിഭശാല ആക്കരുത്." ദൈവജനത്തിൽനിന്നു സ്വയം മാറിനിന്നിട്ട്, "എന്റെ പിതാവിന്റെ ആലയം" എന്നു വിശേഷിപ്പിച്ച ഇവൻ ആര്? ഒരു പ്രവാചകനോ അപ്പൊസ്തലനോ സ്വർഗ്ഗത്തിലെ ദൂതനോ അത്തരം വാക്കുകൾ എന്നെങ്കിലും സംസാരിച്ചിട്ടുണ്ടോ? ദൈവാലയത്തിലെ പുരുഷാരത്തിന്റെ മുമ്പിൽ നിന്നു കൊണ്ട് അവരുടെ വഴികൾ നേരെയാക്കാനും ജാതികളുടെ സ്ഥാനം പൊൻവാണിഭ സ്ഥലവും കച്ചവട സ്ഥലവുമാക്കുന്നതിനു സമ്മതിക്കാത്തവനുമാകാത്തവനു മായ ഇവൻ ആർ? അവർക്ക് ആവശ്യമുള്ളത് ചന്തയിൽ പോയി വാങ്ങുവാൻ ആജ്ഞാപിക്കുന്ന ഇവർ ആർ? മതനേതാക്കന്മാർക്കെതിരായി നിന്നവനും കച്ചവടക്കാരുമായി കരാറുണ്ടാക്കാനുള്ള അവരുടെ അധികാരത്തെ തകർത്തവനുമായ ഇവൻ ആർ? പണസംബന്ധമായ അവരുടെ എല്ലാ കണക്കുകളും താറുമാറാക്കികൊണ്ട് അവരുടെ പശുക്കളേയും ആട്ടിൻകുട്ടികളേയും ഓടിച്ചു കളവാൻ ഇവനെന്തവകാശം? ഉത്സവത്തിന്റെ ഉച്ചസമയത്ത് മതനേതാക്കളുടേയും കച്ചവടക്കാരുടേയും താത്പര്യങ്ങൾക്കു ഹാനി വരുത്തുവാൻ ഇവനെങ്ങനെ സാധിക്കും? യഹൂദരാഷ്ട്രത്തിന്റെ നേതാക്കന്മാരെയും അവരെ പിന്താങ്ങുന്ന റോമൻ ഗവൺമെന്റിനേയും അവഹേളിക്കുവാൻ ഇവനെങ്ങനെ ധൈര്യമുണ്ടായി? മതപുരോഹിതരും ലേവ്യരും അവരുടെ

ശുശ്രൂഷ നിത്യവും നിർവ്വഹിച്ചു കൊണ്ടിരിക്കെ ഇങ്ങനെയുള്ള കാര്യങ്ങൾ യേശുവിന് എങ്ങനെ ചെയ്യാൻ സാധിക്കും? വ്യാപാരാവശ്യങ്ങൾക്കായി കച്ചവടക്കാർക്ക് ദൈവാലയത്തിൽ ഇടവും അവകാശവും മഹാപുരോഹിതൻ കല്പിച്ചു കൊടുത്തിരിക്കെ ഇങ്ങനെ ചെയ്യാൻ യേശുവിനെങ്ങനെ സാധിക്കും?

ഇപ്രകാരം പ്രവർത്തിക്കാനും ആ പ്രവൃത്തി വിജയിപ്പിക്കാനും തനിക്കു സാധിച്ചത് മനുഷ്യന്റെ മനസ്സാക്ഷി ഈ കാര്യത്തിൽ വിജയിക്കുന്നതിന് അവനെ സഹായിച്ചു എന്നാണ്. പാപികൾ അവരുടെ മനസ്സാക്ഷിയുടെ മുമ്പിലും മറ്റുള്ളവരുടെ മുമ്പിലും ഭീരുക്കൾ ആണ്. നീതിമാൻ എപ്പോഴും ധൈര്യമുള്ളവനായിരിക്കും. ജ്ഞാനിയായ ശലോമോൻ പറഞ്ഞു: “ആരും ഓടിക്കാതെ ദുഷ്ടന്മാർ ഓടിപ്പോകുന്നു; നീതിമാന്മാരോ ബാലസിംഹം പോലെ നിർഭയമായിരിക്കുന്നു” (സദൃശ്യവാക്യങ്ങൾ 28:1). ദൈവാലയഭരണകർത്താക്കളുടേയും കച്ചവടക്കാരുടേയും മനസ്സാക്ഷി യേശുവിന് തന്റെ പ്രവൃത്തിക്കു സഹായകമായി. അവൻ അധികാരത്തോടുകൂടി തന്റെ പിതാവിന്റെ ആലയത്തെ പൊൻവാണിഭശാല ആക്കരുതെന്ന് ആജ്ഞാപിച്ചപ്പോൾ അവർ അവനെ അനുസരിച്ചു. കൂടാതെ യോഹന്നാൻ സ്നാപകന്റെ സാക്ഷ്യം കച്ചവടക്കാരെ പുറത്താക്കാനുള്ള തന്റെ അധികാരത്തെ ഉറപ്പിച്ചു. ക്രിസ്തുവിനെപ്പറ്റി ആരായുവാൻ മതനേതാക്കൾ ഒരു സംഘത്തെ മുമ്പ് യോഹന്നാൻ സ്നാപകന്റെ അടുത്തേക്കു അയച്ചിരുന്നു. അവർ കാനാവിൽ നടന്ന അത്ഭുതത്തെപ്പറ്റിയും കേട്ടിരിക്കാം. അത് അവന്റെ ആത്മീകാധികാരത്തെ വെളിപ്പെടുത്തിയെന്നും വരാം. പുരുഷാരത്തിന്റെ ഇടയിൽ ഉണ്ടായിട്ടുള്ളതും യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷയാലുളവായതുമായ ആത്മീയ ഉണർവ്വു നവീകരണത്തിനവരുടെ ഹൃദയത്തെ സജ്ജമാക്കിയിരിക്കും.

ഭക്തിയുള്ളവരുടെ സംഖ്യാരാജ്യത്തു പരിമിതമായിരുന്നെങ്കിലും അവരുടെ പ്രതികരണത്തിൽ മതനേതാക്കന്മാർ ബോധവാന്മാരായിരുന്നു.

മതനേതാക്കളോടുള്ള മത്സരത്തിൽ ക്രിസ്തുവിന് വിജയിക്കുവാൻ ആ വക കാര്യങ്ങൾ വഴി ഒരുക്കി. അവന്റെ സ്വാഭാവികമായ പരിശുദ്ധിയും ദൈവവുമായിട്ടുള്ള ബന്ധത്തിൽ മറ്റുള്ളവരിൽനിന്നു തനിക്കുള്ള വേർപാടും 'എന്റെ പിതാവിന്റെ ആലയം' എന്നുള്ള വാക്കുകളിൽ പ്രതിഫലിച്ചിരിക്കുന്നു. വിശുദ്ധിയിൽനിന്നുളവാകുന്ന ഭയബഹുമാനാദികൾ വിലയിരുത്തുവാൻ സാധ്യമല്ല.

അവൻ ദൈവത്താലയയ്ക്കപ്പെട്ട ഒരു അപ്പൊസ്തലനോ പ്രവാചകനോ അല്ലെങ്കിൽ ദൈവാലയത്തെ സംബന്ധിച്ച അവരുടെ നടപടികളിൽ കൈകടത്താൻ അവനൊരവകാശവുമില്ലെന്നു മഹാപുരോഹിതന്മാർ എതിർത്തു. അഥവാ അവകാശമുണ്ടെങ്കിൽ അവരുടെല്ലാവരുടേയും മുമ്പിൽ വെച്ച് ഒരു പ്രത്യേക അടയാളം കാണിച്ച് അവന്റെ ദൈവീകനിയോഗം തെളിയിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. അങ്ങനെയെങ്കിൽ ദൈവീക കാര്യങ്ങളിലുള്ള തന്റെ അധികാരത്തിന് കീഴ്പ്പെടുവാൻ അവർ സന്നദ്ധരാണെന്നും പറഞ്ഞു.

തന്റെ അധികാരത്തെ ചോദ്യം ചെയ്യാൻ അവർക്കൊരവസരം ലഭിക്കാതിരിക്കാൻ ഈ കാര്യത്തിൽ യേശു അവർക്ക് കീഴ്പ്പെട്ടില്ല. അവൻ പൂർണ്ണമായി മൗനം അവലംബിച്ചു. വാസ്തവത്തിൽ അവന്റെ വ്യക്തിത്വം തന്നെ അത്ഭുതമാണെന്ന് അതു തെളിയിച്ചു. അത്ഭുതങ്ങളിൽവെച്ച് ഏറ്റവും വലിയ അത്ഭുതം അതായിരുന്നു. അവർക്കതു വ്യക്തമാകണമെങ്കിൽ അവനെ കൊല്ലുകയും മൂന്ന് ദിവസത്തിനുശേഷം അവൻ ഉയർത്തെഴുന്നേൽക്കയും ചെയ്യണം. അവൻ വെല്ലുവിളിച്ചു;" ഈ മന്ദിരം

പൊളിപ്പിൻ - ഞാൻ മൂന്നു ദിവസത്തിനകം അതു പണിയും.”

ഹൃദയകാഠിന്യം ഇല്ലാതിരുന്നെങ്കിൽ യേശു പറഞ്ഞത് അവരുടെ മഹാപുരോഹിതന്മാർക്കു മനസ്സിലാകുമായിരുന്നു. യെശയ്യാ പ്രവാചകന്റെ വാക്കുകൾ ശ്രദ്ധിക്കുന്നതിൽ അവർ പരാജയപ്പെട്ടു:

***“സ്വർഗ്ഗം എന്റെ സിംഹാസനവും***
***ഭൂമി എന്റെ പാദപീഠവുമാകുന്നു.***
***നിങ്ങൾ എനിക്കു പണിയുന്ന***
***ആലയം ഏതുവിധം.***

***എന്റെ വിശ്രമസ്ഥലവുമേത്? എന്റെ കയ്യ് ഇതൊക്കെയും ഉണ്ടാക്കി, അങ്ങനെയാകുന്നു ഇതൊക്കെയും ഉളവായത് എന്നു യഹോവ അരുളിച്ചെയ്യുന്നു; എങ്കിലും അരിഷ്ടനും മനസ്സുതകർന്നവനും എന്റെ വചനത്തിൽ നിറക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും.”***

***(യെശയ്യാവ് 66:1, 2)***

ശിഷ്യനായ സ്തേഫാനോസ് ഈ വാക്കുകളെ വിവരിച്ചു പറഞ്ഞത്, ‘‘അത്യുന്നതൻ കൈപ്പണി ആയതിൽ വസിക്കുന്നില്ലതാനും” എന്നാണ് (അപ്പൊസ്തലപ്രവൃത്തികൾ 7:48). യേശുവിന്റെ മറുപടി അവർക്കു മനസ്സിലായില്ല. “ഈ മന്ദിരം പൊളിപ്പിൻ” എന്ന അവന്റെ വാക്കുകൾ ദൈവദൂഷണമായി അവർ കരുതിയതിനാൽ കോപിഷ്ടരായി.

ഈ പുതിയ യെഹൂദഗുരുവിന് ദൈവത്തിന്റെ വിശുദ്ധ മന്ദിരം പൊളിച്ചിടാൻ അവരെ ക്ഷണിക്കുന്ന

തിന്നു എങ്ങനെ കഴിഞ്ഞു. അത് യെഹൂദജാതിയുടെ ഏറ്റവും വലിയ അഭിമാന സ്തംഭമായിരുന്നു. മൂന്നു ദിവസത്തിനകം ഇതു പോലുള്ളൊരു മന്ദിരം പണിയുമെന്ന് പറയുന്ന ഇവൻ ആർ? ഹെരോദാ രാജാവ് അവന്റെ സകല ധനവും, സ്വാധീനതയും, ഊർജ്ജവും ഉപയോഗിച്ച് 46 വർഷം കൊണ്ടാണ് അതു നന്നാക്കുകയും അറ്റകുറ്റപ്പണികൾ തീർക്കുകയും ചെയ്തത്. ഈ ദരിദ്രനും ഗലീലക്കാരനുമായ ചെറുപ്പക്കാരൻ മൂന്നു ദിവസത്തിനുള്ളിൽ എങ്ങനെ അത് വീണ്ടും പണിയും? 'മന്ദിരം പൊളിപ്പിൻ' എന്നു യേശു പറഞ്ഞത് തന്റെ ശിഷ്യന്മാർക്കും മനസ്സിലായിരുന്നില്ല. യെഹൂദന്മാർ അവനെ ക്രൂശിച്ചതു വരെ ഈ വാക്കുകളുടെ അർത്ഥം അവർക്ക് മനസ്സിലായിരുന്നില്ല. അവന് മരിച്ചവരിൽ നിന്നും മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു. അപ്പോഴാണ് അത് തന്റെ ശരീരമായ ദൈവാലയത്തേപ്പറ്റിയാണു പറഞ്ഞതെന്ന് അവർക്ക് മനസ്സിലായതും അവരുടെ നാഥനിലുള്ള വിശ്വാസം സ്ഥിരമായതും - അവരുടെ സ്വന്ത രാഷ്ട്രം അവനെ നിരസിച്ചുവെങ്കിലും അവൻ കാണിച്ച ആ ധൈര്യത്തിന്റെ രഹസ്യം - യെഹൂദ മൂപ്പന്മാരെ എതിർത്തതിന്റെ രഹസ്യം - ദാവീദിന്റെ വാക്കുകളുടെ പൂർത്തീകരണമായിരുന്നു. "നിന്റെ ആലയത്തെ കുറിച്ചുള്ള എരിവ് എന്നെ തിന്നു കളഞ്ഞു" (സങ്കീർത്തനം 69:9).

ഭരണാധികാരികൾ മൂന്നു വർഷങ്ങൾക്കുശേഷം യേശുവിന്റെ വാക്കുകൾ ഓർത്ത് അവനെ കൊല്ലുന്നതിനായി അത് ഉപയോഗിച്ചു. അവനോടു പ്രതികാരം ചെയ്താൽ അതേ വാക്കുകൾ ഉപയോഗിച്ച് അവനോടു ഇടപ്പെട്ടു. യേശു ഉയർത്തെഴുന്നേൽ ക്കാതിരിക്കാൻ അവന്റെ കല്ലറക്കു കാവൽ നിർത്തുവാൻ പീലാത്തോസിനോടാവശ്യപ്പെട്ടപ്പോൾ അവന്റെ അതേ വാക്കുകൾ അവർ എടുത്തു പറയുകയായിരുന്നു (ഉപയോഗിക്കുകയായിരു

ന്നു). മാത്രമല്ല അത് അവരുടെ വിദ്വേഷവും വെറുപ്പുമാകുന്ന അഗ്നിയെ കത്തിച്ചു; അവനെ അവസാനം കുരിശിൽ വക വരുത്തി. “എന്റെ പിതാവിന്റെ ആലയത്തെക്കുറിച്ചുള്ള എരിവ് എന്നെ തിന്നു കളഞ്ഞു” എന്നുള്ള പ്രവചനം നിവർത്തിക്കപ്പെട്ടു. ദൈവാലയ ശുദ്ധീകരണത്തിന്റെ ഫലം മാഞ്ഞുപോകുമെന്നും പഴയ സ്ഥിതിയിലേക്കു ആകുമെന്നും യേശു അറിഞ്ഞിരുന്നു. മൂന്ന് വർഷം കഴിഞ്ഞു പെരുന്നാളിന്റെ സമയത്ത് അങ്ങനെ ഒരു ശുദ്ധീകരണം നടത്തിയതായി നാം കാണുന്നു. വീണ്ടും അത് ആവർത്തിക്കുവാൻ അവൻ മടിച്ചില്ല. സൽ ക്രിയകളുടെ ഫലം നമ്മുടെ ജീവിതത്തിൽ ഇല്ലാതാകുമ്പോൾ വീണ്ടും അത് നിഷ്ഠയോടെ തുടർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. യേശു കോപിച്ച ആദ്യ സന്ദർഭം അതായിരുന്നതു കൊണ്ട് ഈ കോപം അവന്റെ പൂർണ്ണതയുമായി എങ്ങനെ പൊരുത്തപ്പെടും എന്നു നമുക്കും ന്യായമായി ചോദിക്കാവുന്നതാണ്. “ദയ ഒരു ദുഷ്പ്രവൃത്തി ആയിത്തീരാവുന്നതുപോലെ കോപം നല്ല സ്വഭാവവുമാകാം” എന്നാണ് അതിനുള്ള ഉത്തരം. വിശുദ്ധ കോപം സ്വാർത്ഥതയുള്ളതായിരിക്കുകയില്ല, തെറ്റായ ഉദ്ദേശ്യത്തോടുകൂടി ആയിരിക്കുകയില്ല. പൗലോസ് പറഞ്ഞു: “കോപിച്ചാൽ പാപം ചെയ്യരുത്, സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വെച്ചു കൊണ്ടിരിക്കരുത്. പിശാചിന്നു ഇടം കൊടുക്കരുത്”. ഈ വിശുദ്ധാലയം ദുഷിപ്പിച്ചപ്പോൾ യേശു കോപിച്ചു. എന്തെന്നാൽ ഈ ഭൗതീക ലോകത്തിൽ പരിശുദ്ധനായ ദൈവത്തിന്റെ കാര്യമാണ് അത് പ്രതിനിധീകരിച്ചത്. ദൈവത്തിന്റെ നാമവും, ആലയവും, അവന്റെ ദിവസവും, വാക്കുകളും, ദാസന്മാരും എല്ലാം വിശുദ്ധീകരിക്കപ്പെട്ടതാണ്. പരിശുദ്ധനായ ദൈവത്തെ പ്രതി അവയെ ബഹുമാനിക്കേണ്ടതാണ്. ഈ കാര്യങ്ങളെ ലാഘവത്തോടുകൂടി ആരെങ്കിലും കൈ

കാര്യം ചെയ്താൽ ദൈവാലയത്തെ അശുദ്ധമാക്കുന്ന വരുടെ മേൽ ഉണ്ടായതുപോലെ ദൈവകോപത്തിന് ഇടയാകും.

സുവിശേഷപ്രകാരം ദ്രവ്യാഗ്രഹം സകലവിധ ദോഷങ്ങൾക്കും കാരണമാകയാൽ മനുഷ്യർ പണത്തെ സ്നേഹിച്ചപ്പോൾ ക്രിസ്തുവിന് കോപമുണ്ടായി. "ദ്രവ്യാ ഗ്രഹം സകലവിധ ദോഷങ്ങൾക്കും കാരണമാകുന്നു" (തിമോത്തി 6:10). "എന്റെ പിതാവിന്റെ ആലയത്തെ വാണിഭശാലയാക്കരുത്" എന്ന ക്രിസ്തുവിന്റെ വാക്കുകൾ വ്യക്തമാക്കുന്നത് വ്യാപാരസംബന്ധമായ ലാഭം അവ രുടെ ഹൃദയത്തിലെ ദൈവസ്നേഹത്തെ മാറ്റിക്കളഞ്ഞു എന്നാണ്. "രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല. അങ്ങനെ ചെയ്താൽ ഒരുത്തനെ പകച്ച് മറ്റവനെ സ്നേഹിക്കും, അല്ലെങ്കിൽ ഒരുത്തനോടു പറ്റി ച്ചേർന്ന് മറ്റവനെ നിരസിക്കും. നിങ്ങൾക്കു ദൈവത്തേയും മാമോനെയും സേവിപ്പാൻ കഴികയില്ല" (മത്തായി 6:24). നീ ദൈവത്തെയാണോ പണത്തെയാണോ സേവിക്കുന്ന തെന്ന് നിന്റെ പ്രവൃത്തി വെളിവാക്കുന്നു. പണം അതിൽ തന്നെ നല്ലതാണ്. എന്നാൽ അതിനെ അമിതമായി സ്നേ ഹിക്കുമ്പോൾ വിശുദ്ധമായത് ദുഷിക്കപ്പെടുകയും മതത്തെ വ്യാപാര ലാഭത്തിനുവേണ്ടി ഉപയോഗിക്കുകയും ചെയ്യുന്നു. അപ്പോൾ അത് തിന്മയായിത്തീരുന്നു. ആത്മീക കാര്യങ്ങളിൽ പണത്തിന് മുൻതൂക്കം നൽകുന്നത് വിഗ്രഹാരാധനയാണ്.

ഈ മത്സരത്തിൽ യേശു യെഹൂദ നേതാക്കളെ ജയിച്ചു. എല്ലാ തിന്മയുടെയും ഉത്ഭവസ്ഥാനമായ പിശാ ചിനേയും അവൻ കീഴ്പ്പെടുത്തി. അവർ ആവശ്യപ്പെട്ട അത്ഭുതങ്ങൾ കാണിക്കുവാൻ യേശു വിസമ്മതിച്ചെ ങ്കിലും അവൻ യെരുശലേമിൽ പ്രയോജനകരമായ ചില

തു ചെയ്തു; പലരും അവനിൽ വിശ്വസിച്ചു. "യേശുവോ എല്ലാവരേയും അറിക കൊണ്ടു തന്നെത്താൻ അവരുടെ പക്കൽ വിശ്വസിച്ചു ഏല്പിച്ചില്ല" എന്ന് യോഹന്നാൻ അപ്പൊസ്തലൻ പറഞ്ഞില്ലായിരുന്നുവെങ്കിൽ അത് അവനെ സന്തുഷ്ടനാക്കിയെന്നു എല്ലാവരും കരുതുമായി രുന്നു (യോഹന്നാൻ 2:24).

ഈ ആളുകളുടെ വിശ്വാസം ആത്മാവിൽ നിന്നോ ഹൃദയത്തിൽ നിന്നോ വരാതെ അവരുടെ മനസ്സിൽ നിന്നാണ് എന്നുതോന്നാം. അവ താഴ്ചയില്ലാത്തിടത്തുള്ള ചെടികളെപ്പോലെയായിരുന്നു. അവ അധികനാൾ ജീവിച്ചിരുന്നില്ല. പീഡനത്തിന്റെ ചൂടുവന്നപ്പോൾ അവ ഉണങ്ങിക്കരിഞ്ഞു പോയി. ക്രിസ്തുവിനെ അംഗീകരിച്ച വരിൽ ചിലർ പീഡനങ്ങൾ വന്നപ്പോൾ, പ്രത്യേകിച്ച് അവരുടെ സ്വന്തക്കാരിൽ നിന്നും പീഡനം വന്നപ്പോൾ പിറകോട്ടുമാറി. ഭൗതീകാനുഗ്രഹങ്ങൾ ക്രിസ്ത്യാനികൾ എക്കാലവും ആസ്വദിക്കുന്നില്ല എന്നു മനസ്സിലാക്കിയ പ്പോൾ മറ്റു ചിലർ പിൻവാങ്ങിപ്പോയി. സുവിശേഷം മറ്റാരെപ്പറ്റിയും പറയാത്തതും പറയാൻ സാധിക്കാത്ത തുമായ ഒരു സാക്ഷ്യം ക്രിസ്തുവിനെപ്പറ്റി പറയുന്നു. "മനുഷ്യനിലുള്ളത് എന്തെന്നു സ്വതവേ അറിഞ്ഞിരിക്ക യാൽ തനിക്കു മനുഷ്യനെക്കുറിച്ച് യാതൊരുത്തന്റേയും സാക്ഷ്യം ആവശ്യമായിരുന്നില്ല" (യോഹന്നാൻ 2:25). ഒരു പ്രവാചകനെപ്പറ്റിയോ അപ്പൊസ്തലനെപ്പറ്റിയോ അങ്ങനെ ഒരിക്കലും പറഞ്ഞിട്ടില്ല. ഇതിൽ നിന്നും ക്രിസ്തുവിലുള്ള ദൈവീകവും മാനുഷികവുമായ സ്വഭാവങ്ങളുടെ സമ്മേളനം കൊണ്ടു മനുഷ്യഹൃദയങ്ങ ളെപ്പറ്റി ശരിയായി മനസ്സിലാക്കാൻ അവന്നു സാധിച്ചെന്ന് നമുക്കറിയാവുന്നതാണ്. ഈ ഹൃദയ പരിജ്ഞാനം കൊണ്ട് എന്തുമാത്രം നന്മയുണ്ടായി എന്നു നമുക്കു തുടർന്നും കാണാവുന്നതാണ്.

***“ദൈവമേ, നിർമ്മലമായോരു ഹൃദയം
എന്നിൽ സൃഷ്ടിച്ച് സ്ഥിരമായോരു
ആത്മാവിനെ എന്നിൽ പുതുക്കേണമേ,
നിന്റെ സന്നിധിയിൽ നിന്ന് എന്നെ
തള്ളിക്കളയരുതേ,
നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ
നിന്നു എടുക്കയുമരുതേ.”***

*(സങ്കീർത്തനങ്ങൾ 51:10–11)*

✳ ✳ ✳

# V

# നിക്കോദെമൊസ് യേശുവിനെ സന്ദർശിക്കുന്നു

*“പരീശന്മാരുടെ കൂട്ടത്തിൽ യെഹൂദന്മാരുടെ ഒരു പ്രമാണി ആയി നിക്കോദെമൊസ് എന്നു പേരുള്ളോരു മനുഷ്യൻ ഉണ്ടായിരുന്നു. അവൻ രാത്രിയിൽ അവന്റെ അടുക്കൽ വന്നു അവനോടു: റബ്ബീ, നീ ദൈവത്തിന്റെ അടുക്കൽ നിന്നു ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു, ദൈവം തന്നോടുകൂടെ ഇല്ലെങ്കിൽ നീ ചെയ്യുന്ന ഈ അടയാളങ്ങളെ ചെയ്‌വാൻ ആർക്കും കഴികയില്ല എന്നു പറഞ്ഞു. യേശു അവനോടു: ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു, പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല എന്നു ഉത്തരം പറഞ്ഞു. നിക്കോദെമൊസ് അവനോടു: മനുഷ്യൻ വൃദ്ധനായ ശേഷം ജനിക്കുന്നതു എങ്ങനെ? രണ്ടാമതും അമ്മയുടെ ഉദരത്തിൽ കടന്നു ജനിക്കാമോ എന്നു ചോദിച്ചു. അതിന് യേശു: ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു; വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല. ജഡത്താൽ ജനിച്ചതു ജഡമാകുന്നു; ആത്മാവിനാൽ ജനിച്ചതു ആത്മാവാകുന്നു. നിങ്ങൾ പുതുതായി ജനിക്കേണം എന്നു ഞാൻ നിന്നോടു പറകയാൽ ആശ്ചര്യപ്പെടരുത്. കാറ്റ് ഇഷ്ടമുള്ളേടത്തു ഊതുന്നു,*

*അതിന്റെ ശബ്ദം നീ കേൾക്കുന്നു, എങ്കിലും അതു എവിടെ നിന്നു വരുന്നു എന്നും എവിടേക്കു പോകുന്നു എന്നും അറിയുന്നില്ല. ആത്മാവിനാൽ ജനിച്ചവൻ എല്ലാം അതുപോലെ ആകുന്നു എന്നു ഉത്തരം പറഞ്ഞു.*

*നിക്കോദേമൊസ് അവനോടു: ഇതു എങ്ങനെ സംഭവിക്കും എന്നു ചോദിച്ചു. യേശു അവനോടു ഉത്തരം പറഞ്ഞതു: നീ യിസ്രായേലിന്റെ ഉപദേഷ്ടാവായിരുന്നിട്ടും ഇതു അറിയുന്നില്ലയോ? ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: ഞങ്ങൾ അറിയുന്നതു പ്രസ്താവിക്കയും കണ്ടതു സാക്ഷീകരിക്കയും ചെയ്യുന്നു, ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ കൈക്കൊള്ളുന്നില്ലതാനും. ഭൂമിയിലുള്ളതു നിങ്ങളോടു പറഞ്ഞിട്ടു നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ സ്വർഗ്ഗത്തിലുള്ളതു നിങ്ങളോടു പറഞ്ഞാൽ എങ്ങനെ വിശ്വസിക്കും? സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വന്ന (വനായി സ്വർഗ്ഗത്തിൽ ഇരിക്കുന്നവനായി) മനുഷ്യപുത്രൻ അല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറീട്ടില്ല. മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനേയും ഉയർത്തേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനു തന്നെ. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവന്നും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചത് ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ. അവനിൽ വിശ്വസിക്കുന്ന*

***വന്നു ന്യായവിധി ഇല്ല; വിശ്വസിക്കാത്തവന്നു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു.***

***ന്യായവിധി എന്നതോ, വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളതു ആകയാൽ അവർ വെളിച്ചത്തേക്കാൾ ഇരുളിനെ സ്നേഹിച്ചതു തന്നെ. തിന്മ പ്രവർത്തിക്കുന്ന വനെല്ലാം വെളിച്ചത്തെ പകക്കുന്നു, തന്റെ പ്രവൃത്തിക്കു ആക്ഷേപം വരാതിരിപ്പാൻ വെളിച്ച ത്തിങ്കലേക്കു വരുന്നതുമില്ല. സത്യം പ്രവൃത്തിക്കു ന്നവനോ, തന്റെ പ്രവൃത്തി ദൈവത്തിൽ ചെയ്തിരിക്കയാൽ അതു വെളിപ്പെടേണ്ടതിന് വെളിച്ചത്തിങ്കലേക്കു വരുന്നു" (യോഹന്നാൻ 3:1-21).***

ആ ശാന്തമായ രാത്രിയിൽ ഒരു മാന്യനായ യെഹൂദൻ യേശുവിന്റെ അടുക്കൽ വന്നു. അവന്റെ പേർ നിക്കോദേമൊസ് എന്നായിരുന്നു. അവൻ യിസ്രായേലിന്റെ ഉപദേഷ്ടാവായിരുന്നു. യെഹൂദപ്രമാണിയായിരുന്നു. അവൻ സന്നദ്രീം സംഘത്തിലെ അംഗമായിരുന്നു. 70 പണ്ഡിതന്മാരുള്ളതും യെഹൂദജനത്തെ ഭരിക്കുന്നതു മായ ഒരു സംഘമായിരുന്നു അത്. ക്രിസ്തുവിന്റെ ജീവിതത്തിലെ ഒരു പ്രധാന വ്യക്തിയായിരുന്നു നിക്കോ ദേമൊസ്, എന്തെന്നാൽ യേശുവിന്റെ ഉപദേശങ്ങളാൽ സ്വാധീനിക്കപ്പെട്ട സന്നദ്രിം സംഘത്തിലെ ആദ്യത്തെ അംഗവുമായിരുന്നു. ക്രിസ്തുവിന്റെ ധാർമ്മിക ഉപദേശ ങ്ങളെ അംഗീകരിക്കുന്നതിനുള്ള ഉത്തരവാദിത്വം അവന്നാ യിരുന്നു. മതത്തിന്റെ അടിസ്ഥാന തത്ത്വങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടായിരിക്കും അങ്ങനെയുള്ള പ്രഭാഷണങ്ങളെന്ന് ആരും പ്രതീക്ഷിക്കും.

കഫർന്നഹൂമിൽ നിന്നും തിരിച്ചുവന്നശേഷം

ക്രിസ്തുവിനേയും തന്റെ ശിഷ്യന്മാരേയും സൽക്കരിക്കുന്ന ഒരു ഭവനത്തിലേക്ക് നമ്മുടെ ചിന്തയെ തിരിക്കാം. പകിട്ടേറിയ വസ്ത്രവും ധരിച്ചുള്ള നിക്കോദേമൊസിന്റെ പെട്ടെന്നുള്ള വരവ് ഒരു കോളിളക്കം സൃഷ്ടിച്ചിരിക്കാം. ഒരു പരീശൻ എന്ന നിലയിൽ അവന്റെ ശിരോവസ്ത്രം പ്രദർശിപ്പിക്കുന്നതിൽ അവനും അഭിമാനിച്ചിരിക്കാം. ആ വസ്ത്രത്തിനു പൊടിപ്പും തൊങ്ങലും ദൃശ്യമായ പല വിശേഷങ്ങളും ഉണ്ടായിരുന്നിരിക്കും. അവനെ വലിയ ആദരവോടുകൂടി എല്ലാവരും സ്വീകരിച്ചിരിക്കും. എന്തെന്നാൽ ധനവും, പഠിപ്പും, സ്ഥാനവും, നേതൃത്വവും, പ്രായോഗിക നന്മകളുമുള്ള ഒരു യെഹൂദ മൂപ്പനായിരുന്നു അവൻ. രാത്രിയിൽ ആ ചെറിയ ഭവനത്തിലേക്കുള്ള അവന്റെ വരവ് ആ സമൂഹത്തെ അത്ഭുതപരതന്ത്രരാക്കി. അവൻ പരീശനും സന്നദ്രീം സംഘാംഗവുമായതിനാൽ മാത്രമല്ല, പിന്നെയോ യേശു ദേവാലയത്തെ ശുദ്ധീകരിച്ചതിനു ശേഷം, പ്രധാന പുരോഹിതന്മാരെ കോപാകുലരാക്കിയതിനുശേഷമുള്ള സന്ദർശനമായിരുന്നു അത്. ഈ ഭരണകർത്താവിനെ എല്ലാവരും എഴുന്നേറ്റ് ഉപചരിച്ചതായി നമുക്കു വിചാരിക്കാം. ക്രിസ്തുവിനും തന്റെ കൂട്ടുകാർക്കും ഈ വന്ദ്യസന്ദർശകൻ തന്റെ സംഭാഷണം ആരംഭിക്കുന്നതു കാത്തിരിക്കേണ്ടി വന്നിരിക്കാം. തന്റെ സന്ദർശനോദ്ദേശ്യം വെളിപ്പെടുത്തുന്നതിന്നായി നിക്കോദേമോസ് സംസാരിച്ചപ്പോൾ ക്രിസ്തുവിനോടുള്ള തന്റെ വ്യക്തിപരമായ ആദരവ് പ്രദർശിപ്പിച്ചു; ഗുരു എന്നർത്ഥമുള്ള റബ്ബീ എന്നാണ് അവൻ വിളിച്ചത്. യെഹൂദന്മാരുടെ ഇടയിലെ ഏറ്റവും വലിയ ബഹുമതി ഇതായിരുന്നു. ദൈവശാസ്ത്ര സെമിനാരിയിൽ നിന്നും ബിരുദം എടുക്കുന്നവർക്കു കൊടുക്കുന്ന ബഹുമതിയാണിത്. ഒരു പാഠശാലയിലും പഠിക്കുകയോ, ബിരുദം എടുക്കുകയോ ചെയ്യാത്ത ഒരു സാധാരണ ചെറുപ്പക്കാരന് ഇങ്ങനെ ഒരു ബഹുമതി ആരും പ്രതീക്ഷിച്ചു കാണില്ല. നിക്കോദേമൊസ് തന്റെ വിശ്വാസം പ്രകടിപ്പിക്കുന്നു. “നീ ദൈവ

ത്തിൽ നിന്നു വന്ന ഉപദേഷ്ടാവായി ഞങ്ങൾ അറിയുന്നു". തന്റെ ജനത്തിന്റെ റബ്ബീമാരെക്കാൾ ഉന്നത പദവി യേശുവിനുണ്ടെന്ന് അവൻ സമ്മതിക്കുകയാ യിരുന്നു. ഈ റബ്ബീമാർ ദൈവത്താൽ അയക്കപ്പെട്ടവരാ യിരുന്നില്ല. തങ്ങളുടെ സ്കൂളുകളിൽ നിന്നും ഭരണാധികാ രികളിൽ നിന്നും ആ പദവി (റബ്ബീ) ലഭിച്ചവരാണ്. പഠിപ്പുള്ളവനാകയാൽ വളരെ ശക്തിയായ തെളിവുകളോ ടുകൂടി മാത്രമേ അവൻ യാതൊരു കാര്യവും അംഗീകരിച്ചി രുന്നുള്ളൂ. ദൈവം തന്നോടുകൂടി ഇല്ലെങ്കിൽ ഒരുത്തനും യേശു ചെയ്തതുപോലെ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ കഴിയുകയില്ലെന്ന് അവൻ പറഞ്ഞു. ശീമോനെപ്പോലെ ഭക്തിയുള്ളവനും യിസ്രായേലിന്റെ മശിഹായെ കാത്തിരി ക്കുന്നവനുമായിരുന്നു നിക്കോദേമമൊസ്. അതുകൊണ്ടാ ണ് ഈ പുതിയ ഗുരു ക്രിസ്തുവാണോ എന്നറിയാൻ അവൻ വന്നത്. യേശുവിന്റെ മറുപടിയിൽ നിന്നും നിക്കോദേമൊസ് സ്വയത്തിൽ അഭിമാനിക്കുന്നവനും സ്വയനീതിയിലും പാരമ്പര്യത്തിലും ആശ്രയിച്ച് രക്ഷ നേടാൻ കാത്തിരുന്നവനുമാണെന്ന് മനസ്സിലാക്കാം. മോശെയുടെ ന്യായപ്രമാണം അവന് കൃത്യമായി അനുസരിച്ചിരുന്നു. പണത്തിലും നല്ല പ്രവൃത്തിയിലും അവൻ സമ്പന്നൻ ആയിരുന്നു. ദൈവീക നിയമങ്ങളിലും മതപരമായ കാര്യങ്ങളിലും സമർത്ഥനായിരുന്നതിനാൽ സ്വർഗ്ഗരാജ്യത്തിലും അവൻ ഒന്നാമനായിരിക്കുമെന്ന് ജനങ്ങൾ കരുതി. അവന്റെ വലിപ്പവും അന്തസ്സും മനുഷ്യരുടെ ദൃഷ്ടിയിൽ, അവനു പറുദീസയിൽ വിശുദ്ധന്മാരോടുകൂടി നല്ല ഒരു സ്ഥാനം ലഭിക്കുമെന്ന് തോന്നിച്ചു. നിക്കോദേമൊസിനെപ്പോലെ എത്രയോ പേർ മതപരമായ കാര്യങ്ങളിലും സഭാനടപടികളിലും ബാഹ്യമായ സ്നേഹപ്രകടനങ്ങളിലും കൂടി രക്ഷ നേടാമെന്ന് വ്യാമോഹിക്കുന്നു. നിക്കോദേമൊസ് തന്റെ വാക്കുകളാൽ യേശുവിനെ ബഹുമാനിച്ചു എന്ന് കരുതാം. അവൻ അതിനുശേഷം ക്രിസ്തുവിന്റെ അംഗീകാരത്തിനും

നന്ദിപ്രകടനത്തിനുമായി കാത്തിരുന്നു. നിക്കോദേമൊസിന്റെ സാക്ഷ്യം കേട്ടതിൽ യേശുവിന്റെ ശിഷ്യന്മാർ ശുഭാപ്തി വിശ്വാസവും അഭിമാനവും ഉള്ളവരായിത്തീർന്നു എന്നതിന് സംശയമില്ല. എന്നാൽ യേശു ഒരു വിശ്വസ്ത ആത്മീക വൈദ്യൻ എന്ന നിലയിൽ തന്റെ സന്ദർശകന്റെ ഹൃദയത്തിലെ ആത്മീക രോഗം മനസ്സിലാക്കി. തന്റെ മിഥ്യാബോധമാകുന്ന മാലിന്യം മാറ്റിക്കളയേണ്ടതിന്നായി ഒരു ലഘു ശസ്ത്രക്രിയ നടത്തി തക്ക മരുന്നു പുരട്ടി ശമിപ്പിക്കാൻ പരമ വൈദ്യനായ ക്രിസ്തു നിശ്ചയിച്ചു. തെറ്റിപ്പോകുന്ന ആത്മാക്കളെ അവർ ആശ്രയിക്കുന്ന മായയായ പിൻബലങ്ങളിൽ നിന്നും വേർതിരിക്കുകയാണ് രക്ഷയുടെ ആദ്യത്തെ പടി. നിക്കോദേമൊസ് രക്ഷക്കായി തന്നെത്താൻ ചുറ്റിയ തെറ്റായ എല്ലാ ആശാവലയങ്ങളെയും യേശു തന്റെ വാക്കുകളാൽ കീറിമുറിക്കുന്നു. നിക്കോദേമൊസിന്റെ മാന്യതയും ആദരവും കലർന്ന വാക്കുകൾക്കു അവൻ പ്രതികരിക്കുന്നില്ല. എന്നാൽ അവൻ പറഞ്ഞു "ആമേൻ, ഞാൻ നിന്നോടു പറയുന്നു: നീ പുതുതായി ജനിച്ചില്ല എങ്കിൽ സ്വർഗ്ഗരാജ്യം കാണുകയില്ല". വേറൊരു വിധത്തിൽ പറഞ്ഞാൽ: 'നീ മേലിൽ നിന്നും ജനിക്കാത്തവനാകയാൽ നീ സ്വർഗ്ഗരാജ്യം കാണുകയില്ല''. രണ്ടാം (വീണ്ടും) ജനനത്തെപ്പറ്റി നിക്കോദേമൊസ് അറിവില്ലാത്തവനല്ലായിരുന്നു, കാരണം പഴയനിയമത്തിൽ അത് കാണുന്നുണ്ട്. എന്നാൽ യെഹൂദന്മാർ, അത് ജാതികൾക്കു മാത്രമുള്ളതാണെന്നും യെഹൂദമതം സ്വീകരിച്ച്, പരിച്ഛേദന ഏറ്റു മോശെയുടെ ന്യായപ്രമാണം അനുസരിച്ചെങ്കിൽ മാത്രമേ അവൻ രക്ഷിക്കപ്പെടുകയുള്ളൂ എന്നും തെറ്റിദ്ധരിച്ചിരുന്നു. എല്ലാ യെഹൂദന്മാരും ഈ വകകാര്യങ്ങൾ നേരത്തേ അനുഷ്ഠിക്കുന്നതിനാൽ രണ്ടാം ജനനത്തിന്റെ ആവശ്യം അവർക്കില്ലെന്നും വിചാരിച്ചിരുന്നു. അതുകൊണ്ടാണ്

യേശുവിന്റെ വാക്കുകളിൽ നിക്കോദെമൊസിന് ആശ്ചര്യമുണ്ടായത്. അതിന്റെ സത്യാവസ്ഥയെക്കുറിച്ചുള്ള തന്റെ ബലമായ സംശയം അവന്റെ മറുപടിയിൽ വ്യക്തമാണ്. ഭൗമിക ജനനത്തെപ്പറ്റിയാണ് ക്രിസ്തുവിന്റെ വാക്കുകൾ സൂചിപ്പിക്കുന്നതെന്ന് തനിക്കു തോന്നിയതായി അവൻ തുറന്നു പറയുകയും ചെയ്യുന്നു.

യേശുവിനെപ്പറ്റി യെശയ്യാവു പ്രവചിച്ചത്: "ചതഞ്ഞ ഓട അവൻ ഒടിച്ചുകളകയില്ല, പുകയുന്ന തിരി കെടുത്തിക്കളയുകയില്ല" എന്നാണ് (യെശയ്യാവ് 4:3). നിക്കോദേമോസിനെ പുതുജനനത്തിലേക്കു നയിക്കുവാൻ യേശു ശ്രമിച്ചതിൽ ഈ പ്രവചനം നിവൃത്തിയായി. അവന്റെ കഠിന ഹൃദയത്തിനും ആത്മീക കാര്യങ്ങളുടെ ആക്ഷരീകമായ വിശദീകരണത്തിനും യേശു അവനെ ശാസിച്ചില്ല. നിക്കോദേമോസ് പറഞ്ഞ വാക്കുകളെ ആവർത്തിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വിശദീകരണങ്ങൾ നൽകുകയുമാണ് യേശു ചെയ്തത്. സ്വർഗ്ഗീയ ജനനം വെള്ളത്താലും ആത്മാവിനാലുമാണെന്ന് അവൻ നിക്കോദേമൊസിന്നു വ്യക്തമാക്കി. വെള്ളത്താലെന്നുള്ളത് വചന കേൾവിയാലുള്ള മാനസാന്തരവും ജല സ്നാനത്താലെന്നുള്ളത് അടയാളവും മുദ്രയുമാണ്. ആത്മാവ് എന്നതിന് രണ്ടാം ജനനമെന്ന പ്രക്രിയ നടത്തുന്ന പരിശുദ്ധാത്മാവ് എന്നർത്ഥം. അതിനാൽ അന്തരിക ശുദ്ധീകരണമുണ്ടാകുന്നു. അതിന്റെ ബാഹ്യമായ ശുദ്ധീകരണച്ചിഹ്നമാണ് ജലസ്നാനം. "പാപത്തിൽ മരിച്ചു നീതിക്കു ജീവിക്കുക" എന്നു നാം പറയുന്നതേതിനെയാണോ (റോമർ 6) അതിന്റെ ഫലമായിട്ടാണ് ഇത് ദൈവമക്കൾക്കല്ലാതെ മറ്റാർക്കും സ്വർഗ്ഗരാജ്യത്തിനവകാശമില്ലാതാകുന്നത്. ദൈവമക്കളാകുന്നതിന് ദൈവത്തിൽ നിന്നും ജനിക്കുകയല്ലാതെ വേറെ മാർഗ്ഗമില്ല. ഇത് ആത്മീകാനുഭവം മാത്രമാണ്.

മാതാപിതാക്കളിൽ നിന്ന് ഒരുവൻ ഭൗമികമായി ജനിക്കുന്നു, എന്നാൽ പരിശുദ്ധാത്മാവിനാലാകട്ടെ അവൻ ആത്മീകമായി ജനിക്കുന്നു.

ബുദ്ധിപരമായ തത്ത്വശാസ്ത്രത്തിന് ഇത് മനസ്സിലാക്കാൻ സാധിക്കാത്തതിനാൽ അംഗീകരിക്കപ്പെടുകയില്ലെന്നു ക്രിസ്തുവിനറിയാമായിരുന്നു. ആത്മീകവും മാർമ്മികവുമായ രണ്ടാം ജനനത്തെപ്പറ്റി മനസ്സിലാക്കാൻ നിക്കോദേമൊസിനു കഴിയാഞ്ഞതിൽ ക്രിസ്തു അവനെ കുറ്റപ്പെടുത്തിയില്ല. എന്നാൽ അവനത് മനസ്സിലായില്ലെങ്കിലും ആത്മീക യാഥാർത്ഥ്യങ്ങൾക്കു കീഴ്പ്പെട്ടിരിക്കാനും അതംഗീകരിക്കാനും അവനോട് യേശു ആവശ്യപ്പെട്ടു. ഇത് തെളിയിക്കുന്നതിന് യേശു പറഞ്ഞു: "കാറ്റു ഇഷ്ടമുള്ളേടത്തു ഊതുന്നു. അതിന്റെ ശബ്ദം നീ കേൾക്കുന്നുവെങ്കിലും അതു എവിടെ നിന്നു വരുന്നുവെന്നും എവിടേക്കു പോകുന്നുവെന്നും അറിയുന്നില്ല. ആത്മാവിനാൽ ജനിച്ചവനെല്ലാം അതുപോലെ ആകുന്നു എന്നു ഉത്തരം പറഞ്ഞു" (യോഹന്നാൻ 3:8). ഈ വാക്കുകൾ കേട്ടിട്ടും നിക്കോദേമൊസിന്റെ സംശയങ്ങളെല്ലാം ദുരീകരിക്ക പ്പെടാഞ്ഞതിനാൽ ഇതെങ്ങനെ സംഭവിക്കുമെന്ന് അവൻ ചോദിച്ചു. വിദ്യാസമ്പന്നൻ ആയിട്ടും അത് വ്യക്തമാക്കാൻ അവൻ അപേക്ഷിച്ചു. നിക്കോദേമൊസിന്റെ ഈ ചോദ്യം ലോകത്തിന്റെ മുഴുവൻ നിത്യാനുഗ്രഹത്തിന്റെ ദൂതാക്കി ക്രിസ്തു മാറ്റി. ഒരു ചെറിയ ശാസനയോടുകൂടി തന്റെ കുറവുകളെ അവന്നു ബോധ്യമാക്കിക്കൊടുത്തു "നീ യിസ്രായേലിന്റെ ഉപദേഷ്ടാവായിരുന്നിട്ടും ഇതു അറിയുന്നില്ലയോ". ഏറ്റവും വിലയേറിയ ഒരു സത്യം വെളിപ്പെടുത്തുന്നതിനുള്ള അവസരമായിട്ടിതു പരിണമിച്ചു. ലോകം മുഴുവൻ അംഗീകരിക്കേണ്ടതും ഏറ്റവും പ്രധാനപ്പെട്ടതും മനോഹരവുമായ സുവിശേഷ സൂക്തങ്ങളെ അവ ഉൾക്കൊള്ളുന്നു. ***"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന***

***ഏവന്നും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം ക്രിസ്തുവിനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹന്നാൻ 3:16).***

സ്വർഗ്ഗീയ കാര്യങ്ങളെപ്പറ്റി ആധികാരികമായി സംസാരിക്കുവാനുള്ള തന്റെ അവകാശം നിക്കോദേമൊസുമായുള്ള സംഭാഷണാരംഭത്തിൽ തന്നെ യേശു വ്യക്തമാക്കി. അവൻ കണ്ടതും അവൻ അറിഞ്ഞതും മാത്രം പറഞ്ഞു. "സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്നവനും സ്വർഗ്ഗത്തിൽ ഇരിക്കുന്നവനുമായ മനുഷ്യപുത്രനല്ലാതെ ആരും സ്വർഗ്ഗത്തിലേക്കു കയറിപ്പോയിട്ടില്ല". അതിനാൽ സ്വർഗ്ഗീയമായ വീണ്ടും ജനനത്തിന്റെ ആവശ്യകത വ്യക്തമാക്കുന്ന അവന്റെ വാക്കുകൾ അംഗീകരിക്കേണ്ടതുണ്ട്. അവ എത്രമാത്രം ആശ്ചര്യകരമായി തോന്നിയാൽപ്പോലും, ഒരു പാപിയുടെ പ്രാകൃത ഹൃദയം അതിക്രമങ്ങളാലും പാപത്താലും മരിച്ച അവസ്ഥയിലാണെന്നുള്ള യാഥാർത്ഥ്യത്തിൽ അടിസ്ഥാനപ്പെട്ടതാണ് ഈ വാക്കുകൾ. ഇത് യഥാർത്ഥമായ ആത്മീകമരണമാണ്. എന്നാൽ സ്വർഗ്ഗത്തിലുള്ളവർ ആത്മീകമായി ജീവനുള്ളവരാണ്. അതിനാൽ മരിച്ചവർക്കു ജീവനുള്ളവരോടുകൂടെയായിരിപ്പാൻ കഴികയില്ല. സ്വർഗ്ഗീയ വിശുദ്ധിക്കും വീഴ്ച സംഭവിച്ച മനുഷ്യ സ്വഭാവത്തിനും തമ്മിൽ യാതൊരു ബന്ധവുമില്ല. വീഴ്ച സംഭവിച്ച സ്വഭാവത്തോടുകൂടി ഒരുത്തൻ സ്വർഗ്ഗത്തിൽ പോയെന്ന് സങ്കല്പിച്ചാൽ പോലും അവിടെ അവന്നിഷ്ടമുള്ളതൊന്നും ഉണ്ടായിരിക്കുകയില്ല, കാരണം അവന്റെ സുഖങ്ങളെല്ലാം ഭൗതികം മാത്രമാണ്. അതിനാൽ അവന്നു അവിടെ കഴിയാനും ഇഷ്ടം കാണുകയില്ല. തന്മൂലം സ്വർഗ്ഗീയ പൗരന്മാർ അവനേയും അംഗീകരിക്കുകയില്ല, എന്തെന്നാൽ ചീഞ്ഞഴുകിക്കൊണ്ടിരിക്കുന്ന ഒരു ശവത്തെ വെറുക്കുന്നതുപോലെ കൊള്ളരുതാത്തതായിത്തീർന്ന സ്വഭാവത്തെ

അവരും വെറുക്കും. ക്രിസ്തുവിന്റെ ഉപദേശമനുസരിച്ചു യഥാർത്ഥ ഭക്തി ആന്തരികമാണ്, ബാഹ്യമല്ല. അത് പ്രധാനമായും ദൈവം മനുഷ്യനു ദാനം ചെയ്ത ജീവനാണ്. തൽഫലമായി അതിൽ നിന്ന് ആത്മീക ഫലങ്ങൾ ഉളവാകുന്നു. വെറും ഭൗതീകമായ അവസ്ഥാ വിശേഷത്തിൽ നിന്നും ആത്മീകമായ വീണ്ടുംജനന ത്തിന്റെ അനുഭവത്തിലേക്കുള്ള മാറ്റം ഉണ്ടാകുന്നു - അതും നാം അർഹിക്കാതിരുന്ന ദൈവകൃപയാൽ മാത്രം. നമ്മുടെ പഴയ അവസ്ഥയിൽ നിന്നു നിത്യമഹത്വത്തി ലേക്കു കടക്കുന്നതിനുള്ള വാതിൽ തുറക്കുന്നത് ഈ താക്കോൽ ഉപയോഗിച്ചാണ്. ദൈവത്തിന്റെ ദാനം അനുഭവമാക്കാൻ അവന്റെ പ്രകാശം മൂലം നമ്മുടെ മനസ്സിനു രൂപാന്തരം വരണം. നമ്മുടെ വികാരങ്ങൾ വിശു ദ്ധീകരിക്കപ്പെട്ടും, നമ്മുടെ ഇച്ഛ പുതുക്കപ്പെട്ടും, നമ്മുടെ നടപ്പു നീതിയുള്ളതായും തീരണം. ഈ കാര്യങ്ങളിൽ നമുക്കു മാറ്റം സംഭവിക്കുന്നില്ലെങ്കിൽ നാം വീണ്ടും ജനനം പ്രാപിച്ചിട്ടില്ല എന്നാണർത്ഥം. അങ്ങനെയെങ്കിൽ സ്വർഗ്ഗ രാജ്യം ഒരിക്കലും കാണുകയില്ല.

ഈ രൂപാന്തരമാണ് പൗലോസിനോടു ചേർന്ന് ഒരു വിശ്വാസിയെക്കൊണ്ടു പറയിക്കുന്നത്: "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു" (ഫിലിപ്പിയർ 4:13) എന്ന് ഈ പുതുക്ക ത്തിൽ ഒരു മനുഷ്യനു മുമ്പ് ചെയ്യാൻ കഴിയാഞ്ഞതെല്ലാം ചെയ്യാൻ കഴിയുന്നു - ശത്രുക്കളെ സ്നേഹിക്കാനും, മറ്റുള്ളവരെ സേവിക്കാനും തന്നെത്തന്നെ സമർപ്പിക്കാ നും, അപരിചിതർക്കു വേണ്ടി തന്റെ ജീവനെ ഉപേക്ഷി ക്കാനും വ്യക്തിപരമായ പ്രാർത്ഥനയിലും ആത്മീക പഠനത്തിലും ആനന്ദം കണ്ടെത്താനുമെല്ലാം അവന്നു സാദ്ധ്യമാകുന്നു.

കൂടാതെ ജനതാ മദ്ധ്യത്തിലേക്കു യേശു പരത്തുന്ന യഥാർത്ഥ വെളിച്ചം സാധാരണ അംഗീകരിക്കപ്പെടുന്നില്ല. കാരണം അവരുടെ പ്രവൃത്തികൾ ഇരുട്ടിൽ ചെയ്യുന്നതിനാലും വെളിച്ചത്തു കൊണ്ടുവരാൻ കഴിയാത്തതിനാലുമത്രേ ഈ വിചിത്രമായ അവസ്ഥ സംജാതമാകുന്നത്.

നിക്കോദേമോസുമായിട്ടുള്ള ഈ സംഭാഷണത്തിൽ ക്രിസ്തീയ വിശ്വാസത്തിന്റെ സുപ്രധാന മൂലക്കല്ല് തൃപ്തികരമായി അവതരിപ്പിച്ചിരിക്കുന്നു. ഇതിൽ യേശുവിനെ മനുഷ്യപുത്രനായും ദൈവപുത്രനായും നാം കാണുന്നു. ഏകദൈവത്തിലെ ത്രിത്വത്തെയും, നമുക്ക് ദർശിക്കാവുന്നതാണ്. ഇതു ത്രിത്വത്തിന്റെ വസ്തുതയേയും ദൈവത്തിന്റെ ഏകത്വത്തേയും പിൻതാങ്ങുന്നു. അവസാനമായി ക്രിസ്തുവിന്റെ പ്രവാചക, പുരോഹിത, രാജകീയ ശുശ്രൂഷകളേയും കാണുന്നു.

വരാൻ പോകുന്ന കാര്യങ്ങൾ പ്രവചിച്ചു വിശദമാക്കുന്നതിന് മനുഷ്യർക്കു പ്രവാചകന്മാരുടെ ആവശ്യമുണ്ട്. ദൈവം മുമ്പാകെ അവരെ പ്രതിനിധീകരിക്കുന്നതിനും പാപങ്ങൾക്കു പരിഹാരമുണ്ടാക്കി ദൈവത്തോടു നിരപ്പിക്കുന്നതിനും പുരോഹിതനേയും ആവശ്യമുണ്ട്. ഭരിക്കുന്നതിനും രാജ്യകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും രാജാവിനേയും ആവശ്യമുണ്ട്. ഈ മൂന്നു ജോലികളും എല്ലാ ധാർമ്മികാവശ്യങ്ങൾക്കും ഭരണാവശ്യങ്ങൾക്കും വേണ്ടതാണ്. ഈ മൂന്ന് ജോലികളും യേശു തന്റെ അതുല്യമായ വ്യക്തിത്വത്തിൽ യോജിപ്പിച്ചു. യിസ്രായേലിന്റെ ചരിത്രത്തിൽ യേശു ക്രിസ്തു ഒഴികെ ഈ മൂന്ന് ജോലികളും ചെയ്ത ഒരു വ്യക്തിയെ കാണുന്നില്ല. പ്രവാചകന്മാരും പുരോഹിതന്മാരും രാജാക്കന്മാരുമെല്ലാം നിഴലുകളായിരുന്നു. യേശുവിങ്കലേക്കു വിരൽ ചൂണ്ടുന്ന വിശുദ്ധ അഭിഷിക്ത

ന്മാരായിരുന്നു. തന്റെ വരവിനു മുമ്പേ ആവശ്യമായിരുന്ന ഈ മൂന്നു ജോലികളും യേശു വന്നപ്പോൾ അവനിൽ ഇതെല്ലാം നിറവേറ്റപ്പെട്ടു. സ്വർഗ്ഗീയ കാര്യങ്ങളെപ്പറ്റി പറയുന്ന പ്രവാചകനാണ് യേശു. അവൻ ദൈവേ ഷ്ടത്തേയും സ്വഭാവത്തേയും അതുപോലെ മനുഷ്യന്റെ ഹൃദയരഹസ്യങ്ങളേയും വെളിപ്പെടുത്തി. അവൻ ഇപ്പോഴും ഗുരു തന്നെയാണ്. അവന്റെ ആത്മാവ് മനുഷ്യന്റെ നന്മക്ക് ആവശ്യമായതെല്ലാം അവനെ പഠിപ്പിക്കുന്നു.

മനുഷ്യനുവേണ്ടി പുരോഹിതനായി ക്രിസ്തു പ്രവർത്തിക്കുന്നു. എല്ലാവരുടേയും പാപത്തിന്റെ പരിഹാരത്തിന്നായി അവൻ തന്നെത്തന്നെ ബലിയർ പ്പിച്ചു. ആ ദൈവകുഞ്ഞാട്, എല്ലാവരുടെയും പാപവിമോ ചകനായി, വീണ്ടെടുപ്പുകാരനായി നിലകൊള്ളുന്നു. അതിനാൽ അവനിൽ വിശ്വസിക്കുന്ന ഒരുവനും നിത്യമായി മരിക്കുന്നില്ല. മരുഭൂമിയിൽ മോശെ ഉയർത്തിയ സർപ്പത്തെപ്പോലെ അവൻ കുരിശിൽ തൂങ്ങിയാണ് ഈ രക്ഷ സമ്പാദിച്ചത്.

“അങ്ങനെ മോശെ താമ്രം കൊണ്ട് ഒരു സർ പ്പത്തെ ഉണ്ടാക്കി കൊടിമരത്തിന്മേൽ തൂക്കി. പിന്നെ സർപ്പം ആരെയെങ്കിലും കടിച്ചിട്ടു അവൻ താമ്ര സർ പ്പത്തെ നോക്കിയാൽ ജീവിക്കും” (സംഖ്യാ പുസ്തകം 21:9).

***“മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനേയും ഉയർത്തേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനു തന്നെ.”***

*(യോഹന്നാൻ 3:14, 15).*

മാനസാന്തരപ്പെട്ട് തന്നിൽ വിശ്വസിക്കുന്ന ഏതൊരു വ്യക്തിക്കും യേശു പൂർണ്ണമായ - ദാനമായ പാപമോചനം ഉടൻ വിളംബരം ചെയ്യുന്നു. പിതാവിന്റെ മുന്നിൽ പക്ഷവാദം കഴിച്ചുകൊണ്ട് വിശ്വാസികൾക്കു വേണ്ടി അവൻ വാദിക്കുകയും അപേക്ഷിക്കുകയും ചെയ്യുന്നു.

രാജാവെന്ന നിലയിൽ സ്വമനസാ ഹൃദയം കൊടുത്ത തന്റെ ജനങ്ങളുടെ മേൽ അവൻ വാഴുന്നു, അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നു, അവരുടെ ശത്രുക്കുളെ തോൽപ്പിക്കുന്നു, തന്റെ നിത്യ രാജ്യത്തിന്റെ പങ്കാളികളാക്കുന്നു. അവൻ രാജാവായില്ലായിരുന്നെങ്കിൽ രക്ഷക്കായി തന്നിൽ വിശ്വസിക്കുവാൻ ആഹ്വാനം ചെയ്യുകയില്ലായിരുന്നു. നേരെ മറിച്ച്, പ്രവാചകന്മാർ ചെയ്തതുപോലെ ദൈവത്തിൽ മാത്രം വിശ്വസിക്കുവാൻ പറയുമായിരുന്നു. പ്രവാചകനും, പുരോഹിതനും, രാജാവും എന്ന നിലയിൽ അവൻ ഇപ്പോൾ ആത്മീകാത്ഭുതങ്ങൾ സൃഷ്ടിക്കുന്നു. അവൻ ഭൂമിയിലായിരുന്നപ്പോൾ മനുഷ്യരുടെ ഇടയിൽ ചെയ്ത ഭൗതികാത്ഭുതങ്ങളെക്കാൾ എത്രയോ ശ്രേഷ്ഠമാണത്.

***"ആമേൻ, ആമേൻ***
***ഞാൻ നിന്നോടു പറയുന്നു***
***പുതുതായി ജനിച്ചില്ല എങ്കിൽ***
***ദൈവരാജ്യം കാണ്മാൻ ആർക്കും***
***കഴിയുകയില്ല."***

*(യോഹന്നാൻ 3:3)*

✳ ✳ ✳

# VI

# യേശു ഒരു ശമര്യാ സ്ത്രീയെ കണ്ടുമുട്ടുന്നു

*“അവൻ യെഹൂദ്യദേശം വിട്ടുപിന്നെയും ഗലീലക്കു യാത്രയായി. അവൻ ശമര്യയിൽക്കൂടി കടന്നുപോകേണ്ടി വന്നു. അങ്ങനെ അവൻ സുഖാർ എന്നൊരു ശമര്യപട്ടണത്തിൽ യാക്കോബ് തന്റെ പുത്രനായ യോസേഫിന്നു കൊടുത്ത നിലത്തിനരികെ എത്തി. അവിടെ യാക്കോബിന്റെ ഉറവു ഉണ്ടായിരുന്നു. യേശു വഴി നടന്നിട്ടു ക്ഷീണിച്ചിട്ടു ഉറവിന്നരികെയിരുന്നു. അപ്പോൾ ഏകദേശം ആറാം മണി നേരമായിരുന്നു. ഒരു ശമര്യ സ്ത്രീ വെള്ളം കോരുവാൻ വന്നു, യേശു അവളോടു: എനിക്കു കുടിപ്പാൻ തരുമോ എന്നു ചോദിച്ചു. അവന്റെ ശിഷ്യന്മാർ ഭക്ഷണ സാധനങ്ങളെ കൊള്ളുവാൻ പട്ടണത്തിൽ പോയിരുന്നു.*

*ശമര്യ സ്ത്രീ അവനോടു: നീ യെഹൂദൻ ആയിരിക്കെ ശമര്യക്കാരത്തിയായ എന്നോടു കുടിപ്പാൻ ചോദിക്കുന്നതു എങ്ങനെ എന്നു പറഞ്ഞു. യെഹൂദന്മാർക്കും ശമര്യർക്കും തമ്മിൽ നമ്പർക്കമില്ല. – അതിന്നു യേശു നീ ദൈവത്തിന്റെ ദാനവും നിന്നോടു കുടിപ്പാൻ ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞു എങ്കിൽ നീ അവനോടു ചോദിക്കുകയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു എന്നു ഉത്തരം പറഞ്ഞു. സ്ത്രീ അവനോടു: യജമാനനേ, നിനക്കു കോരുവാൻ പാത്രം ഇല്ലല്ലോ; കിണർ ആഴമുള്ള*

*താകുന്നു; പിന്നെ ജീവനുള്ള വെള്ളം നിനക്കു എവിടെ നിന്നു? നമ്മുടെ പിതാവായ യാക്കോബിനെക്കാൾ നീ വലിയവനോ? അവൻ ആകുന്നു ഈ കിണർ ഞങ്ങൾക്കു തന്നതു; അവനും അവന്റെ മക്കളും മൃഗങ്ങളും ഇതിലെ വെള്ളം കുടിച്ചുപോന്നു എന്നു പറഞ്ഞു. യേശു അവളോടു: ഈ വെള്ളം കുടിക്കുന്നവനു എല്ലാം പിന്നെയും ദാഹിക്കും. ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന്നോ ഒരു നാളും ദാഹിക്കയില്ല: ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കു പൊങ്ങി വരുന്ന നീരുറവയായിത്തീരും എന്നു ഉത്തരം പറഞ്ഞു. സ്ത്രീ അവനോടു: യജമാനനേ, എനിക്കു ദാഹിക്കാതെയും ഞാൻ കോരുവാൻ ഇവിടത്തോളം വരാതെയുമിരിക്കേണ്ടതിനു ആ വെള്ളം എനിക്കു തരേണം എന്നു പറഞ്ഞു.*

*യേശു അവളോടു: പോയി ഭർത്താവിനെ വിളിച്ചു കൊണ്ടുവരിക എന്നു പറഞ്ഞു. എനിക്കു ഭർത്താവില്ല എന്നു സ്ത്രീ അവനോടു ഉത്തരം പറഞ്ഞതിനു എനിക്കു ഭർത്താവില്ല എന്നു നീ പറഞ്ഞതു ശരി. അഞ്ചു ഭർത്താക്കന്മാർ നിനക്കു ഉണ്ടായിരുന്നു; ഇപ്പോൾ ഉള്ളവനോ ഭർത്താവല്ല; നീ പറഞ്ഞതു സത്യം തന്നെ എന്നു യേശു പറഞ്ഞു. സ്ത്രീ അവനോടു: യജമാനനേ, നീ പ്രവാചകൻ എന്നു ഞാൻ കാണുന്നു. ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ നമസ്കരിച്ചു വന്നു; നമസ്കരിക്കേണ്ടുന്ന സ്ഥലം യെരുശലേമിൽ ആകുന്നു എന്നു നിങ്ങൾ പറയുന്നു എന്നു പറഞ്ഞു.*

*യേശു അവളോടു പറഞ്ഞതു: സ്ത്രീയേ, എന്റെ വാക്കു വിശ്വസിക്ക; നിങ്ങൾ പിതാവിനെ*

*നമസ്ക്കരിക്കുന്നതു ഈ മലയിലുമല്ല, യരുശലേമിലും അല്ല എന്നുള്ള നാഴിക വരുന്നു. നിങ്ങൾ അറിയാത്തതിനെ നമസ്ക്കരിക്കുന്നു; ഞങ്ങളോ അറിയുന്നതിനെ നമസ്ക്കരിക്കുന്നു. രക്ഷ യെഹൂദന്മാരുടെ ഇയടിൽനിന്നല്ലോ വരുന്നതു. സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു. തന്നെ നമസ്ക്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കേണമെന്ന് പിതാവു ഇച്ഛിക്കുന്നു. ദൈവം ആത്മാവാകുന്നു. അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കേണം.*

*സ്ത്രീ അവനോടു : മശീഹാ – എന്നുവെച്ചാൽ ക്രിസ്തു വരുന്നു എന്നു ഞാൻ അറിയുന്നു; അവൻ വരുമ്പോൾ സകലവും അറിയിച്ചുതരും എന്നു പറഞ്ഞു. യേശു അവളോടു: നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെ മശീഹ എന്നു പറഞ്ഞു" (യോഹന്നാൻ 4:3–26).*

യേശു യെഹൂദ്യയിൽനിന്നും ഗലീലയിലേക്ക് സഞ്ചരിക്കയായിരുന്നു. ഏറ്റവും എളുപ്പവും ചെറുതുമായ വഴി യെഹൂദ്യയുടെയും (യരുശലേം അവിടെയാണ്) ഗലീലയുടെയും ഇടക്കുള്ള ശമര്യാവിൽക്കൂടി പോകുന്നതായിരുന്നു. ഗലീലയിലായിരുന്നു അവന്റെ ഭവനം. ശമര്യായിൽ കൂടി കടന്നു പോകേണ്ടതുള്ളതുകൊണ്ട് അവൻ ഈ വഴി തെരഞ്ഞെടുത്തു. യെഹൂദ്യന്മാരും ശമര്യക്കാരും തമ്മിലുള്ള വെറുപ്പു കൂടിക്കൂടി വന്നുകൊണ്ടിരുന്നു; അവർ തന്നിലുള്ള സ്വാഭാവിക ബന്ധവും അതിന്നു കാരണമായിരുന്നു. ബന്ധുക്കാർ തമ്മിലുള്ള

വൈരാഗ്യമാണ് ഏറ്റവും കയ്പ്പുള്ള വെറുപ്പ്! യെഹൂദന്മാർ ശമര്യരെ അശുദ്ധരായി കരുതിയിരുന്നു. എന്തെന്നാൽ അവർ ജാതികളിൽ നിന്ന് വന്നവരാണ്. അവർ അവരോട് ഒരുമിച്ചിരിക്കുകയോ, സംസാരിക്കു കയോ വളരെ അത്യാവശ്യം വരാതെ അവരുടെ സ്ഥലത്ത് കൂടി പോവുകയോ ചെയ്തിരുന്നില്ല. ഈ രണ്ടു കൂട്ടർ തമ്മിൽ പലപ്പോഴും സംഘട്ടനങ്ങളും കൊള്ളിവെയ്പ്പും ഉണ്ടായിട്ടുണ്ട്. 'ശമര്യക്കാരൻ' എന്ന പേരു തന്നെ യെഹൂദന്മാർക്ക് അപമാനമായിരുന്നു. യേശു ഈ ഇടുങ്ങിയ ചിന്താഗതിക്കെതിരായിരുന്നതുകൊണ്ടും തന്റെ ശിഷ്യന്മാരിൽനിന്നും വർഗ്ഗശത്രുതയും മതഭ്രാന്തും തുടച്ചുമാറ്റാൻ ആഗ്രഹിച്ചതിനാലും യേശു ശമര്യയിൽ കൂടി കടന്നുപോകാൻ തീരുമാനിച്ചു. തന്റെ വഴികളിൽ, യിസ്രായേലിന്ന് അപരിചതരുടെ ഇടയിൽ ആത്മീക വിത്തു വിതപ്പാനും ദൈവരാജ്യം അബ്രഹാമിന്റെ വംശപരമ്പരകൾക്കു മാത്രമായി മാറ്റിവെച്ചിരിക്കുന്നതല്ലാ എന്ന് തന്റെ അപ്പൊസ്തലന്മാരെ ബോധ്യപ്പെടുത്തു വാനും അവൻ ആഗ്രഹിച്ചു.

'യാക്കോബിന്റെ കിണർ' എന്ന ഒരു കിണർ ശേഖേമിൽ (നാബ്ലസ്) രണ്ടു പർവ്വതങ്ങളുടെ ഇടയിലാ യിരുന്നു; ഏബാലെന്നും ഗെരസിം എന്നുമായിരുന്നു അവയുടെ പേരുകൾ. ഈ സംഭവത്തിനുശേഷം അതു പ്രസിദ്ധിയുള്ളതായിത്തീർന്നു. ക്ഷിണിച്ചതിനാൽ യേശു ആ കിണറ്റിന്റെ അരികെയിരുന്നിട്ട്, തന്റെ ശിഷ്യന്മാരെ ഭക്ഷണം വാങ്ങുവാൻ സുഖാർ എന്ന പട്ടണത്തിലേക്ക യച്ചു. തന്റെയും തന്റെ ശിഷ്യന്മാരുടെയും ദാരിദ്ര്യത്തിൽ എപ്പോഴും മറ്റുള്ളവരുടെ ഔദാര്യത്തെ ആശ്രയിക്കുകയോ അപ്പം ഇരക്കുകയോ ചെയ്തിരുന്നില്ലെന്ന് ഈ സംഭവത്തിൽനിന്നു നമുക്കു മനസ്സിലാക്കാം. തന്നെ സ്നേഹിക്കുന്നവരും ബഹുമാനിക്കുന്നവരും കൊടുത്ത

പണം അവൻ ചെലവഴിച്ചിരുന്നു. ഈ തുകക്കും തന്റെ ഒരു ശിഷ്യനെ ചുമതലപ്പെടുത്തിയിരുന്നു.

ആ സമയത്ത് അവനു ക്ഷീണവും, ദാഹവും, വിശപ്പും അനുഭവപ്പെട്ടു അങ്ങനെ അവൻ നമ്മുടെ ബലഹീനതകളെ മനസ്സിലാക്കുകയും കഷ്ടപ്പെടുന്ന മനുഷ്യരോടു സഹതാപം കാണിക്കുകയും ചെയ്തു. “എന്തുകൊണ്ടാണ് യേശു തന്റെയും തന്റെ അനുയായികളുടെയും വിശപ്പിമാറ്റുന്നതിനത്ഭുതം കാണിക്കാതിരുന്നത്?” സ്വാഭാവിക പരിഹാരമുള്ളിടത്തു അത്ഭുതത്തിന്റെ ആവശ്യമില്ലെന്നുള്ളതാണ് അതിന്നു കാരണം. തനിക്ക് മാത്രം പ്രയോജനമുള്ള ഒരു അത്ഭുതവും യേശു ഒരിക്കലും ചെയ്തില്ല. മരുഭൂമിയിൽ തനിക്കു വിശന്നപ്പോഴും, സാത്താൻ പരീക്ഷിക്കപ്പെട്ടപ്പോഴും സ്വാഭാവികമായി തന്റെ വിശപ്പിനു തൃപ്തിവരുത്താനുള്ള ഉപാധികൾ ഒന്നും ഇല്ലായിരുന്നു. തന്നെത്തന്നെ സഹായിക്കുന്നതിനായി അവൻ അത്ഭുതമൊന്നും പ്രവർത്തിച്ചില്ലെന്നുള്ളത് വാസ്തവമാണ്. നാം വായിക്കുന്നത് ദൂതന്മാർ വന്ന് അവനെ ശുശ്രൂഷിച്ചു എന്നാണ്.

യേശു ശിഷ്യന്മാരുടെ തിരിച്ചുവരവും പ്രതീക്ഷിച്ചു കാത്തിരിക്കുമ്പോൾ യാക്കോബിന്റെ കിണറ്റിൽനിന്ന് വെള്ളം കോരി തന്റെ ഭരണി നിറക്കുവാൻ അടുത്തു നിന്നും ഒരു ശമര്യ സ്ത്രീ വന്നു, ഈ കിണറ്റിലെ വെള്ളം പരിശുദ്ധമായിരിക്കും എന്നവൾ കരുതിയിട്ടായിരിക്കാം ഇവിടെ വന്നത്. ഒരു പക്ഷേ അവളുടെ സ്വന്ത പട്ടണത്തേക്കാൾ അവളെ വെറുക്കുകയും പുച്ഛിക്കുകയും അടുപ്പിക്കാതിരിക്കുകയും ചെയ്തിരിക്കാം. കിണറ്റിൻ കരയിൽ ഒരു യെഹൂദനെ കണ്ടപ്പോൾ വിശിഷ്യാ അവന്റെ വസ്ത്രവും മട്ടുംകണ്ട് അവൻ ഒരു മത ഗുരുവാണെന്ന്

അറിഞ്ഞ് അവൾ അമ്പരന്നിരിക്കാം. സാധാരണയായി ഈ സ്ഥാനത്തുള്ള ഒരുവൻ ശമര്യരെ വളരെ വെറുപ്പോടു കൂടിയേ വീക്ഷിച്ചിരുന്നുള്ളൂ.

നമ്മുടെ ശ്രദ്ധയെ ആകർഷിക്കത്തക്കവണ്ണം ക്രിസ്തുവും ഈ ശമര്യ സ്ത്രീയും തമ്മിൽ വേർപാടിന്റെ വലിയൊരു മതിലുണ്ടായിരുന്നു. ഒന്നാമത് അവൾ ഒരു ശമര്യ സ്ത്രീയും അവൻ ഒരു യെഹൂദഗുരുവായിരുന്നു. അവളുടെ ആളുകളുമായുള്ള യഹൂദന്റെയും ജാതിയുടെയും സങ്കര വർഗ്ഗമായിരുന്നു. വംശശുദ്ധി അവകാശപ്പെട്ടിരുന്ന യെഹൂദമതത്തോടുള്ള വിരോധികളായിരുന്നു അവർ. മനുഷ്യരുടെ ഇടയിലെ ഏറ്റവും കയ്പ്പുള്ള വഴക്കു മതപരമാണെന്നുള്ളതിന്നു സംശയമില്ല.

ബാബിലോന്യയിലെ അടിമത്തത്തിൽനിന്നും തിരിച്ചുവന്ന യെഹൂദന്മാർ ദേവാലയം പുതുക്കിപ്പണിയുന്നതിന്നു 'ശമര്യക്കാരെ അനുവദിച്ചില്ല. അവരോടു വളരെ മോശമായി പെരുമാറുകയും ചെയ്തു. അതിനുപകരം വീട്ടാനെന്നോണം മരിച്ചവരുടെ അസ്ഥികൾ എടുത്തെറിഞ്ഞു ദേവാലയം ശമര്യർ അശുദ്ധമാക്കി. ഇരുക്കൂട്ടരും തമ്മിലുള്ള വൈരാഗ്യം വലുതായിത്തീർന്നു. യെരുശലേം ദേവാലയത്തിലേക്കുള്ള പ്രവേശനം ശമര്യർക്കു നിഷേധിച്ചിരുന്നു. അതിനാൽ ഗറസീം പർവ്വതത്തിൽ ഒരു ആരാധനാലയം ഉണ്ടാക്കുവാൻ അവർ നിർബന്ധിതരായി. പൌരാണികത്വത്തിൽ യെരൂശലേമിനെക്കാൾ വിശുദ്ധമാണ് അവിടമെന്ന് അവർ അവകാശപ്പെട്ടു. അബ്രാഹം യിസഹാക്കിനെ ബലിയർപ്പിക്കാൻ കൊണ്ടുവന്നത് ഈ സ്ഥലമാണെന്നും അവർ അവകാശപ്പെട്ടു.

രണ്ടാമത്തെ തടസ്സം യെഹൂദപുരുഷന്മാർ, പ്രത്യേകിച്ചും മതഗുരുക്കന്മാർ പൊതുസ്ഥലത്തുവെച്ച്

അവരുടെ ഭാര്യമാരോ സഹോദരിമാരോ ആണെങ്കിൽ പോലും ആ സ്ത്രീകളോട് സംസാരിക്കാൻ ഇഷ്ടപ്പെട്ടിരുന്നില്ലെന്ന വസ്തുത അവൾ സ്ത്രീ എന്ന നിലയിൽ നല്ലവണ്ണം അറിഞ്ഞിരുന്നു. വാസ്തവത്തിൽ അവളുടെ പ്രാർത്ഥനയിൽ അവരെ സ്ത്രീകളാക്കാതെ പുരുഷ പ്രജയാക്കി സൃഷ്ടിച്ചതിൽ ദൈവത്തിനു സ്തോത്രം അർപ്പിച്ചിരുന്നു. അങ്ങനെയെങ്കിൽ ഒരു ശമര്യസ്ത്രീയോട്, എത്രമാത്രം പുച്ഛമായിരിക്കണം അവർക്കുണ്ടായിരുന്നത്.

മൂന്നാമത്തെ തടസ്സം അവൾ വഷളായ ഒരു സ്ത്രീയായിരുന്നു എന്നതാണ്. മാന്യമായ ഒരു യെഹൂദ ഗുരുവും വഷളായി ജീവകാലം മുഴുവൻ പാപത്തിൽ ജീവിച്ചവളും അപ്പോഴും പാപത്തിന്നടിമയായി ജീവിക്കുന്നവളുമായി ഒരു സമ്പർക്കം പുലർത്താൻ ആർക്കു കഴിയും.

ഇപ്രകാരമുള്ള മൂന്ന് തടസ്സങ്ങൾ മൂലം ഏറെ നേരത്തെ നടപ്പിനുശേഷം ആ ശമര്യസ്ത്രീ, കിണറ്റിൻ കരയിൽ യേശുവിനെ കണ്ടുമുട്ടിയപ്പോൾ പരിഭ്രമിച്ചു കാണുമെന്നു നമുക്ക് ന്യായമായി അനുമാനിക്കാം. അവൻ അവളോട് സംസാരിക്കുമെന്ന് ഒരിക്കലും അവൾ പ്രതീക്ഷിച്ചിരിക്കയില്ല. അവളും അവനോടു സംസാരിക്കാൻ ഇഷ്ടപ്പെട്ടു കാണുകയില്ല. എന്നാൽ ഒരു യെഹൂദന്റെ ആത്മാവിനെ സ്നേഹിച്ചതുപോലെ തന്നെ യേശു ആ ശമര്യ സ്ത്രീയുടെ ആത്മാവിനെയും സ്നേഹിച്ചു. എന്തെന്നാൽ അവനാണ് എല്ലാവരുടെയും സൃഷ്ടികർത്താവും. രക്ഷകനും, ന്യായാധിപതിയു മായിട്ടുള്ളത്. സ്നേഹിക്കുന്ന ഒരു മനുഷ്യനും വെറുക്കുന്ന ഒരു മനുഷ്യനും തമ്മിൽ യേശുവിനു വേർതിരിവില്ല, എല്ലാവരേയും രക്ഷിക്കാൻ അവൻ ആഗ്രഹിക്കുന്നു. ഒരു സ്ത്രീയെ പുച്ഛിക്കുന്നതിൽ യേശു ഒരിക്കലും യെഹൂദ

ന്മാരോടൊപ്പം പങ്കാളിയല്ല. പിന്നെയോ യേശു സ്ത്രീകളെ ബഹുമാനിച്ചു. മതത്തിൽ ആവശ്യമായിരിക്കുന്നത് ഹൃദയത്തിലുള്ള വിശ്വാസമാണ്. മനസ്സിലുള്ള ന്യായ പ്രമാണങ്ങൾ സ്വാഭാവത്തിലുള്ള അന്തസ്സാണ്.

സ്ത്രീപുരുഷ വ്യത്യാസമെന്യേ എല്ലാ മനുഷ്യ രാശിയുടെയും രക്ഷക്കാണ് യേശു ആഗ്രഹിക്കു ന്നത്. അതുകൊണ്ടാണു ഈ ശമര്യ സ്ത്രീയെ അവഗണിക്കാൻ യേശുവിനു മനസ്സു വരാഞ്ഞത്. അവൻ യോഗിയായ സ്നാപകനെപ്പോലെയായിരുന്നില്ല. തന്റെ ജനത്തിന്റെ പാരമ്പര്യങ്ങളും ചട്ടങ്ങളും അവനെ ആവരണം ചെയ്തതിനാൽ സ്ത്രീകളെ ഒഴിച്ചു നിറുത്തുവാൻ അവൻ പ്രേരിതനായി. എന്നാൽ തന്നെ ബഹുമാനിക്കുന്നതിനും അവരുടെ വസ്തുവകകളിൽ നിന്നു തന്നെ ശുശ്രൂഷി ക്കുന്നതിനും അവനെ അനുഗമിക്കുന്നതിനും ക്രിസ്തു സ്ത്രീകളെ അനുവദിച്ചു. ശമര്യ സ്ത്രീയുമായുള്ള കൂടിക്കാഴ്ചയിൽ ശമര്യയുടെ മാനസാന്തരത്തിൽ യേശു വിന്നുള്ള താത്പര്യത്തെ വ്യക്തമാക്കി. മനുഷ്യചരിത്ര ത്തിന്റെ ആരംഭത്തിൽ സാത്താൻ ഹവ്വയെ വീഴിക്കാൻ ബദ്ധപ്പെട്ടുവെങ്കിൽ ക്രിസ്തു ഹവ്വായുടെ പുത്രിമാരെ തന്റെ ശുശ്രൂഷയുടെ ആരംഭഘട്ടത്തിൽ തന്നെ ഉദ്ധരി ക്കാൻ തയ്യാറായി. ക്രിസ്ത്യാനിത്യത്തിന്റെ സവിശേഷത, അതു സ്ത്രീയെ സാമൂഹ്യമായും, ധാർമ്മികമായും, ആത്മീയമായും ഉദ്ധരിക്കുന്നുവെന്നതാണ്. ഏദൻതോട്ട ത്തിലെ ഹവ്വാ യുടെ പതനത്തിനുശേഷം സ്ത്രീകളിൽ ആരോപിച്ചിരുന്ന ലജ്ജയും അപവാദവും കന്യക മറിയ ത്തിൽനിന്നും ജഡം ധരിച്ചതിനാൽ യേശു എടുത്തു കളഞ്ഞു. തന്റെ ശുശ്രൂഷാ കാലം മുഴുവൻ ക്രൂശിങ്കലും, ഉയർത്തെഴുനേല്പിലും യേശു സ്ത്രീകളെ ബഹുമാനിച്ചു. സ്ത്രീകൾ ധാർമ്മിക തീക്ഷ്ണതയിലും വിശ്വസ്തത യിലും രക്ഷകനായ തന്നോടുള്ള പ്രതികരണത്തിൽ പുരുഷന്മാരെക്കാൾ മുമ്പരെന്നു തെളിയിച്ചു.

ആ ശമര്യസ്ത്രീ ഒരു പാപിയായിരുന്നു. എന്തു കൊണ്ടാണ് യേശു ഇരുന്ന് അവളോടു സംസാരിച്ചതും തന്റെ ശ്രദ്ധയെ അവൾക്കു കൊടുത്തതും? അപ്പൊസ്തലനായ പൗലോസ് ചോദിച്ചു "നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തു യോജ്യത? അന്ധകാരത്തിന് വെളിച്ചത്തോടു എന്തുബന്ധം?" (2 കൊരിന്ത്യർ 6:14). യേശുവിന്റെ തത്ത്വം നമുക്കറിയാം. അവൻ പറഞ്ഞു, "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നതു?" (ലൂക്കൊസ് 19:10) ചുങ്കക്കാരൻ മത്തായിയുടെ വീട്ടിൽ ഇരിക്കുമ്പോൾ അവൻ ഇപ്രകാരംപറഞ്ഞു "ഞാൻ നീതിമാന്മാരെ അല്ല, പാപികളെ അത്രേ വിളിപ്പാൻ വന്നത്" (ലൂക്കൊസ് 5:32). ഒരുത്തൻ ഒരു ഡോക്ടറുടെ അടുത്തുപോകുന്നതിന് കാരണം അവൻ രോഗിയായതു കൊണ്ടാണ്. അവൻ സൗഖ്യമുള്ളവനായതുകൊണ്ടല്ല. വേദനിക്കുന്നവർക്കു വൈദ്യൻ തന്റെ ശ്രദ്ധ കൊടുക്കുന്നു, ആരോഗ്യമുള്ള വർക്കല്ല അവൻ മരണത്തോടടുത്തവരെ കൂടുതൽ ശ്രദ്ധിക്കുന്നു.

യേശു ആദ്യം തന്റെ ശ്രദ്ധ ചെറുപ്പക്കാർക്കും, സാധാരണക്കാർക്കും കൊടുത്തു. അവൻ വിളിച്ചു വേർതിരിച്ച ശിഷ്യന്മാരിൽ അധികപേരും അങ്ങനെയുള്ള വരായിരുന്നു. ഒരു വന്ദ്യവയോധികനും മര്യാദക്കാരനും നടക്കുന്ന ദൈവശാസ്ത്രജ്ഞനുമായ നിക്കോദേമൂസിന്റെ രക്ഷയ്ക്ക് അവൻ പിന്നീടു ശ്രദ്ധിച്ചു. അവരെല്ലാവരും യെഹൂദന്മാരായിരുന്നു. ഇപ്പോൾ സ്ത്രീകളുടെ പ്രതി നിധിയെന്ന നിലയിൽ ഒരുവളുടെ രക്ഷയെക്കുറിച്ചു മാത്ര മല്ല, പുറംതള്ളപ്പെട്ടവരും വിജാതീയരുമായവരുടേയും രക്ഷയെക്കുറിച്ചു താൻ ഭാരമുള്ളവനായിത്തീർന്നു. ശമര്യ സ്ത്രീയുമായി ഇടപെടുമ്പോൾ നിത്യാത്മാവിന്റെ വലിയ വിലയെപ്പറ്റി പറയുവാൻ (ആ ആത്മാവ് പാപത്തിൽ വളരെ അധികം മുങ്ങിയിരുന്നെങ്കിലും) അവന്നു സാധിച്ചു. ഏതു

നീച പാപിയേയും പൂർണ്ണമായി രക്ഷിപ്പാൻ അവൻ കഴിവുള്ളവനാണെന്നു വ്യക്തമാക്കി.

അവളോടു കുടിപ്പാൻ തരുമോ എന്നു ചോദിച്ചു കൊണ്ടു സാമൂഹ്യവേലിക്കെട്ടുകളെ അവഗണിച്ച ശമര്യ സ്ത്രീയുമായി യേശു സംഭാഷണമാരംഭിച്ചു. അവന്റെ ഉദ്ദേശ്യം തന്റെ ദാഹശമനമായിരുന്നില്ല. പ്രത്യുത നശിച്ചു പൊയ്ക്കൊണ്ടിരുന്ന അവളുടെ ആത്മാവിനെ രക്ഷിക്കുന്നതിനുള്ള അതിയായ വാഞ്ഛയായിരുന്നു. ആ സ്ത്രീയുടെ കൈയിൽ നിന്നും വെള്ളം വാങ്ങിക്കുടിക്കുവാൻ തക്കവണ്ണം ഈ യെഹൂദ റബ്ബീ തയ്യാറായത്, അവൾക്കു ബഹുമാനം നൽകുവാനുള്ള അവിടുത്തെ തികഞ്ഞ വിനയത്തിനു തെളിവാണ്. ഇതിൽ ആത്മാക്കളെ നേടുന്നതിനുള്ള ഒരു മാതൃക അവൻ കാട്ടിത്തന്നിരിക്കുന്നു. അവളെപ്പോലെയുള്ള ഒരു സ്ത്രീയിൽ നിന്ന് പ്രതീക്ഷിക്കുന്നതുപോലെയുള്ള, മര്യാദ അവളുടെ മറുപടിയിലില്ലായിരുന്നു. അവൾ പറഞ്ഞു, “നീ ഒരു യെഹൂദനായിരിക്കെ ശമര്യ സ്ത്രീയായ എന്നോടു കുടി പ്പാൻ ചോദിക്കുന്നതു എങ്ങനെ?” താൻ യഥാർത്ഥത്തിൽ ആരാണെന്ന് അവളെ മനസിലാക്കാൻ യേശു തന്റെ സ്വരം മാറ്റി അവൻ അവളിൽ നിന്നും ഒരാവശ്യവും ഇല്ലായിരുന്നു, എന്നാൽ അവൾക്കായിരുന്നു അവനെക്കൊണ്ട് ആവശ്യമുണ്ടായിരുന്നത്. അവൾ ചോദിച്ചിരുന്നെങ്കിൽ അവൻ അവൾക്കു ദൈവത്തിന്റെ ദാനം കൊടുക്കുമായിരുന്നു; ഈ ദാനം ജീവനുള്ള ജലംപോലെയാണ്. അവൾ തന്റെ അജ്ഞതയും അതിശയവും പ്രകടിപ്പിച്ചപ്പോൾ അവൻ പറഞ്ഞു താൻ കൊടുക്കുന്ന വെള്ളം യാക്കോബിന്റെ കിണറ്റിൽനിന്ന് താൻ കോരുവാൻ വന്നതിൻനിന്നു തുലോം വ്യത്യസ്തമാണെന്ന്. ജീവജലം ദാഹത്തെ എന്നേക്കും ശമിപ്പിക്കുന്നു. അതു കുടിക്കുന്നവന്റെ ഉള്ളിൽനിന്നു പൊന്തിവരുന്ന നിത്യജീവന്റെ ഉറവയായിത്തീരും. ഫലമായി അവളോട്

കുടിപ്പാൻ വെള്ളം ചോദിച്ചവനോട് തനിക്ക് ജലം കൊടുക്കുവാൻ ആവശ്യപ്പെട്ടു: "യജമാനനേ, എനിക്കു ദാഹിക്കാതിരിക്കുവാനും ഞാൻ ഇവിടെ വന്നു കോരാതി രിക്കുവാനും ഈ ജലം എനിക്കുതരേണമേ" എന്ന്.

രക്ഷ ലഭിക്കുന്നതിനുള്ള ആദ്യത്തെ വ്യവസ്ഥ മനസ്സാക്ഷി ഉണർത്തപ്പെടുകയാണ്. തൽഫലമായി പാപിക്കു രക്ഷിതാവിന്റെ ആവശ്യമുണ്ടെന്നു ബോധ്യപ്പെ ടുകയും മാനസാന്തരപ്പെടുകയും ചെയ്യുന്നു. അതിനാൽ ഈ വൈദ്യൻ ആദ്യം അവളെ മുറിക്കുകയും പിന്നെ സുഖപ്പെടുത്തുകയും ചെയ്യുന്നു. ശസ്ത്രക്രിയ നടത്തുന്ന ഡോക്ടറുടെ വൈഭവം അവളിൽ ഉണ്ടാക്കുന്ന മുറിവിൽ നിന്നും വ്യക്തമാണ്. അവൻ അവളുടെ ശരീരത്തെ ബാധിച്ചിരുന്ന രോഗത്തിൽ നിന്നും വിടുവിച്ചു. അവളുടെ ഭർത്താവിനെക്കൂടി ക്ഷണിച്ചുകൊണ്ടുവരുവാൻ യേശു ആവശ്യപ്പെട്ടു. അവൾക്കു ഭർത്താവില്ലെന്നവൾ ഏറ്റു പറഞ്ഞപ്പോൾ അവളുടെ ലജ്ജാകരമായ ഭൂതകാല ത്തേയും ഇപ്പോൾ ജീവിക്കുന്ന പരിതാപകരമായ അവസ്ഥ യേയും അവന്നു പൂർണ്ണമായി അറിയാമെന്നു വെളിപ്പെട്ടു. അവളുടെ വഷളായ അവസ്ഥയെപ്പറ്റിയുള്ള അറിവില്ലാ യ്മയിൽനിന്നും ഉളവായതല്ല അവന്നു അവളോടുണ്ടായ ദയ. ക്രിസ്തുവിലേക്കു ആത്മാക്കളെ ആകർഷിക്കുന്ന തിനുള്ള ഒരു മാതൃക നാം ഇവിടെ കാണുന്നു. അവരുടെ തെറ്റുകളെ ചോദ്യം ചെയ്തതു കൊണ്ടു നമുക്കു മനു ഷ്യരെ പലപ്പോഴും ക്രിസ്തുവിങ്കലേക്കു നയിക്കുവാൻ കഴിയുകയില്ല. ആത്മാക്കളുടെ ശത്രുവായ സാത്താൻ എപ്പോഴും ശ്രദ്ധയുള്ളവനാണ്. രക്ഷകന്റെ വാക്കുകളെ അവൾ കൈക്കൊൾവാൻ തുടങ്ങിയെന്ന് അവൻ കണ്ട പ്പോൾ അവൻ തന്റെ കുപ്രസിദ്ധമായ അടവുകളിൽ ഒന്നു പ്രയോഗിക്കുന്നു. ആരാധനസ്ഥലത്തെപ്പറ്റിയുള്ള യെഹൂദ

ന്മാരുടെയും ശമര്യക്കാരുടെയും മദ്ധ്യേയുള്ള വടം വലിയി ലേക്ക് അവളുടെ സംസാരത്തെ തിരിക്കുന്നു. ലക്ഷക്കണ ക്കിനു മതക്കാരെ ചതിച്ചിട്ടുള്ള ഒരു വാഗ്വാദത്തിലേക്കു സാത്താൻ അവളെ നടത്തി; അതായത് മതം എന്നത് ഒരുവനു ജന്മനാ ലഭിക്കുന്നതാണെന്നും അതിനാൽ മിക്കവാറും ആളുകൾ അവരുടെ പിതാക്കന്മാരുടെ മതത്തെ പിൻതുടരുന്നുവെന്നും അവൾ ധരിച്ചു. തന്മൂലം ശമര്യ സ്ത്രീയിൽ വിശ്വാസം ജനിച്ചു. അവളുടെ മന സ്സാക്ഷി ഉണർത്തപ്പെട്ടു. ആ പരിചിതനായ യെഹൂദനിൽ ഒരു പ്രവാചകനെ അവൾ കണ്ടു. അവൾ പറഞ്ഞു: “യജമാനനേ, നീ ഒരു പ്രവാചകനാണെന്നു ഞാൻ കാണു ന്നു.” ക്രിസ്തു സത്യത്തിന്റെ ധർമ്മത്തെ വെളിപ്പെടുത്തേ ണ്ടതിന്നു അവൾ അങ്ങനെ ഇടമുണ്ടാക്കി.

കിണറ്റിൻകരയിലെ ആ പ്രസംഗ പീഠത്തിൽ നിന്നും ഒരു പാപിയായ ശമര്യ സ്ത്രീ മാത്രമുള്ള സദസ്സിനോടു യേശു ഒരു പ്രധാന പ്രഭാഷണം ചെയ്തു. അത് കാര്യമാത്ര പ്രസക്തവും വിജ്ഞാനപ്രദവുമാ യിരുന്നു. വിശുദ്ധീകരിക്കപ്പെട്ട ഉപകരണങ്ങളിലോ, ക്ഷേത്രങ്ങളിലോ, അല്ലാ പ്രത്യുത ഹൃദയങ്ങളിലാണ് വിശുദ്ധി സ്ഥിതി ചെയ്യുന്നതെന്ന് യേശു പ്രഖ്യാപിച്ചു. യേശുവിന്റെ വരവിനാൽ മനുഷ്യർ യാഗം കഴിച്ചു പ്രത്യേക സ്ഥലങ്ങളിൽ ആരാധന കഴിക്കുന്നത് അവസാനിച്ചു. ജാതികളുടെ വ്യാജ ദൈവങ്ങൾക്കാണു പ്രത്യേക സ്ഥലത്ത് ആരാധനയുള്ളത്. എന്നാൽ സത്യ ദൈവം ആത്മാവാണ്. എവിടെവെച്ചായാലും അവനെ സത്യത്തിലും ആത്മാവിലും ആരെല്ലാം ആരാധിച്ചാലും അവൻ അംഗീകരിക്കുന്നു. എത്ര വിശുദ്ധ സ്ഥലത്തു കുമ്പിട്ടാലും വേറൊന്നും അവൻ അംഗീകരിക്കുന്നില്ല. മലാഖി പ്രവചിച്ചിരുന്ന സമയം സമാഗത മായി:

***"സൂര്യന്റെ ഉദയം മുതൽ അസ്തമയം വരെ എന്റെ നാമം ജാതികളുടെ ഇടയിൽ വലുതാകുന്നു. എല്ലാടത്തും എന്റെ നാമത്തിന്നു ധൂപവും നിർമ്മലമായ വഴിപാടും അർപ്പിച്ചു വരുന്നു; എന്റെ നാമം ജാതികളുടെ ഇടയിൽ വലുതാകുന്നുവല്ലോ എന്നു സൈന്യങ്ങളുടെ യഹോവ അരുളി ചെയ്യുന്നു."***

***(മലാഖി 1:11)***

ഈ സത്യം പ്രത്യേക സ്ഥലങ്ങൾ ആരാധനക്കു വേണ്ടി മാറ്റി വെക്കുന്നതിനേയോ അവക്ക് ബഹുമാനം കൊടുക്കുന്നതിനേയോ നിഷേധിക്കുന്നില്ല. ഇത് അംഗീകരിക്കപ്പെട്ട മതചട്ടങ്ങൾ ആയിരിക്കാം; എന്നാൽ നാം അതിർ കടന്നുപോകരുത്; ഈ സ്ഥലങ്ങൾക്കു വിശുദ്ധിയുണ്ടെന്നു ധരിക്കരുത്. വിശുദ്ധാന്മാരുടെ ഭൗതീകാവശിഷ്ടങ്ങളിലും പള്ളിയിലെ കൂദാശകൾ കൊണ്ടും, ചില വ്യക്തികളെ സ്പർശിച്ചതുകൊണ്ടും, മതസ്ഥാപനങ്ങളെ തൊട്ടതുകൊണ്ടും നമുക്ക് അനുഗ്രഹ ങ്ങൾ ലഭിക്കുന്നുവെന്ന് വിചാരിക്കരുത്.

യേശു യെരുശലേമിനെ പുണ്യസ്ഥലമാണെന്ന ധാരണയിൽനിന്നും വിടുവിച്ചപ്പോൾ ദൈവം ആത്മാ വായതിനാൽ അവനെ ആത്മാവിൽ ആരാധിക്കണ മെന്നും അത് എവിടെ ആയാലും മതിയെന്നും പഠിപ്പിക്കുക യായിരുന്നു; ബാഹ്യമായ ചടങ്ങുകളാലല്ല, പ്രത്യുത നമ്മുടെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും നമുക്ക് അവനെ ആരാധിക്കേണ്ടതുണ്ട്. യെരുശലേം ദേവാലയ ത്തിൽനിന്നും നിഷ്ക്കാസനം ചെയ്യപ്പെട്ട ജാതികൾ ഉൾപ്പെടെ എല്ലാവരുടേയും ആരാധന ആത്മാവിലും സത്യത്തിലുമാണെങ്കിൽ ദൈവം അംഗീകരിക്കുന്നുവെന്ന്

യേശു വിവരിച്ചു. ഭൂതകാലം എത്ര മോശമായിരുന്നാലും ദൈവം അംഗീകരിക്കുന്നു ശമര്യ സ്ത്രീയുടെ ഹൃദയമാറ്റം പൂർണ്ണമനസ്സോടെ  മശീഹയുടെ വരവിനെ സ്വാഗതം ചെയ്യുവാൻ ഇടയാക്കി. മതപരമായ കാര്യങ്ങളിൽ എന്തെല്ലാം എങ്ങനെ ചെയ്യണമെന്ന് മശീഹ പഠിപ്പിക്കുന്നു. സത്യവെളിച്ചത്തിനുവേണ്ടി ഹൃദയം തുറന്നപ്പോൾ തന്നെ ദൈവം അവൾക്ക് കൂടുതൽ പ്രകാശം നൽകി. യെഹൂദ മൂപ്പന്മാരോടോ, ശിഷ്യന്മാരോടോ പറയാതിരുന്നത് അവൾക്കു വെഴിവാക്കികൊടുത്തു. അവൻ അവളോടു പറഞ്ഞത് “നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെ മശിഹ ആകുന്നു.'' അതുവരെ ആരോടും ഞാൻ മശിഹായാണെന്ന് യേശു പറഞ്ഞിരുന്നില്ല. എന്നാൽ ഈ സത്യം ശമര്യസ്ത്രീയോടവൻ പ്രഖ്യാപിച്ചു, എന്തെന്നാൽ അവൻ ഒരു പ്രവാചകനാണെന്ന് അവൾ ഏറ്റുപറഞ്ഞു.

ഇതിന്നിടയിൽ അവന്റെ ശിഷ്യന്മാർ വന്നു. അവൻ സ്ത്രീയോട് സംസാരിക്കുകയാൽ ആശ്ചര്യപ്പെട്ടു. എങ്കിലും “നീ എന്തു ചോദിക്കുന്നു? അവളോടു എന്തു സംസാരിക്കുന്നു?” എന്നു ആരും ചോദിച്ചില്ല.

അനന്തരം സ്ത്രീ പാത്രം വെച്ചിട്ട് പട്ടണത്തിൽ ചെന്നു ജനങ്ങളോട്, ‘‘ഞാൻ ചെയ്തതൊക്കെയും എന്നോടു പറഞ്ഞ ഒരു മനുഷ്യനെ വന്നു കാണ്മിൻ; അവൻ പക്ഷേ ക്രിസ്തു ആയിരിക്കുമോ” എന്നു പറഞ്ഞു. അവർ പട്ടണത്തിൽ നിന്നു പുറപ്പെട്ടു അവന്റെ അടുക്കൽ വന്നു.

അതിന്നിടയിൽ ശിഷ്യന്മാർ അവനോടു: റബ്ബീ, ഭക്ഷിച്ചാലും എന്നു അപേക്ഷിച്ചു. അതിന്നവൻ “നിങ്ങൾ അറിയാത്ത ആഹാരം ഭക്ഷിപ്പാൻ എനിക്കുണ്ട്” എന്നു അവരോടു പറഞ്ഞു. ആകയാൽ വല്ലവനും  അവന്നു ഭക്ഷിപ്പാൻ കൊണ്ടു വന്നുവോ? എന്നു ശിഷ്യന്മാർ തമ്മിൽ പറഞ്ഞു. യേശു അവരോട് പറഞ്ഞത്: “എന്നെ അയച്ച

വന്റെ ഇഷ്ടം ചെയ്തു അവന്റെ പ്രവൃത്തി തികക്കുന്ന തുതന്നെ എന്റെ ആഹാരം.” ഇനി നാലുമാസം കഴിഞ്ഞിട്ടു കൊയ്ത്തു വരുന്നു എന്നു നിങ്ങൾ പറയുന്നില്ലയോ? നിങ്ങൾ തല പൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾ തന്നെ കൊയ്ത്തിനു വെളുത്തിരിക്കുന്നതു കാണും എന്നു ഞാൻ നിങ്ങളോടു പറയുന്നു. വിതക്കുന്നവനും കൊയ്യുന്ന വനും ഒരുമിച്ചു സന്തോഷിപ്പാൻ തക്കവണ്ണം കൊയ്യുന്ന വൻ കൂലി വാങ്ങി നിത്യജീവങ്കലേക്കു വിളവു കൂട്ടിവെക്കു ന്നു. വിതക്കുന്നതു ഒരുത്തൻ. കൊയ്യുന്നതു മറ്റൊരുത്തൻ എന്ന പഴഞ്ചൊൽ ഇതിൽ ഒത്തിരിക്കുന്നു. നിങ്ങൾ അദ്ധ്വാ നിച്ചിട്ടില്ലാത്തതു കൊയ്‌വാൻ ഞാൻ നിങ്ങളെ അയച്ചിരി ക്കുന്നു. മറ്റുള്ളവർ അദ്ധ്വാനിച്ചു അവരുടെ അദ്ധ്വാനഫ ലത്തിലേക്കു നിങ്ങൾ പ്രവേശിച്ചിരിക്കുന്നു.

ഞാൻ ചെയ്തതൊക്കെയും അവൻ എന്നോടു പറഞ്ഞു എന്നു സ്ത്രീ സാക്ഷ്യം പറഞ്ഞ വാക്കു നിമിത്തം ആ പട്ടണത്തിലെ പല ശമര്യരും അവനിൽ വിശ്വസിച്ചു. അങ്ങനെ ശമര്യർ അവന്റെ അടുക്കൽ വന്നു. തങ്ങളോടു കൂടെ പാർക്കേണം എന്ന് അവനോടു അപേക്ഷിച്ചു. അവർ രണ്ടു നാൾ അവിടെ പാർത്തു. ഏറ്റവും അധികം പേർ അവന്റെ വചനം കേട്ടു വിശ്വസിച്ചു. ഇനി നിന്റെ വാക്കുകൊണ്ടും ഞങ്ങൾ വിശ്വസിക്കുന്നത് ഞങ്ങൾ തന്നെ കേൾക്കുകയും അവൻ സാക്ഷാൽ ലോക രക്ഷിതാവ് എന്ന് അറിയുകയും ചെയ്തിരിക്കുന്നു എന്ന് സ്ത്രീയോട് പറഞ്ഞു (യോഹന്നാൻ 4:27-42).

അവൻ ശമര്യ സ്ത്രീയുമായി സംസാരിക്കുമ്പോൾ ക്രിസ്തുവിന്റെ ശിഷ്യന്മാർ ആരും തന്നെ ഉണ്ടായിരു ന്നില്ല. അരുമശിഷ്യനായ യോഹന്നാൻ ഇതിനെപ്പറ്റി ക്രിസ്തുവിൽ നിന്നോ, ആ സ്ത്രീയിൽനിന്നോ അറിഞ്ഞു എന്നതിന് സംശയമില്ല. അവർ പോയി ഭക്ഷണം സുഖാർ പട്ടണത്തിൽനിന്നു വാങ്ങികൊണ്ടുവന്നപ്പോൾ അവനും

തന്റെ കൂട്ടു ശിഷ്യന്മാരും ആശ്ചര്യപ്പെട്ടു എന്ന് അവൻ പറയുന്നു. ഒരു അപരിചിതയായ ശമര്യ സ്ത്രീയുമായി തങ്ങളുടെ ഗുരു സംസാരിക്കുന്നത് കണ്ടിട്ടാണ് അവർ അതിശയിച്ചത്. അവൾ വെള്ളം നിറക്കാനുള്ള തന്റെ പാത്രം അവിടെ വെച്ചിട്ട് അവളുടെ പട്ടണത്തിലേക്കു വളരെ പ്രധാനമായ ഒരു കാര്യത്തിനെന്ന വണ്ണം ഓടിപ്പോ കുന്നതിലുള്ള സന്തോഷം അവർ ശ്രദ്ധിച്ചു. ആ ശിഷ്യന്മാർ അത്ഭുതപ്പെട്ടതിൽ നാം അതിശയിക്കു ന്നില്ല. പ്രത്യുത സാഹചര്യത്തിനൊത്തവണ്ണമുള്ള അവരുടെ പെരുമാറ്റത്തിനും, സമചിത്തതക്കുമായി നാം അവരെ പ്രകീർത്തിക്കുന്നു. അവരിൽ ഒരുത്തനും അവൾ ക്കെന്താണ് വേണ്ടതെന്നോ എന്തിനാണ് അവൻ അവ ളോടു സംസാരിച്ചതെന്നോ ചോദിക്കുവാൻ ധൈര്യപ്പെ ട്ടില്ല. അവർ അവന്റെ മുമ്പിൽ ആഹാരസാധനങ്ങൾ വെച്ചപ്പോൾ അവർ പ്രതീക്ഷിച്ചതുപോലെ അവൻ ഭക്ഷിച്ചില്ല. അതിനാൽ അവർ അപേക്ഷിച്ചു, “റബ്ബീ, ഭക്ഷിച്ചാലും.” അവൻ ആ സ്ത്രീയുമായി സംഭാഷണം നടത്തിയതിൽ അവർ ആശ്ചര്യപ്പെട്ടിരിക്കുന്നതുപോലെ അവൻ ഭക്ഷണം കഴിക്കാത്തതിലും അവർ ആശ്ചര്യ ഭരിതരായി. “നിങ്ങൾ അറിയാത്ത ഭക്ഷണം എനിക്കു ഭക്ഷിപ്പാനുണ്ട്” എന്നവൻ പറഞ്ഞപ്പോൾ അവരുടെ ആശ്ചര്യം വർദ്ധിച്ചു. നിക്കൊദമസ്സിന് മേലിൽ നിന്നും ജനിച്ച് നിത്യജീവൻ ലഭിക്കുന്നതിനെപ്പറ്റി യേശു പറഞ്ഞു. യേശുപറഞ്ഞതിന്റെ അർത്ഥം നിക്കോദമസ്സിന് മനസ്സിലാ യില്ല. ജീവൻ പ്രദാനം ചെയ്യുന്ന ജീവജാലത്തെപ്പറ്റി യേശു ശമര്യ സ്ത്രീയോടു പറഞ്ഞു. അവൾക്ക് അതു മനസ്സിലാ യില്ല. അവർ അറിയാത്ത ഭക്ഷണം തനിക്കു ഭക്ഷിപ്പാ നുണ്ട് എന്ന് ശിഷ്യന്മാരോട് അവൻ പറഞ്ഞു. അവർക്കും അത് മനസ്സിലായില്ല. അവർ തമ്മിൽ ചോദിക്കാൻ തുടങ്ങി “വല്ലവനും അവന്നു ഭക്ഷിപ്പാൻ കൊണ്ടു വന്നുവോ?

എന്ന്. യേശു പെട്ടെന്ന് അവരുടെ സംശയം മാറ്റി. തന്റെ പിതാവിന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികക്കുന്നത് തന്റെ ആഹാരമെന്ന് യേശു അവർക്കു വിവരിച്ചുകൊടുത്തു.

ആ ശമര്യ സ്ത്രീ മശീഹയെ കണ്ടുമുട്ടിയതിലും അവന്റെ ദൂതു കേട്ടതിലും, അതീവസന്തുഷ്ടയായിരുന്നു. അവൾ അവനിൽ വിശ്വസിച്ചു. അവളുടെ പാത്രം കിണറ്റിൻ കരയിൽ വെച്ചിട്ട് അവൾ സുഖാർ പട്ടണത്തിലേക്ക് ഓടി. അത് അവളുടെ പട്ടണമായിരുന്നു. ആ പട്ടണവാസികളോട് ഈ സുവാർത്ത അറിയിക്കുന്നതിനാണവൾ പോയത്. ഒരു വേശ്യാ സ്ത്രീയുടെ സുവിശേഷ പ്രസംഗം ആരു ശ്രദ്ധിക്കാനാണ്? അവർ ചിലപ്പോൾ ചോദിച്ചിരിക്കാം. ‘‘അവളെപ്പോലുള്ള ഒരു സ്ത്രീക്ക് മശീഹ ആദ്യം പ്രത്യക്ഷപ്പെടുമോ.’’ എന്ന്. എന്നാൽ അവളുടെ ദൂത് ഫലവത്തായിരുന്നതായി കാണാം. അവളുടെ ഹൃദയത്തിലുണ്ടായ മാറ്റം മുഖത്തു പ്രതിഫലിച്ചിരിക്കുന്നിരിക്കും. - അവളുടെ സംസാരത്തിലും ചേഷ്ടകളിലും. അവളുടെ പട്ടണവാസികൾ അവളുടെ സാക്ഷ്യത്തെ ബഹുമാനിച്ചു: “ഞാൻ ചെയ്തതെല്ലാം എന്നോടു പറഞ്ഞ ഒരു മനുഷ്യനെ വന്നു കാണ്മിൻ: അവൻ പക്ഷേ മശീഹ ആയിരിക്കും’’ - എന്നു പറഞ്ഞതിൽ നിന്ന് അവരും അവനെ കാണണമെന്നും, അവന്റെ വാക്കു കേൾക്കണമെന്നും അവൾ ആഗ്രഹിച്ചു. ഈ കാര്യത്തിൽ അങ്ങനെ അവർക്ക് തന്നെ തീരുമാനിക്കാമല്ലോ?” അവൾ അവളുടെ സാക്ഷ്യം പറഞ്ഞു. അതിന്റെ പരിണിത ഫലം കേൾവിക്കാരുടെ മനസ്സിനും മനസ്സാക്ഷിക്കും വിട്ടുകൊടുത്തു. മറ്റുള്ളവരുമായി ഈ സുവാർത്ത പങ്കിടുന്നതിൽ അവൾ നമുക്ക് ഒരു മാതൃക വെച്ചേച്ച് പോയിരിക്കുന്നു. ഫലപ്രദമായ സാക്ഷീകരണം ഉപദേശിക്കുന്നതിലല്ല നല്ല ഒരു സാക്ഷി ആകുന്നതിനാലാണ്. ബുദ്ധിയോടെ ആത്മാ

ക്കളെ നേടുന്നവർ സങ്കീർത്തനക്കാരൻ പറഞ്ഞതു പോലെ, ‘‘കർത്താവു നല്ലവനെന്നു രുചിച്ചറിവിൻ’’ (സങ്കീർത്തനങ്ങൾ 34:8) എന്നാണ് പറയേണ്ടത്.

സ്വർഗ്ഗാരോഹണം ചെയ്യുന്നതിനുമുമ്പേ യേശു തന്റെ ശിഷ്യന്മാരോടു വിടപറയുമ്പോൾ പറഞ്ഞത് “ഭൂമിയുടെ അറ്റത്തോളം തന്റെ സാക്ഷികൾ ആകുന്ന താണ് അവരുടെ ഏറ്റവും വലിയ കർത്തവ്യം” എന്നാണ് (അപ്പൊസ്തല പ്രവൃത്തികൾ 1:8). ക്രിസ്തുവിന്റെ കല്പന ശിഷ്യന്മാർ അനുസരിച്ചപ്പോൾ ആളുകൾ അവരെ ശ്രദ്ധിക്കുകയും അത്ഭുതകരമായ ഫലം ഉളവാക്കുകയും ചെയ്തു. കൊടുക്കുന്ന സാക്ഷ്യത്തിൽ നിന്ന് ബുദ്ധിയുള്ള ഒരു ശ്രോതാവിന്നു തനിക്കാവശ്യമുള്ള ദൂത് പിടിച്ചെടു ക്കാൻ സാധിക്കും. സാക്ഷ്യമില്ലാതെയുള്ള ഉപദേശം ബലഹീനമാണ്. യേശു കൊടുത്ത ജീവജലം കണ്ടപ്പോൾ ആ ശമര്യ സ്ത്രീ യാക്കോബിന്റെ കിണറ്റിന്റെ വിശുദ്ധിയും മറ്റും മറന്നു. ഈ ജലം മറ്റുള്ളവർക്കും നിത്യജീവങ്കലേക്കു പൊന്തിവരുന്ന നീരുറവയായിത്തീർന്നു.

ക്രിസ്തുവിനെപ്പറ്റിയുള്ള ശമര്യ സ്ത്രീയുടെ വാക്കുകൾ സുഖാർ പട്ടണത്തിലുള്ളവർ അവരുടെ പട്ടണം വിട്ടു യേശുവിന്റെ അടുക്കലേക്കു വരാൻ ഇടയാക്കി. അവർ വളരെ ദൂരെനിന്നും വരുന്നതു കണ്ടിട്ടു യേശു തന്റെ ശിഷ്യന്മാരോട് ദൃഷ്ടാന്തമായി പറഞ്ഞു: “ഇനി നാലു മാസം കഴിഞ്ഞിട്ട് കൊയ്ത്തു വരുന്നു എന്ന് നിങ്ങൾ പറയുന്നില്ലയോ? ഞാനോ നിങ്ങളോടു പറയുന്നതു തല പൊക്കി നിലങ്ങളെ നോക്കിയാൽ ഇപ്പോൾ തന്നെ കൊയ്ത്തിനു വെളുത്തിരിക്കുന്നതു കാണാം’’ എന്നാണ്. ആ കടന്നുവരുന്ന ശമര്യക്കാർ രക്ഷയുടെ സുവിശേഷം അംഗീകരിക്കാൻ തയ്യാറായിരി ക്കുന്നു. അവരാണ് കൊയ്ത്തിനു വെളുത്തിരിക്കുന്ന വയൽ. ജാതികളിൽനിന്നുള്ള ആദ്യഫലം അവരായിരു

ന്നതുകൊണ്ട് അവരെ കാണുന്നതിൽ യേശുവിന് വളരെ സന്തോഷമായിരുന്നു. തന്റെ അത്ഭുതരോഗശാന്തി കണ്ടിട്ടല്ല അവർ അവന്റെ അടുത്തുവന്നത്: ഏതെങ്കിലും ഭൗതികനന്മ ലഭിക്കുമെന്നത് വിചാരിച്ചുമല്ല അവർ വന്നത്. അവർ വന്നതു അവനെ കാണുന്നതിനും അവന്റെ വാക്കുകൾ ശ്രദ്ധിക്കുന്നതിനും മാത്രമായിരിക്കുന്നു. ഒരു പാപിയായ സ്ത്രീയെ മാനസാന്തരത്തിലേക്കും വിശ്വാസത്തിലേക്കും രക്ഷയിലേക്കും നടത്തിയതിന്റെ ഫലമായിരുന്നു അവർ.

ആ സ്ത്രീയുടെ സാക്ഷ്യം മൂലം ആ പട്ടണത്തിലുള്ള അനേകം ശമര്യാക്കാർ അവനിൽ വിശ്വസിച്ചു. മറ്റനേകം പേർ അവനെ കണ്ടതിനാലും അവന്റെ വാക്കുകൾ കേട്ടതിനാലും അവനിൽ വിശ്വസിച്ചു. അവരോടുകൂടെ പട്ടണത്തിൽ താമസിക്കുവാൻ അവർ അവനെ ക്ഷണിച്ചു. ഇത് യെശയ്യാ പ്രവചനത്തിന്റെ നിവൃത്തി ആയിരുന്നു: "എന്നെ ആഗ്രഹിക്കാത്തവർ എന്നെ അന്വേഷിപ്പാൻ ഇടയായി. എന്നെ അന്വേഷിക്കാത്തവർക്കു എന്നെ കണ്ടെത്തുവാൻ സംഗതി വന്നു; എന്റെ നാമം വിളിച്ചപേക്ഷിക്കാത്ത ജാതിയോടു: ഇതാ ഞാൻ, ഇതാ ഞാൻ, എന്നു ഞാൻ പറഞ്ഞു" (യെശയ്യാവ് 65:1). തന്റെ രാഷ്ട്രത്തിന്റെ പാരമ്പര്യചട്ടങ്ങൾക്കു വിരോധമായി യേശു പെരുമാറി. അവന്റെ മാതൃകയെ തന്റെ അനുയായികൾ പിന്തുടരുവാൻ അവൻ ആഗ്രഹിച്ചു. അവൻ രണ്ടു ദിവസം ആ ശമര്യ പട്ടണത്തിൽ ചെലവഴിച്ചു. ഈ കൊയ്ത്ത് പട്ടണങ്ങളിൽ പിന്നീട് അധികമായി ഉണ്ടാകാൻ പോകുന്നതിന്റെ തുടക്കമായിരുന്നു. തന്റെ സ്വർഗ്ഗാരോഹണശേഷം ആ കൊയ്ത്ത് അപ്പൊസ്തലന്മാരുടെ കാലത്ത് നടക്കേണ്ടതാണ്. യേശുവിനെപ്പറ്റി ശമര്യക്കാരുടെ സാക്ഷ്യം എത്ര മഹനീയമാണ്. യേശുവിനെപ്പറ്റി ശമര്യക്കാരുടെ സാക്ഷ്യം എത്ര മഹനീയമാണ്.

അവൻ യഥാർത്ഥത്തിൽ മശീഹായാണെന്നും ലോക ത്തിന്റെ രക്ഷകനാണെന്നും അവർ സാക്ഷിച്ചു.

മനുഷ്യരാശിയുടെ രക്ഷക്കുവേണ്ടിയുള്ള ഒരു പ്രത്യാശ അവനിൽ അവർ കണ്ടു. ത്രീത്വത്തിൽ രണ്ടാമനായ - പിതാവിന്റെ മടിയിലിരുന്ന ആ നിത്യപുത്രന്റെ - മനുഷ്യ ശരീരത്തിന് വിശ്രമം കൊടുത്ത ആ കിണർ എത്ര അഭികാമ്യമാണ്. (യോഹന്നാൻ 1:18) നാശത്തിലേക്കു പൊയ്കൊണ്ടിരുന്ന ആ ശമര്യ സ്ത്രീക്ക് അതെത്ര മാധുര്യമായിരുന്നു. അവൾ ആ കിണറ്റിൻ കരയിൽ വെച്ചു ജീവജലം കണ്ടു. അവൾ തന്റെ ശരീരത്തിന്റെ ദാഹത്തെ ശമിപ്പിക്കാൻ ആഗ്രഹിച്ചു, എന്നാൽ കിണറ്റിൻ കരയിൽ അവൾ കണ്ടുമുട്ടിയ മശീഹ അവർക്ക് നിത്യജീവങ്കലേക്ക് പൊന്തിവരുന്ന നീരുറവ നൽകി.

* * *

# VII

# ഉപദേശിക്കുന്ന വൈദ്യനായ യേശു

അത്ഭുതങ്ങൾ കാണിച്ചിട്ടല്ല, യെഹൂദ്യയിൽ യേശു തന്റെ ശുശ്രൂഷ തുടങ്ങിയത്. അവൻ പള്ളികളിൽ സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു തുടങ്ങി. അവന്റെ പ്രസംഗം ഒരുത്തരേയും ശകാരിക്കാനോ ഭയപ്പെടുത്താനോ ആയിരുന്നില്ല. അത് സ്നേഹനിധി യായ രക്ഷകന് പാപികളോടുള്ള ദൈവസ്നേഹം പ്രഖ്യാപിക്കുന്നതിനുവേണ്ടി സ്വർഗ്ഗത്തിൽനിന്നും ഇറങ്ങി വന്ന ഭാഷയായിരുന്നു. നീതിയുടെയും, സമാധാന ത്തിന്റെയും സന്തോഷത്തിന്റെയും സാമ്രാജ്യം സ്ഥാപിക്കാ നാണ് അവൻ വന്നത്. അവൻ ഒരു ദരിദ്ര കുടുംബ ത്തിലാണു പിറന്നതെന്ന് അവർക്ക് അറിയാമായിരുന്നിട്ടും അവനെ കേട്ടവരെല്ലാം അവനെ വാഴ്ത്തി. യേശു പ്രഖ്യാ പിച്ചു, "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" (മർക്കൊസ് 1:15). തന്റെ വരവിനെക്കുറിച്ചുള്ള പഴയ നിയമത്തിലെ പ്രവചനങ്ങളെ അവൻ ചൂണ്ടിക്കാണിക്കുകയായിരുന്നു. കാലസമ്പൂർണ്ണതയിൽ എന്ന് അപ്പൊസ്തലനായ പൗലൊസ് പറഞ്ഞത് ഈ സമയത്തെപ്പറ്റി ആയിരുന്നു. "കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയുടെ സന്തതിയായി ന്യായപ്രമാണത്തിൽ കീഴ് ജനിച്ചവനായി നിയോഗിച്ചയച്ചു (ഗലാത്യർ 4:4). യേശു വിന്റെ പ്രസംഗം യോഹന്നാൻ സ്നാപകന്റെ പ്രസംഗവു മായി യോജിച്ചിരുന്നു. "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" (മത്തായി 3:2)

## രാജഭൃത്യന്റെ പുത്രനെ സൗഖ്യമാക്കുന്നു

***"അവൻ പിന്നെയും താൻ വെള്ളം വീഞ്ഞാക്കിയ ഗലീലയിലെ കാനാവിൽ വന്നു.***

***അന്നു മകൻ രോഗിയായിരുന്നോരു രാജഭൃത്യൻ കഫർന്നഹൂമിൽ ഉണ്ടായിരുന്നു. യേശു യെഹൂദ്യ ദേശത്തുനിന്നു ഗലീലയിൽ വന്നു എന്നു അവൻ കേട്ടു അവന്റെ അടുക്കൽ ചെന്നു. തന്റെ മകൻ മരിപ്പാറായിരിക്കകൊണ്ടു അവൻ വന്നു. അവനെ സൗഖ്യമാക്കേണമെന്നു അപേക്ഷിച്ചു. യേശു അവനോടു: നിങ്ങൾ അടയാളങ്ങളും അത്ഭുതങ്ങളും കണ്ടിട്ടല്ലാതെ വിശ്വസിക്കുകയില്ല എന്നു പറഞ്ഞു. രാജഭൃത്യൻ അവനോടു: കർത്താവേ, പൈതൽ മരിക്കും മുമ്പേ വരേണമേ എന്നു പറഞ്ഞു. യേശു അവനോടു: പൊയ്ക്കൊൾക, നിന്റെ മകൻ ജീവിച്ചിരിക്കുന്നു എന്നു പറഞ്ഞു. യേശു പറഞ്ഞ വാക്കു വിശ്വസിച്ചു ആ മനുഷ്യൻ പോയി. അവൻ പോകയിൽ അവന്റെ ദാസന്മാർ അവനെ എതിരേറ്റു മകൻ ജീവിച്ചിരിക്കുന്നു എന്നു പറഞ്ഞു. അവന്നു ഭേദം വന്ന നാഴിക അവരോടു ചോദിച്ചതിന്നു അവർ അവനോടു: ഇന്നലെ ഏഴുമണിക്കു പനിവിട്ടുമാറി എന്നു പറഞ്ഞു. ആകയാൽ നിന്റെ മകൻ ജീവിച്ചിരിക്കുന്നു എന്നു യേശു പറഞ്ഞ നാഴികയിൽ തന്നെ എന്നു അപ്പൻ ഗ്രഹിച്ചു. താനും കുടുംബം ഒക്കെയും വിശ്വസിച്ചു. യേശു യെഹൂദയിൽ നിന്നു ഗലീലിയിൽ വന്നപ്പോൾ ഇതു രണ്ടാമത്തെ അടയാളമായിട്ടു ചെയ്തു" (യോഹന്നാൻ 4:46-54).***

ഒരു വർഷത്തിനു ശേഷം ഗലീലിയിലെ കാനാ യേശു വീണ്ടും സന്ദർശിച്ചു; അവിടെയാണല്ലോ തന്റെ ആദ്യത്തെ അത്ഭുതപ്രവൃത്തി നടന്നത്. തന്റെ രണ്ടാമത്തെ അത്ഭുതപ്രവൃത്തിയും അവൻ അവിടെ ചെയ്തു. അവന്റെ രണ്ടാമത്തെ അത്ഭുതപ്രവൃത്തിയും കാനായിലാണു ചെയ്തതെന്നു നാം പറയുന്നു. എന്നാൽ സൗഖ്യമായവൻ,

ആ പട്ടണത്തിൽ നിന്നുമുള്ളവൻ അല്ലായിരുന്നു. ('കാനാ' എന്ന പ്രദേശത്ത്,) കഫർന്നഹൂമിൽനിന്നും കാനാവിലേക്ക് ഒരു ദിവസത്തെ വഴിയുണ്ടായിരുന്നു. അത് ഇങ്ങനെയാണ് സംഭവിച്ചത്. ഒരു ദിവസം യേശു കാനാവിലായിരുന്നു. ഹെരോദ് അന്തിപ്പാസ് രാജാവിന്റെ ഒരു ഭൃത്യൻ അവന്റെ അടുക്കൽ വന്നു. അവൻ കഫർന്നഹൂമിൽ താമസിച്ചിരുന്നു. തലസ്ഥാനമായ തിബര്യാസിൽനിന്നും കുറെ മണിക്കൂറുകൾ മാത്രം ദൂരെയുള്ള സ്ഥലത്തു-ഗലീലിയിൽ-ഇതുവരെ യേശു ഒരു അത്ഭുതരോഗ സൗഖ്യവും കൊടുത്തിരുന്നില്ല. എന്നിരുന്നാലും ആ ഭൃത്യന്റെ മകൻ വലിയ രോഗിയായി മരിപ്പാറായിരുന്നു, വൈദ്യശാസ്ത്രത്തിന് ഒന്നും ചെയ്യുവാൻ കഴിയാതിരുന്നപ്പോൾ അവന്റെ പിതാവ് യേശുവിനെ സമീപിച്ചു. യേശു എവിടെയാണെന്ന് അന്വേഷിച്ചതിനുശേഷം അവനെ കാനാവിൽ കണ്ടുമുട്ടി. അവന്റെ അടുക്കൽ ചെന്ന് തന്നോടുകൂടി കഫർന്നഹൂമിലേക്ക് വന്ന് തന്റെ മകനെ സൗഖ്യമാക്കുവാൻ അപേക്ഷിച്ചു.

ഒരു രാജാവിന്റെ ഭൃത്യൻ ആ കാലങ്ങളിൽ വളരെ ബഹുമാനിക്കപ്പെട്ടിരുന്നു. അവന്നു ആവശ്യമുള്ളതെല്ലാം അനായാസേന നേടി എടുക്കാമായിരുന്നു. അതിനാൽ അവന്റെ ആഗ്രഹത്തിനു വഴങ്ങി യേശു അവനോട് കൂടി ചെല്ലുമെന്ന് ആ മനുഷ്യൻ വിചാരിച്ചു. അവൻ ചിന്തിച്ചതു തന്നെപ്പോലുള്ള ഒരു മനുഷ്യൻ തന്റെ മകനെ സൗഖ്യമാക്കുന്നതിനുവേണ്ടി ക്ഷണിക്കുന്നത് യേശു ഒരു വലിയ പദവിയായി കരുതുമെന്നാണ്. അപ്രകാരമുള്ള ഒരു സുവർണ്ണാവസരം യേശു പാഴാക്കാതെ എളുപ്പം തന്റെ അത്ഭുതശക്തി പ്രകടിപ്പിക്കുവാൻ ശ്രമിക്കുമെന്ന് അവൻ വിചാരിച്ചു. എന്നാൽ യേശുവിന്റെ വിചാരങ്ങൾ വിഭിന്നമായിരുന്നു. ഈ മനുഷ്യനെ താഴ്മയുള്ളവനും ഹൃദയ നുറുക്കമുള്ളവനുമാക്കാൻ യേശു ആഗ്രഹിച്ചു.

തന്മൂലം അവന്നു ദൈവീക അനുഗ്രഹം ലഭിക്കുന്നതിന്നും, താൻ അത്യുന്നതമായ ദൈവത്തിന്റെ പ്രതിനിധിയാണെന്ന് അവനെ ബോദ്ധ്യപ്പെടുത്തുന്നതിനും - തനിക്ക് ബാഹ്യമായ വേഷഭൂഷാദികൾ ഇല്ലെങ്കിൽക്കൂടിയും - അവൻ ആഗ്രഹിച്ചു. അവൻ ആ രാജഭൃത്യനോട് പറഞ്ഞു, "നിങ്ങൾ അടയാളങ്ങളും അത്ഭുതങ്ങളും കണ്ടിട്ടല്ലാതെ എന്നു പറഞ്ഞു തുടങ്ങുമ്പോൾ തന്റെ മകൻ മരിപ്പാറായിരുന്നുകൊണ്ട് രാജ്യഭൃത്യന്നു അത് കേൾപ്പാനുള്ള ക്ഷമയില്ലായിരുന്നു അവൻ പറഞ്ഞു"യജമാനനേ, എന്റെ മകൻ മരിക്കുന്നതിനു മുമ്പേ വന്നാലും." യേശു അവന്റെ അപേക്ഷപ്രകാരം മറുപടി പറഞ്ഞില്ലെങ്കിലും അവന്റെ അപേക്ഷ സ്വീകരിച്ചു. അവൻ അവനോടുകൂടി പോയില്ല, എന്നാലും അവന്റെ മകനെ സൗഖ്യമാക്കി. അവനോടുകൂടി പോകുന്നതിനുപകരം അവൻ പറഞ്ഞു "പൊയ്ക്കൊൾക, നിന്റെ മകൻ ജീവിക്കുന്നു." യേശുവിന്റെ വാക്കുകൾ അത്ഭുതകരമായി ആ ഭൃത്യൻ വിശ്വസിച്ചു. അവൻ തന്റെ വഴിക്കുപോയി. ക്രിസ്തുവിന്നു ദൂരത്തുനിന്നും സൗഖ്യമാക്കുവാൻ കഴിയുമെന്ന് അവൻ വിശ്വസിച്ചു. യേശുവിന് ആ മകനെ തൊടുവാനോ, അവരോടു സംസാരിക്കുവാനോ, അവനെ കാണുവാനോ ആവശ്യമില്ലായിരുന്നു. എന്നിട്ടും ആ പിതാവ് വിശ്വസിച്ചു. വീട്ടിലേക്കു തിരിച്ചുപോയി. അവൻ പോകയിൽ അവന്റെ ദാസന്മാർ അവനെ എതിരേറ്റ് അവനോടു തന്റെ മകനു പെട്ടെന്നു സുഖമുണ്ടായി എന്നു പറഞ്ഞു. അവർ കഫർന്നഹൂമിൽനിന്നും കാനാവിലേക്കു വന്ന് ആ പിതാവിനോട് ആ നല്ല വാർത്ത പറയുകയായിരുന്നു. മകനു രോഗസൗഖ്യമുണ്ടായസമയം തിരക്കിയപ്പോൾ "പോക, നിന്റെ മകൻ ജീവിച്ചിരിക്കുന്നു" എന്നു യേശു പറഞ്ഞ അതേ നാഴിക ആണെന്നു മനസ്സിലായി. ഇത് അവന്റെ വിശ്വാസത്തെ ഉറപ്പിച്ചു. അവന്റെ വീട്ടുകാരും

ഈ പുതിയ വിശ്വാസത്തിൽ അവനോടു പങ്കു ചേരുന്നു. എന്തെന്നാൽ കുടുംബത്തിലെ ഒരുവന്റെ വിശ്വാസം ശക്തിയുള്ളതാണെങ്കിൽ മറ്റുള്ളവരേയും സ്വാധീനിക്കും.

ആ മകന്റെ രോഗസംബന്ധമായ ശോകക്കഥ വലിയ ആത്മീക അനുഗ്രഹത്തിനു കാരണമായി. ഈ ദൗർഭാഗ്യത്തിൽനിന്നും അവന്നും അവന്റെ കുടുംബക്കാർക്കും നിത്യരക്ഷ കൈവന്നു. സ്വർഗ്ഗസ്ഥനായ പിതാവ് തന്റെ സ്നേഹത്തിലും ജ്ഞാനത്തിലും നാം അനുഗ്രഹം പ്രാപിക്കുന്നതിനുവേണ്ടി കഷ്ടതകളിൽക്കൂടി നമ്മെ കടത്തി വിടാറുണ്ട്.

## നസറേത്തിൽ ഉപദേശിക്കുന്നു

***"അവൻ വളർന്ന നസറേത്തിൽ വന്നു. ശബ്ബത്തിൽ തന്റെ പതിവുപോലെ പള്ളിയിൽ ചെന്നു വായിപ്പാൻ എഴുന്നേറ്റു നിന്നു. യെശയ്യാപ്രവാചകന്റെ പുസ്തകം അവന്നു കൊടുത്തു. അവൻ പുസ്തകം വിടർത്തി:***

***"ദരിദ്രരോടു സുവിശേഷം അറിയിപ്പാൻ***
***കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ***
***അവന്റെ ആത്മാവു എന്റെ മേൽ ഉണ്ടു.***
***ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു***
***കാഴ്ചയും പ്രസംഗിപ്പാനും പീഡിതരെ***
***വിട്ടയപ്പാനും കർത്താവിന്റെ***
***പ്രസാദവർഷം പ്രസംഗിപ്പാനും***
***എന്നെ അയച്ചിരിക്കുന്നു"***

***എന്നു എഴുതിയിരിക്കുന്ന സ്ഥലം കണ്ടു.***

പിന്നെ അവൻ പുസ്തകം മടക്കി ശുശ്രൂഷക്കാരന്നു തിരികെ കൊടുത്തിട്ട് ഇരുന്നു; പള്ളിയിലുള്ള എല്ലാവരുടേയും കണ്ണ് അവങ്കൽ പതിഞ്ഞിരിക്കുന്നു. അവൻ അവരോടു: ഇന്നു നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന്നു നിവൃത്തി വന്നിരിക്കുന്നു എന്നു പറഞ്ഞു തുടങ്ങി. എല്ലാവരും അവനെ പുകഴ്ത്തി. അവന്റെ വായിൽ നിന്നും പുറപ്പെട്ട ലാവണ്യ വാക്കുകൾ നിമിത്തം ആശ്ചര്യപ്പെട്ടു ഇവൻ യോസേഫിന്റെ മകൻ അല്ലയോ എന്നു പറഞ്ഞു. അവൻ അവരോട് "വൈദ്യാ, നിന്നെത്തന്നെ സൗഖ്യമാക്കുക എന്നുള്ള പഴഞ്ചൊല്ലും കഫർന്നഹൂമിൽ ഉണ്ടായി കേട്ടതെല്ലാം ഈ നിന്റെ പിതൃനഗരത്തിലും ചെയ്ക എന്നു നിങ്ങൾ എന്നോടു പറയും നിശ്ചയം. ഒരു പ്രവാചകനും തന്റെ പിതൃനഗരത്തിൽ സമ്മതമല്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. ഏലിയാനിന്റെ കാലത്തു ആകാശം മൂവാണ്ടും ആറുമാസവും അടഞ്ഞിട്ടു ദേശത്തെങ്ങും മഹാക്ഷാമം ഉണ്ടായപ്പോൾ യിസ്രായേലിൽ പല വിധവമാർ ഉണ്ടായിരുന്നു എന്നു ഞാൻ യഥാർത്ഥമായി നിങ്ങളോടു പറയുന്നു. എന്നാൽ സീദോനിലെ സരപ്തയിൽ ഒരു വിധവയുടെ അടുക്കലേക്കല്ലാതെ അവരിൽ ആരുടെയും അടുക്കലേക്കു ഏലിയാവിനെ അയച്ചില്ല. അവ്വണ്ണം ഏലീശാ പ്രവാചകന്റെ കാലത്തു യിസ്രായേലിൽ പല കുഷ്ഠരോഗികൾ ഉണ്ടായിരുന്നു. സുറിയാ ക്കാരനായ നയമാൻ അല്ലാതെ അവരാരും ശുദ്ധമായില്ല എന്നും അവൻ പറഞ്ഞു. പള്ളിയിലു ള്ളവർ ഇതുകേട്ടിട്ടു എല്ലാവരും കോപം നിറഞ്ഞ വരായി എഴുന്നേറ്റു അവനെ പട്ടണത്തിനു

***പുറത്താക്കി അവരുടെ പട്ടണം പണിതിരുന്ന മലയുടെ വക്കോളം കൊണ്ടുപോയി തല കീഴായി തള്ളിയിടുവാൻ ഭാവിച്ചു. അവനോ അവരുടെ നടുവിൽക്കൂടിക്കടന്നുപോയി." (ലൂക്കൊസ് 4:16-30)***

യേശു കാനായിൽനിന്നും നസറത്തിലേക്കു പതിനഞ്ചു മാസങ്ങൾക്കുശേഷം തിരിച്ചുവന്നു. ഈ മാസങ്ങൾക്കുള്ളിൽ അവന്നു ചില ആത്മീയ അനുഭവങ്ങൾ ഉണ്ടായി. അത് അവന്റെ പ്രവൃത്തികളിലും ഭാവങ്ങളിലും പ്രകടമായിരുന്നു. അവന്നു വ്യത്യാസം വന്നതായി അവന്റെ നാട്ടുകാർക്കു മനസ്സിലായി. അവൻ ഒരു വ്യത്യസ്ത മനുഷ്യനായിത്തീർന്നു. മറ്റു പട്ടണങ്ങളിൽ അവൻ ചെയ്ത അത്ഭുത പ്രവൃത്തികളെപ്പറ്റി അവർ ധാരാളം കേട്ടിരുന്നു. നസറേത്തിലും അവൻ അങ്ങനെ ചെയ്യുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നു. പ്രത്യേകിച്ച് തന്റെ ചാർച്ചക്കാരുടെയും സ്നേഹിതന്മാരുടെയും ഇടയിൽ. എന്നാൽ അത്ഭുതങ്ങൾ കാണിക്കുന്നതിനെക്കാൾ ഉപദേശിക്കുന്നതിലായിരുന്നു ക്രിസ്തുവിന്നു കൂടുതൽ താൽപര്യം. നസറെത്തിൽ അവൻ തന്റെ ആദ്യ പ്രഭാഷണം ശനിയാഴ്ച ദിവസം പള്ളിയിലാണു ചെയ്തത്. ലൂക്കൊസ് പറയുന്നതു പതിവുപോലെ അവൻ പള്ളിയിൽ ചെന്നു എന്നാണ്. അതിന്നു മുമ്പുള്ള 30 വർഷങ്ങളിൽ അവൻ അനേകായിരം പ്രാവശ്യം പള്ളി സന്ദർശിച്ചിരിക്കാം.

ക്രിസ്തു പള്ളിയിൽ പ്രവേശിച്ചപ്പോൾ അവൻ മുമ്പു കണ്ടിട്ടുള്ളതുപോലെ എല്ലാം പതിവുപോലെ ആയിരുന്നു. അവന്റെ പതിവു പ്രാർത്ഥനക്കുശേഷം പ്രവാചകന്മാരുടെ എഴുത്തുകൾ വായിക്കേണ്ട സമയം വന്നപ്പോൾ അവൻ എഴുന്നേറ്റുനിന്ന് ആ കൂട്ടത്തിന്റെ നേതാവ് അനുവദിക്കുമെങ്കിൽ താൻ വായിക്കാമെന്ന് അറിയിച്ചു. യെശയ്യാവിന്റെ പുസ്തകമാണു യേശുവിന്നു

കൊടുത്തത്. ആ ദിവസത്തേക്കു നിശ്ചയിച്ചിരുന്ന ഭാഗമാണു യേശു വായിച്ചത്. അത് കൃത്യമായി ദൈവീക പദ്ധതിയിലുണ്ടായിരുന്നു. തന്റെ ഭൂമിയിലേക്കുള്ള വരവിന്റെ ഉദ്ദേശ്യവും, അടുത്തുവരാൻ പോകുന്ന തന്റെ സാമ്രാജ്യത്തിന്റെ സ്വഭാവത്തെപ്പറ്റിയുള്ളതുമായിരുന്നു. ആ വേദഭാഗം, അത് ആദ്യം അവനെ ക്രിസ്തു എന്ന പദവിയിൽ പ്രവാചകനായിട്ടും, പുരോഹിതനായിട്ടും, രാജാവായിട്ടും ദൈവത്താൽ അഭിഷിക്തനായി കാണിക്കുന്നു. ക്രിസ്തു എന്ന നിലയിൽ അവന്റെ ജോലി ദരിദ്രനോട് സുവിശേഷം പ്രസംഗിക്കുകയായിരുന്നു. കൂടാതെ ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദ വർഷം പ്രസംഗിപ്പാനും ആയിരുന്നു ക്രിസ്തു എന്ന നിലയിലുള്ള അവന്റെ ശുശ്രൂഷ (യെശയ്യാവ് 61:1,2).

ഓരോ 50 വർഷത്തിലും വരുന്ന ജൂബിലി ആയിരുന്നു യെഹൂദന്മാരെ സംബന്ധിച്ചിടത്തോളം കർത്താവിന്റെ പ്രസാദവർഷം. ആ വർഷം മിക്കവാറും ജൂബിലി ആയിരുന്നിരിക്കും. പീഡിതരെ വിടുവിച്ചയക്കുകയും ബദ്ധന്മാർക്കു വിടുതൽ നൽകുകയും ചെയ്യുന്നത്, ജാതീയ രാജാവിൽ നിന്നും റോമാ സാമ്രാജ്യ മേൽക്കോയ്മയിൽനിന്നും രക്ഷിക്കുകയാണെന്നു യേശുവിന്റെ ശ്രോതാക്കൾ തെറ്റിദ്ധരിച്ചു. യേശുവിനെ സംബദ്ധിച്ചിടത്തോളം കർത്താവിന്റെ പ്രസാദവർഷമെന്നു പറയുന്നത് ഓരോ അമ്പതു വർഷങ്ങളിലും ഉള്ള ഒരു വർഷമല്ല, പിന്നെയോ എല്ലാ വർഷങ്ങളിലും എല്ലാ ദിവസങ്ങളുമാണ്.

ക്രിസ്തു വന്നത് ഭൗമിക അടിമത്വത്തിൽനിന്നും രാഷ്ട്രീയ മേൽക്കോയ്മയിൽനിന്നും രക്ഷിപ്പാനല്ല; അവരെ പിശാചിന്റെ ബന്ധനത്തിൽനിന്നും രക്ഷിക്കാ

നാണ്. റോമാക്കാരുടെ പീഡനത്തിന്റെ പുറകിലുള്ള കാരണം അതാണ്. സാത്താനെ അടിമകൾക്ക് ആത്മീക, സാമൂഹ്യ, സാമ്പത്തിക അടിമത്ത്വത്തിൽനിന്നു രക്ഷപ്പെടാൻ സാധ്യമല്ല. പിശാചിന്റെ ആത്മീക അടിമത്ത്വം ഭൗതിക ശത്രുക്കളുടെ കീഴിലാക്കുന്നു. അവർക്ക് അറിയാമായിരുന്ന ഭൗതിക നുകത്തിൽ കീഴിൽനിന്നു ക്രിസ്തു അവരെ രക്ഷിച്ചുവെങ്കിൽ അവർക്ക് അറിയാൻ പാടില്ലാത്ത കൂടുതൽ ക്രൂരമായ ആത്മീക നുകത്തിൻകീഴ് അവർ അകപ്പെടുമായിരുന്നു. ഇത് യേശുവിന്നു നല്ലവണ്ണം അറിയാമായിരുന്നു. തന്റെ ജനത്തെ പിശാചിന്റെ നുകത്തിൽ കീഴിൽനിന്ന് മോചിപ്പിക്കാനാണ് യേശു ആദ്യമായി വന്നത്. അവർ അവനെ അംഗീകരിച്ചിരുന്നെങ്കിൽ അവരെ റോമാനുക ത്തിൽ കീഴിൽ നിന്ന് രക്ഷിക്കുമായിരുന്നു. അവന്റെ നുകം മൃദുവും ചുമടു ലഘുവും ആകുന്നു. (മത്തായി 11:30)

തിരുവെഴുത്തു വായിക്കുന്നവൻ അവൻ ആഗ്ര ഹിച്ചാൽ വ്യാഖ്യാനിക്കണമെന്നുള്ളത് യെഹൂദ ന്മാരുടെ സമ്പ്രദായമായിരുന്നു. വ്യാഖ്യാനിക്കുന്നതു വായിച്ചതിനു ശേഷം ഇരുന്നുകൊണ്ടാണ്. അങ്ങനെ യേശുവും വായിച്ചുകഴിഞ്ഞ് പുസ്തകം മടക്കി ശുശ്രൂഷക്കാരനു തിരികെ കൊടുത്തിട്ട് ഇരുന്നു. അവർക്കെല്ലാം അവനെ അറിയാമായിരുന്നതുകൊണ്ടു പള്ളിയിലുണ്ടായിരുന്നവ രുടെയെല്ലാം കണ്ണ് അവന്റെ മേൽ പതിഞ്ഞു. അവനെപ്പറ്റി കേട്ടിരുന്നതിനാൽ അവർക്കു അവനോടു വലിയ ആദരവുണ്ടായിരുന്നു. കഴിഞ്ഞ പതിനഞ്ചു മാസങ്ങളിൽ അവനെപ്പറ്റി കേട്ടിരുന്നു. യേശു തന്റെ പ്രഭാഷണം ആരംഭിച്ചത് ഇപ്രകാരമാണ്: "നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന്നു നിവൃത്തിവന്നു." അവരുടെ ലൗകീക ആശകളെല്ലാം തെറിപ്പിച്ചുകൊണ്ട് അവനാണ് ക്രിസ്തു എന്ന് അവരോടു പറയുകയായിരു ന്നു. ആ തിരുവെഴുത്ത് അവൻ വ്യാഖ്യാനിച്ചു. എല്ലാവരും

അവനെപ്പറ്റി സംസാരിച്ചു. അവന്റെ ലാവണ്യവാക്കുകളിൽ അതിശയിച്ചു. അവർ പറഞ്ഞു, "ഇവൻ യോസേഫിന്റെ മകൻ അല്ലയോ?"

ക്രിസ്തു കൃപയുള്ള വാക്കുകൾ ഉപയോഗിച്ചു അവന്റെ പ്രസംഗശൈലി അതു കാണിക്കുന്നു. ദാഹിച്ചിരിക്കുന്നവനു തണുത്ത വെള്ളം പോലെ ആയിരുന്നു അത്. പുതിയ ആത്മീയ സാമ്രാജ്യത്തെപ്പറ്റി വിളംബരം ചെയ്യാൻ അവൻ വന്നു. തന്റെ ശ്രോതാക്കളുടെ വിചാരങ്ങൾ തന്റെ വിചാരങ്ങളിൽനിന്നും എത്രയോ അകലെയാണെന്ന് അവൻ അറിഞ്ഞു. കൃപയെപ്പറ്റിയുള്ള അവരുടെ നിഗമനം ഉപരിപ്ളവമായിരുന്നെങ്കിലും അവൻ കൃപയുള്ള വാക്കുകളാണ് ഉപയോഗിച്ചതെന്ന് അവർക്ക് മനസ്സിലായി. ഭൗതിക നന്മകളും മഹത്വവും നിറഞ്ഞ ഒരു ഭൗതിക സാമ്രാജ്യമാണ് അവർ ആഗ്രഹിച്ചത്. അവന്റെ അത്ഭുത പ്രവർത്തികളിൽ അവൻ അതിശയിച്ചു. അവൻ പറഞ്ഞു, "നിങ്ങൾ തീർച്ചയായും ഈ പഴഞ്ചൊൽ എന്നോടു പറയും വൈദ്യാ നീ നിന്നെ തന്നെ സൗഖ്യമാക്കുക. ഞങ്ങൾ കഫർന്നഹൂമിൽ നീ ചെയ്തതു കേട്ടതുപോലെ നിന്റെ പിതൃനഗരത്തിലും ചെയ്യുക." ഇതിനാൽ അവർ അർത്ഥമാക്കിയത് നസറെത്ത് കൂടുതൽ അത്ഭുതപ്രവൃത്തികൾ അർഹിക്കുന്നു എന്നാണ്. എന്തുകൊണ്ടാണ് അവൻ തന്റെ സ്വന്തം പട്ടണത്തിൽ അത്ഭുതം പ്രവർത്തിച്ചു ഞങ്ങളെ തൃപ്തരാക്കാത്തത്? അവർ തീർച്ചയായും അതിശയിച്ചു. അപ്പോൾ യേശു വേറൊരു പഴഞ്ചൊല്ല് ഉദ്ധരിച്ചു. അവൻ പറഞ്ഞു "ഒരു പ്രവാചകനും തന്റെ സ്വന്തം പട്ടണത്തിൽ സമ്മതമുള്ളവനല്ല" അതിനാൽ അവൻ അർത്ഥമാക്കിയതു അവനെപ്പറ്റി താഴെപറയും പ്രകാരമുള്ള ചിന്തയായിരുന്നു അവർക്കു ണ്ടായിരുന്നതെന്നാണ്. "നീ നിന്റെ പ്രസംഗം നിന്റെ ദരിദ്രകുടുംബത്തിലെ ജനത്തെപ്പറ്റി അറിയാൻ പാടില്ലാത്തവരുടെ അടുത്തേക്കു കൊണ്ടു

പോകൂ. നിന്റെ പുതിയ ഉപദേശത്തിന്നു ഞങ്ങൾ കീഴ്പ്പെടുമെന്നു നീ പ്രതീക്ഷിക്കുകയേ വേണ്ട!

നസറത്തിലെ ആളുകൾക്കു യേശുവിനോടു കോപം ഉണ്ടായി. അവരുടെ പട്ടണം സ്ഥിതി ചെയ്തിരുന്ന മലയുടെ വക്കോളം കൊണ്ടുപോയി അവനെ തള്ളി യിടുവാൻ അവർ നിശ്ചയിച്ചു. എന്നാൽ യാതൊരു ഉപദ്രവും ഏൽക്കാതെ യേശു അവരുടെ നടുവിൽകൂടി നടന്നു തന്റെ വഴിക്ക്പോയി. അവരുടെ രക്ഷിതാവി നേയും അവന്റെ വാക്കുകളേയും അവർ അംഗീകരിച്ചില്ല. പിന്നെ ഒരിക്കൽ യെരൂശലേമിന്നുവേണ്ടി കരഞ്ഞതു പോലെ നസറെത്തു വിട്ടപ്പോഴും യേശു കരഞ്ഞു കാണുമോ എന്ന് നാം സംശയിക്കേണ്ടിയിരിക്കുന്നു. അനേകവർഷങ്ങൾ അവിടെ അദ്ധ്വാനിച്ചതിന്നുശേഷം തന്റെ പിതൃനഗരത്തെ വിട്ടുപോകുമ്പോൾ യേശു ദുഃഖിതനായിരുന്നു എന്നു സ്വാഭാവികമായി നമുക്കു കരുതാം. തന്റെ വാക്കുകളാലും പ്രവൃത്തികളാലും തന്റെ സ്വന്ത ആളുകൾക്കു സാക്ഷ്യം നിന്നതിനുശേഷം തന്റെ സ്വന്തം സഹോദരങ്ങളുടെ മദ്ധ്യേനിന്നും തനിക്ക് ഒരു ശിഷ്യനേയും എടുക്കാതെ ആയിരുന്നു യേശു പോയത്.

* * *

# VII

## യേശു നാലു ശിഷ്യന്മാരെ വിളിക്കുന്നു

*"അവൻ ഗലീല കടപ്പുറത്തു നടക്കുമ്പോൾ ശിമോനും അവന്റെ സഹോദരനായ അന്ത്രെയാസും കടലിൽ വല വീശുന്നതു കണ്ടു. അവർ മീൻ പിടിക്കുന്നവർ ആയിരുന്നു. യേശു അവരോടു: എന്നെ അനുഗമിപ്പിൻ; ഞാൻ നിങ്ങളെ മനുഷ്യരെപ്പിടിക്കുന്നവരാക്കും എന്നു പറഞ്ഞു. ഉടനെ അവർ വല വിട്ടു അവനെ അനുഗമിച്ചു. അവിടെ നിന്നു അല്പം മുന്നോട്ടു ചെന്നപ്പോൾ സെബദിയുടെ മകനായ യാക്കോബും, അവന്റെ സഹോദരനായ യോഹന്നാനും പടകിൽ ഇരുന്നു വല നന്നാക്കുന്നതു കണ്ടു. ഉടനെ അവരേയും വിളിച്ചു. അവർ അപ്പനായ സെബദിയ കൂലിക്കാരോടു കൂടെ പടകിൽ വിട്ടു അവനെ അനുഗമിച്ചു" (മർക്കൊസ് 1:16-20)*

തിബര്യസ് എന്നറിയപ്പെടുന്ന ഗലീലക്കടൽ തീരത്തു വെച്ചാണ് യേശു തന്റെ നാലു ശിഷ്യന്മാരെ വിളിച്ചത്. അവർ അന്ത്രെയാസ്, ശിമോൻ പത്രോസ് (അന്ത്രെയാസിന്റെസഹോദരൻ), യാക്കോബ്, യോഹന്നാൻ (യാക്കോബിന്റെ സഹോദരൻ) എന്നിവരായിരുന്നു. നാലുപേരും കരയിൽ നിന്നോ പടകിൽനിന്നോ വേല ചെയ്യുന്നവർ. ക്രിസ്തു കണ്ടുമുട്ടിയപ്പോൾ യാക്കോബും യോഹന്നാനും അവരുടെ പിതാവിനോടുകൂടി വല നന്നാക്കുകയായിരുന്നു. യേശു പത്രൊസിനെയും അന്ത്രെയാസിനെയും ഏറ്റവും പ്രാധാന്യമുള്ള മനുഷ്യരെ പിടിക്കുന്ന ജോലിയിലേക്കു ആദ്യം ക്ഷണിച്ചു. അവർ സുവിശേഷമാകുന്ന വല ഈ നാശലോകമാകുന്ന സാഗരത്തി

ലേക്ക് ആത്മാക്കളെ നേടാൻ ഇറക്കണമായിരുന്നു. അങ്ങനെ അവരെ സമാധാനത്തീരത്തിലേക്കു കൊണ്ടു വരേണമായിരുന്നു. അവൻ മറ്റു രണ്ടുപേരെയും പിന്നീട് അതേ വേലക്ക് വിളിച്ചു.

ആ നാലുപേരും ആ ക്ഷണം സ്വീകരിച്ച് അവനെ അനുഗമിച്ചു. അവർ തങ്ങളുടെ പിതാക്കന്മാർ, പടകുകൾ, വേലക്കാർ, വലകൾ, കൂട്ടുതൊഴിലുകൾ എന്നിങ്ങനെ വാസ്തവത്തിൽ അവർക്കു മുമ്പുണ്ടായിരുന്ന എല്ലാം ഉപേക്ഷിച്ചു വിശ്വാസത്താൽ അവനെ അനുഗമിച്ചു. അവന്റെ യാത്രകളിൽ അവനോടുകൂടെപ്പോയി. ഇനി അവർ അവന്റെ സ്ഥിരം കൂട്ടുകാരായിരിക്കും. ശമര്യയിലും യെഹൂദ്യരിലും മനുഷ്യരെ എങ്ങനെ പിടിക്കണമെന്നു ക്രിസ്തു അവർക്കു മാതൃക കാട്ടിയിരുന്നു. ഇപ്പോൾ അവരുടെ നിത്യത്തൊഴിൽ ഉപേക്ഷിച്ച് പുതിയ വേല ചെയ്യുന്നതിനു കൂടുതൽ പരിശീലനം കൊടുപ്പാൻ ക്രിസ്തു ആഗ്രഹിച്ചു.

സെബദിയുടെ മക്കൾ തങ്ങളുടെ പിതാവിന്റെ പടകിൽ വിട്ടേച്ചു ക്രിസ്തുവിനെ അനുഗമിച്ചു. തങ്ങളുടെ ബന്ധുക്കളെ ഉപേക്ഷിച്ചു ഗുരുവിനെ അനുഗമിക്കുകയും അനുസരിക്കുകയും ചെയ്തവരുടെ കൂട്ടത്തിലുള്ള ആദ്യ കണ്ണി അവരായിത്തീർന്നു. ബന്ധുക്കളെ പുറന്തള്ളി തന്നെ മുന്നിൽ നിർത്തണമെന്ന് ആവശ്യപ്പെടാൻ ധാർമ്മികമായും മതസംബന്ധമായുള്ള അവകാശം ആർക്കും ഇല്ല. എന്നാൽ കർത്താവായ യേശു ഒരു സാധാരണ മനുഷ്യനാ യിരുന്നില്ല. അതിനാൽ തങ്ങളുടെ ജീവിതത്തിൽ അവനെ മുൻനിർത്തുവാൻ യേശു അവരോടാവശ്യപ്പെട്ടു. യേശു കേവലം ഒരു മനുഷ്യനായിരുന്നെങ്കിൽ, ഒരുവൻ തന്റെ മാതാപിതാക്കളെ ബഹുമാനിക്കണമെന്നുള്ള അഞ്ചാമ ത്തെ കല്പന പിന്തള്ളി, തങ്ങളുടെ വൃദ്ധ പിതാവിനെ വിട്ട് തന്നെ അനുഗമിപ്പാൻ സെബദിമക്കളോടു പറയുക

യില്ലായിരുന്നു. അവൻ ദൈവീക കല്പനയാണ് നൽകിയ തെന്നു അവർക്ക് ബോധ്യമായതിനാലാണ് അവർ അവനെ അനുസരിച്ചത്. മാനുഷിക ഉത്തരവാദിത്വങ്ങൾ, അവ എത്ര പരിപാവനമായിരുന്നാൽ പോലും അവക്കു പരിയാണല്ലോ ദൈവിക പ്രമാണങ്ങൾ. ന്യായപ്രമാണം നൽകിയത് അവനാകയാൽ ആവശ്യാനുസരണം അതിനെ ഭേദപ്പെടുത്തുവാനും അവന്നവകാശമുണ്ട്.

ദൈവത്തിന്റെ സ്നേഹിതനായ അബ്രാഹം കൽദ്ദായ ഊരിലുള്ള തന്റെ ഭവനം ദൈവീക വിളിക്ക നുസരണമായി ഉപേക്ഷിച്ചു. അവൻ ദൈവത്തെ വിശ്വസി ച്ചിറങ്ങിയതിനാൽ യിസ്രായേൽ ജനതയുടെ പൂർവ്വീകനാ യിത്തീർന്നു. അതുകൊണ്ടാണു നാം അവനെ, "വിശ്വാസി കളുടെ പിതാവ്" എന്നു വിളിക്കുന്നത്. (റോമർ 4:11). ദൈവം അബ്രഹാമിനോടു പറഞ്ഞു, "നിന്നിൽ ഭൂമിയിലെ സകല ജാതികളും അനുഗ്രഹിക്കപ്പെടും" (ഉൽപത്തി 12:3). മോശെയും ദൈവവിളി അനുസരിച്ചു, ഫറവോന്റെ കൊട്ടാരം ഉപേക്ഷിച്ചു. രാജകീയമായ ദത്തെടുപ്പും അവന്റെ സുഖസൗകര്യങ്ങളും, പഠിപ്പും, ധനവും, ഈജിപ്തിന്റെ മഹിമയും മോശ ഉപേക്ഷിച്ചു. പഴയ നിയമവിശ്വാസത്തിന്റെ അടിസ്ഥാനമായ ന്യായപ്രമാണം ലഭിച്ച തന്റെ ജനത്തെ നയിക്കുന്നതിനും നടത്തുന്നതിനും ദൈവം അവനെ വിളിച്ചു. അതുപോലെ താഴ്മയുള്ളവനും ദരിദ്രനുമായ ഗുരുവിനെ അനുഗമിക്കുവാൻ ഈ നാലു ശിഷ്യന്മാരും അവരുടെ തൊഴിലും, ഭവനങ്ങളും തങ്ങൾ ക്കുള്ളതെല്ലാം ഉപേക്ഷിച്ചു. ഈ ചെറിയ ബലഹീന കൂട്ടത്തിൽനിന്നും അവരുടെ സഹപ്രവർത്തകരിൽ നിന്നുമാണ്, ഭൂലോകത്തെ മുഴുവനും മാറ്റിമറിച്ച ശക്തവും, ആത്മീകവും രാജകീയ പൗരോഹിത്യമുള്ള ക്രിസ്തീയ സഭ ഉളവായത്.

ആടുകളെ മേയിച്ചുകൊണ്ടിരുന്ന ദാവീദിനെ തന്റെ ജനങ്ങളെ പാലിക്കുവാനായി ദൈവം തെരഞ്ഞെടുത്തുവെന്ന് നാം തോറായിൽ വായിക്കുന്നു. ഇവിടെ ക്രിസ്തു അന്ത്രെയാസ്, പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ മീൻ പിടിക്കുന്ന ജോലിയിൽ നിന്നുയർത്തി അപ്പൊസ്തലന്മാരായി തെരഞ്ഞെടുത്തതായി നാം കാണുന്നു. അവരുടെ ജീവിതത്തിലെ അത്ഭുത സംഭവങ്ങളിൽക്കൂടി അവർ ജീവിക്കുന്ന സുവിശേഷത്തിന്റെ പ്രകാശിക്കുന്ന സാക്ഷികളാകുന്നു. ക്രിസ്തു ജനക്കൂട്ടത്തെ ഉപദേശിക്കുകയും അവരെ പഠിപ്പിക്കുകയും ചെയ്യുമ്പോഴും ഈ ശിഷ്യന്മാരെ പരിശീലിപ്പിക്കുന്നതിനായിരുന്നു കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരുന്നത്. അവർ ശിഷ്യന്മാരായി പട്ടണങ്ങൾ തോറും അവനെ അനുഗമിച്ചിരുന്നു.

കഫർന്നഹൂമിലെ പള്ളിയിൽ യേശു പ്രസംഗിച്ചതു കേട്ടവർ അമ്പരന്നുപോയി. കാരണം അവർ മുമ്പ് കേട്ടിരുന്ന പ്രസംഗങ്ങളിലെല്ലാം അവരുടെ മുൻഗാമികളുടെ വാക്കുകളെ ഉദ്ധരിച്ചിരുന്നു. അന്നത്തെ പ്രസംഗകർക്ക് പഴമക്കാരുടെ വാക്കുകളെ മനസ്സിലാക്കി അവയെ മന:പ്പാഠമാക്കുന്നതിനു വലിയ ബുദ്ധിമുട്ടു സഹിക്കേണ്ടി വന്നു. പിന്നീടു സഭാക്കൂട്ടങ്ങളിൽ അവയെ ചൊല്ലി കേൾപ്പിക്കണമായിരുന്നു. ഇത്തരം പ്രായോഗിക തലത്തിലുള്ള അവരുടെ കഴിവിനെ ആശ്രയിച്ചായിരുന്നു അവർക്കു പ്രസിദ്ധിയും ബഹുജന പിന്തുണയും ലഭിച്ചിരുന്നത്. ഇപ്പോഴിതാ ആളുകൾ പുതിയ തരത്തിലുള്ള ഒരു പ്രസംഗകനെ അഭിമുഖീകരിക്കുന്നു. അവൻ പാരമ്പര്യ പഠനത്തേയും, തത്ത്വശാസ്ത്രത്തേയും പഴമൊഴിയേയും കേൾവികേട്ട വാക്ചാതുര്യമുള്ളവനേയും അവഗണിച്ചു. സുപ്രസിദ്ധനായ ഒരു റബ്ബിയുടെ വാക്കുകളെ ഉദ്ധരിക്കുന്നതിനു പകരം അവൻ പറഞ്ഞത്, “ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു” എന്നാണ്. പഴയ അധ്യാപന

ങ്ങളിൽ നിന്ന് ഉദ്ധരിക്കേണ്ടി വന്നിട്ടുള്ളപ്പോഴെല്ലാം താൻ അവക്കു നൂതനാർത്ഥവും ആശയവും കൊടുത്തിട്ടുണ്ട്. പഴയനിയമത്തിൽ നിന്നു വ്യാഖ്യാനിക്കേണ്ടി വന്നിട്ടുള്ളപ്പോഴാകട്ടെ ക്രിസ്തു ന്യായപ്രമാണത്തിന്റെ അക്ഷരാർത്ഥത്തെയല്ല, ഉപദേശ സത്യങ്ങളുടെ ആത്മാവിനെയത്രേ കേന്ദ്രീകരിച്ചത്.

***"എന്നെ അനുഗമിക്കുക!"***

*(മർക്കൊസ് 1 : 17)*

* * *

# IX

# യേശു ഭൂതങ്ങളെ പുറത്താക്കുന്നു

***“അനന്തരം ഗലീലയിലെ ഒരു പട്ടണമായ കഫർന്നഹൂമിൽ ചെന്നു ശബ്ബത്തിൽ അവരെ ഉപദേശിച്ചുപോന്നു. അവന്റെ വചനം അധികാരത്തോടെ ആകയാൽ അവർ അവന്റെ ഉപദേശത്തിൽ വിസ്മയിച്ചു. അവിടെ പള്ളിയിൽ അശുദ്ധ ഭൂതം ബാധിച്ച ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അവൻ നസറായനായ യേശുവേ വിടൂ; ഞങ്ങൾക്കും നിനക്കും തമ്മിൽ എന്ത്? ഞങ്ങളെ നശിപ്പിക്കാൻ വന്നിരിക്കുന്നുവോ? നീ ആർ എന്നു ഞാൻ അറിയുന്നു, ദൈവത്തിന്റെ പരിശുദ്ധൻ തന്നെ എന്നു ഉറക്കെ നിലവിളിച്ചു. മിണ്ടരുതു, അവനെ വിട്ടുപോക എന്നു യേശു അവനെ ശാസിച്ചപ്പോൾ ഭൂതം അവനെ നടുവിൽ തള്ളിയിട്ടു കേടു ഒന്നും വരുത്താതെ അവനെ വിട്ടുപോയി. എല്ലാവർക്കും വിസ്മയം ഉണ്ടായി. ഈ വചനം എന്ത്? അധികാരത്തോടും ശക്തിയോടും കൂടെ അവൻ അശുദ്ധാത്മാക്കളോടു കല്പിക്കുന്നു; അവ പുറപ്പെട്ടുപോകുന്നു എന്നു തമ്മിൽ പറഞ്ഞു കൊണ്ടിരുന്നു. അവന്റെ ശ്രുതി ചുറ്റുമുള്ള നാടെങ്ങും പരന്നു” (ലൂക്കൊസ് 4:31–37).***

യേശു കഫർന്നഹൂമിലായിരുന്നപ്പോൾ പള്ളിയിൽ പോയി. ആ ശബ്ബത്തിൽ ആരാധനയിൽ പങ്കെടുത്തവരുടെ കൂട്ടത്തിൽ ഭൂതം ബാധിച്ച ഒരുവൻ ഉണ്ടായിരുന്നു. അവൻ യേശുവിനെ കണ്ടപ്പോൾത്തന്നെ ഉറക്കെ നിലവിളിച്ചു. “ഞങ്ങളെ വിടൂ, നസറായനായ യേശുവേ,

ഞങ്ങൾക്കും നിനക്കും തമ്മിൽ എന്തു?'' സാത്താന്യ വിദ്വേഷം ഈ വാചകത്തിൽ വ്യക്തമായി കാണാം.

ആ മനുഷ്യൻ ബഹുവചനത്തിൽ സംസാരിച്ചിരുന്നതിനാൽ ഒന്നിൽക്കൂടുതൽ ദുരാത്മാക്കൾ അവനിൽക്കൂടി സംസാരിച്ചുവെന്നും മനസ്സിലാക്കാം. കൂടാതെ, "നീ ഞങ്ങളെ നശിപ്പിക്കാൻ വന്നുവോ?'' എന്ന ചോദ്യം യേശുവിന്നു ഭൂതങ്ങളുടെ മേൽ പൂർണ്ണ അധികാരം ഉണ്ടെന്നുള്ളതിന്റെ ഏറ്റുപറച്ചിലാണ്. അവസാനമായി ആ സമ്മതം "നീ ആരാണെന്നു ഞങ്ങൾക്കറിയാം" എന്നത് പിശാചുക്കൾക്കും മനുഷ്യരെക്കാൾ കൂടുതൽ ആത്മീക കാര്യങ്ങൾ അറിയുമെന്ന് കാണിക്കുന്നു.

യേശു ഏകനായി മരുഭൂമിയിലായിരുന്നപ്പോൾ പിശാചിനെ അഭിമുഖീകരിച്ചിട്ടുണ്ട്. നസറെത്തിലെ ആളുകളെ പ്രകോപിപ്പിച്ചു യേശുവിനെ കൊല്ലാനായി പിശാചു ശ്രമിച്ചു. വീണ്ടും അവൻ പരിശുദ്ധനായ ഈ ഗുരുവിന്നു നേരെ പരസ്യമായി രംഗപ്രവേശം ചെയ്കയായിരുന്നു. യേശു രക്ഷയുടെ ദൂതു പ്രഖ്യാപിച്ചപ്പോൾ പിശാചിന്നു അടങ്ങിയിരിക്കാൻ കഴിഞ്ഞില്ല. ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്നു യേശു പ്രഖ്യാപിക്കുകയും അതിലേക്കു കടക്കേണ്ടതിനുള്ള ഏകമാർഗ്ഗം വിവരിക്കുകയും ചെയ്തു. യേശു അവന്നെതിരായി പോരാടുകയാണെന്ന് പിശാചിന്നു മനസ്സിലായി. അവന്റെ പ്രവൃത്തികളെ അഴിപ്പാനും വഷളായ അവന്റെ സാമ്രാജ്യത്തെ മാറ്റുവാനുമാണ് യേശു വന്നിരിക്കുന്നതെന്ന് പിശാചിന്നു തോന്നി. ക്രിസ്തു പിശാചിന്റെ ശിരസ്സു തകർക്കാൻ പോകുന്നു. (ഉൽപത്തി 3:15). അപ്പോൾ അവന്നു എങ്ങനെ അടങ്ങിയിരിക്കാൻ സാധിക്കും?

പിശാച് യേശുവിനെക്കുറിച്ച്, "ദൈവത്തിന്റെ പരിശുദ്ധൻ'' എന്നു പരസ്യമായി സാക്ഷിക്കുന്നതിൽ നമുക്കു വിസ്മയം തോന്നാം. ആ ഭൂതഗ്രസ്തനിൽ നിന്നും

പിശാചുക്കളെ പുറത്താക്കുന്നതിനുള്ള ക്രിസ്തുവിന്റെ അധികാരം ഇവിടെ വ്യക്തമാണ്. ഒരു ശത്രുവിന്റെ സാക്ഷ്യത്തിന്നു ഇരട്ടി വിലയുണ്ട്. പിശാചുക്കളും അവനെ സാക്ഷിക്കുന്നതായി ജനങ്ങൾ അറിയണമെന്നു യേശു ആഗ്രഹിച്ചു. ക്രിസ്തുവിനെപ്പറ്റി പിശാചിന്റെ ആദ്യത്തെ പരസ്യപ്രഖ്യാപനം ഇതായിരുന്നു. എന്നാൽ അത് അവസാനത്തേതല്ലായിരുന്നു.

ഭൂതബാധിതനായ മനുഷ്യൻ പരസ്യമായും വ്യക്തമായും സാക്ഷിച്ചപ്പോൾ യേശു അവനെ ശാസിച്ചു പറഞ്ഞത്: "മിണ്ടരുതു, അവനെ വിട്ടുപോക" എന്നാണ്. എന്തു സംഭവിച്ചുവെന്നറിയാൻ ജനക്കൂട്ടം കാത്തിരുന്നു. അവന്നു ഉപദ്രവം ഒന്നും പറ്റാതെ ഭൂതങ്ങൾ അവനെ നടുക്കു തള്ളിയിട്ട് വിട്ടു പോയി. ജനക്കൂട്ടം ആശ്ചര്യപ്പെട്ടു. ഓരോരുത്തരും അത്ഭുതപരതന്ത്രരായി അന്യോന്യം ചോദിക്കുവാൻ തുടങ്ങി" നമ്മുടെ ഇടയിൽ വന്ന ഈ കഴിവുറ്റ മനുഷ്യൻ ആരാണ്? അത്ഭുതാവഹമായ ഈ പുതിയ ഉപദേശം എന്താണ്? തച്ചന്റെ മകനായ ഇവന്നു ഇത്ര വലിയ അധികാരം എവിടെ നിന്ന്? ദുരാത്മക്കളും അവനെ അനുസരിക്കുന്നല്ലോ?"

കാനാവിലെ ആദ്യത്തെ അത്ഭുത പ്രവൃത്തിയിൽ, വെള്ളം വീഞ്ഞാക്കിയപ്പോൾ, പ്രകൃതി നിയമങ്ങളുടെ മേലുള്ള ക്രിസ്തുവിന്റെ അധികാരം വെളിപ്പെടുത്തുക യാണ് ചെയ്തത്. രാജഭൃത്യന്റെ മകനെ സൗഖ്യമാക്കിയ രണ്ടാമത്തെ അത്ഭുതപ്രവൃത്തിയിൽ രോഗങ്ങളുടെ മേലുള്ള അവന്റെ അധികാരം വെളിപ്പെടുത്തി. മൂന്നാമത്തെ ഈ അത്ഭുതത്താൽ സാത്താന്യ ശക്തികളുടെ മേലുള്ള തന്റെ പരമാധികാരം യേശു വിളംബരം ചെയ്യുക യായിരുന്നു തന്റെ ശുശ്രൂഷയുടെ ആരംഭത്തിലുള്ള ഈ മൂന്നടയാളങ്ങളും അവൻ മനുഷ്യരാശിയുടെ രക്ഷകനായിരിക്കാൻ യോഗ്യനാണെന്ന് തെളിയിച്ചു.

ഈ വലിയ അത്ഭുത വാർത്ത ആ സ്ഥലം മുഴുവനും പരന്നു. ചുറ്റുപാടുമുള്ള ഇടങ്ങളിലേക്കും ഈ വാർത്ത എത്തി. ദാവീദ് കുടുംബത്തിലെ പ്രഭുവും ഈ ലോകത്തിന്റെ പ്രഭുവും തമ്മിൽ നടന്ന പോരാട്ടത്തിൽ ഈ ലോകത്തിന്റെ പ്രഭു തോല്പിക്കപ്പെടുകയും ലജ്ജിതനാകുകയും ചെയ്തു.

യേശു മരുഭൂമിയിൽ വെച്ചു സാത്താനെ വിജയകരമായി നേരിട്ടു. മനുഷ്യപുത്രൻ എന്ന നിലയിൽ തന്റെ ജീവിതത്തിലും മറ്റുള്ളവരുടെ ജീവിതത്തിലും സാത്താനെ തോല്പിക്കുവാൻ തനിക്കു കഴിയുമെന്നു യേശു തന്റെ പ്രവൃത്തികളിലൂടെ പുതിയ ശിഷ്യന്മാരെയും, പിശാചിനേയും, ഗലീലാ നിവാസികളെയും ഭാവി തലമുറയേയും കാണിച്ചു കൊടുത്തു.

ഈ അത്ഭുതത്തിൽ നിന്ന് ക്രിസ്തുവിന്റെ കാലത്തും പിൽക്കാലത്തും ഉണ്ടായിട്ടുള്ള ഭൂതബാധയെപ്പറ്റി വ്യക്തമായ വിവരണം നൽകാതെ പോകാൻ നമുക്കു സാധ്യമല്ല. യേശുവിന്റെ കാലത്തു പിശാചിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യം എന്നോണം തന്റെ പ്രവർത്തനങ്ങൾ ഇരട്ടിച്ചതായി തോന്നാം. മനുഷ്യരാശിയെ ആദ്യകാലങ്ങളെക്കാൾ കൂടുതലായി നിയന്ത്രിക്കുവാൻ അവൻ ആഗ്രഹിച്ചു. ഇതു ദൈവത്തിന്റെ അനുമതിയോടുകൂടിയായിരുന്നു. എന്തെന്നാൽ ക്രിസ്തുവിന്റെ വിജയമഹത്വവും അതിന്റെ ഫലങ്ങളും പ്രകടമാകുകയും ശക്തിപ്പെടുകയും ചെയ്യുന്നു. മനുഷ്യ മനസ്സിന്റെ ശക്തി പിശാചിനറിയാമായിരുന്നു. അതിനാൽ മനുഷ്യവംശത്തിന്റെ മേലുള്ള അവന്റെ നിയന്ത്രണത്തിന്റെ ഒരു ഭാഗം 'ഭ്രാന്താ'യിമാറി. മിക്ക സമയങ്ങളിലും ഇങ്ങനെയുള്ള രോഗികളെ കേവലം സമനില തെറ്റിയവരായി കണക്കാക്കാറുണ്ട്. സുവിശേഷത്തിൽ പിശാചു ബാധ എന്നു പറഞ്ഞിരിക്കുന്നതാണോ ഇന്നു ഭ്രാന്ത് എന്ന് വിളിക്കുന്നത്? ക്രിസ്തു അന്ധവിശ്വാ

സിയോ മതത്തിന്റെ മായാ സങ്കല്പങ്ങൾക്കു വിധേയനോ ആയിരുന്നെങ്കിൽ ഇങ്ങനെയുള്ള വ്യാഖ്യാനങ്ങൾ അനുവദിക്കാമായിരുന്നു. പിശാച് ഒരു മനുഷ്യനെ ബാധിച്ചിരുന്നതുകൊണ്ടാണ് അവൻ ആ മനുഷ്യനോടു സംസാരിക്കാതെ പിശാചിനോടു സംസാരിച്ചത്. അവൻ പറഞ്ഞു, "അവനിൽ നിന്നും പുറത്തുവരിക". നാം ഇന്ന് നിർവ്വചിക്കുന്നതുപോലെ പ്രശ്നം വെറും സുബോധം നഷ്ടപ്പെട്ട അവസ്ഥയായിരുന്നില്ല. കൂടാതെ പിശാച് ബാധിച്ചവൻ വെറും ഭ്രാന്തനായിരുന്നെങ്കിൽ അവന്നു ഇപ്രകാരം ആശ്ചര്യമുളവാക്കുന്ന പ്രസ്താവനകൾ ചെയ്യു വാനും വിശിഷ്യാ ആ കാലത്ത് ആർക്കും മനസ്സിലാക്കാൻ കഴിയാത്ത വിഷയങ്ങളെപ്പറ്റി പറയുവാനും സാദ്ധ്യമാകുമാ യിരുന്നില്ല. മാത്രമല്ല ക്രിസ്തു വെറും മാനസിക വൈകല്യ ങ്ങളെ സുഖപ്പെടുത്തിയിരുന്നെങ്കിൽ ഭൂതബാധിതരിൽ നിന്നും "തള്ളിയിട്ടു പീഡിപ്പിക്കുന്ന" വേദനാജനകമായ സംഘർഷം ബാധ ഒഴിവാക്കുമ്പോൾ ഉണ്ടാകുമായിരു ന്നില്ല. രോഗം സൗഖ്യമാക്കുന്നതിനു പുറമേ ഭൂതബാധിത രുമായി ഇടപ്പെടുന്നതു ക്രിസ്തുവും തന്റെ ശിഷ്യന്മാരും ചെയ്ത ഒരു പ്രത്യേക ശുശ്രൂഷയായിരുന്നു. മുകളിൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ സുവിശേഷം വ്യക്തമാ ക്കുന്ന 'പിശാചു ബാധ' എന്ന ഉപദ്രവം സാധാരണ മാനസിക രോഗമായി കണക്കാക്കാൻ പാടില്ലാത്തതാണ്.

**"ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചം ഉള്ളവൻ ആകും."**

(യോഹന്നാൻ 8:12)

* * *

# X

# കഫർന്നഹൂമിൽ പലരേയും സൗഖ്യമാക്കുന്നു

***"അവൻ പള്ളിയിൽനിന്നും ഇറങ്ങി ശിമോന്റെ വീട്ടിൽ ചെന്നു. ശിമോന്റെ അമ്മാവിയമ്മ കഠിനജ്വരം കൊണ്ടു വലഞ്ഞിരിക്കയാൽ അവർ അവൾക്കു വേണ്ടി അവനോടു അപേക്ഷിച്ചു. അവൻ അവളെ കുനിഞ്ഞു നോക്കി, ജ്വരത്തെ ശാസിച്ചു. അതു അവളെ വിട്ടുമാറി; അവൾ ഉടനെ എഴുന്നേറ്റു അവനെ ശുശ്രൂഷിച്ചു.***

***സൂര്യൻ അസ്തമിക്കുമ്പോൾ നാനാവ്യാധികൾ പിടിച്ച ദീനക്കാർ ഉള്ളവർ ഒക്കെയും അവരെ അവന്റെ അടുക്കൽ കൊണ്ടു വന്നു; അവൻ ഓരോരുത്തന്റെയും മേൽ കൈവച്ചു അവരെ സൗഖ്യമാക്കി. പലരിൽ നിന്നും ഭൂതങ്ങൾ; നീ ദൈവപുത്രനായ ക്രിസ്തു എന്നു നിലവിളിച്ചു പറഞ്ഞുകൊണ്ടു പുറപ്പെട്ടുപോയി. താൻ ക്രിസ്തു എന്നു അവ അറികകൊണ്ടു മിണ്ടുവാൻ അവൻ സമ്മതിക്കാതെ അവയെ ശാസിച്ചു." (ലൂക്കൊസ് 4: 38–41)***

യേശു അന്ന് അവിടെ താമസിക്കുന്നതു കൊണ്ടോ അവന്റെ ശിഷ്യപ്രധാനനായും മനുഷ്യനെ പിടിക്കുന്നവനായും പത്രോസ് തീർന്നതിന്റെ നന്ദി സൂചകമായി അവൻ ഒരുക്കിയ വിരുന്നിനു ക്ഷണിച്ചതിനു കൊണ്ടോ യേശു തന്റെ കൂട്ടുകാരുമായി പത്രൊസിന്റെ ഭവനത്തിലേക്കു പോയി. രാജഭൃത്യന്റെ വീട്ടിൽ നടന്നതു പോലെ തന്റെ വീട്ടിലും യേശു അത്ഭുതം പ്രവർത്തിക്കു

മെന്നു പത്രൊസു പ്രതീക്ഷിച്ചിരിക്കാം. പത്രൊസിന്റെ അമ്മാവിയമ്മ കഠിനജ്വരം പിടിച്ചു കിടപ്പിലായിരുന്നു. അവളെ സൗഖ്യമാക്കണമെന്നു യേശുവിനോടപേക്ഷിക്കുന്നത് യുക്തമായി പത്രൊസിനു തോന്നിയില്ല. എന്നാൽ പത്രൊസിന്റെ ഹൃദയവാഞ്ഛ മറ്റുള്ളവർ ക്രിസ്തുവിനോടു പറഞ്ഞു. അതിനാൽ യേശു അവളുടെ ജ്വരത്തെ ശാസിച്ചു. അത് അവളെ വിട്ടുപോയി. അവൻ അത് ശാസിച്ചത് എന്തു പറഞ്ഞിട്ടാണെന്നു നമുക്കറിഞ്ഞുകൂടാ. ക്രിസ്തു അവളെ കൈക്കുപിടിച്ച് എഴുന്നേല്പിച്ചു. ജ്വരം അവളെ വിട്ടുമാറി. അവൾ എഴുന്നേറ്റ് അവന്നു ശുശ്രൂഷ ചെയ്തു. അത് ഇരട്ട അത്ഭുതമായിരുന്നു. പനി വന്നതു മൂലം സാധാരണഗതിയിൽ ഉണ്ടായിരുന്ന ക്ഷീണം പെട്ടെന്നപ്രത്യക്ഷമായി. അതിനാൽ അവൾ ഉടൻ എഴുന്നേറ്റു അവനെ ശുശ്രൂഷിക്കാൻ കഴിവുള്ളവളായി. തന്റെ പരസ്യ ശുശ്രൂഷക്കുശേഷം യേശുക്രിസ്തുവിനെ ശുശ്രൂഷിച്ച സ്ത്രീകളിൽ ഒന്നാമതായി അവളെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു.

അവളുടെ ജ്വരം വിട്ടുമാറി സൗഖ്യമായെന്ന വാർത്ത ആ സ്ഥലത്തെങ്ങും പരന്നു. ആ അത്ഭുതത്തിനുശേഷം പിശാചു ബാധിച്ചവൻ സൗഖ്യമായി. ആ ശനിയാഴ്ച വൈകുന്നേരമായപ്പോൾ ആ ഡിസ്ട്രിക്റ്റിലുള്ള രോഗികളെല്ലാം പത്രൊസിന്റെ ഭവനത്തിൽ വന്നുചേർന്നു. ശബ്ബത്താചരിക്കുവാനുള്ള കല്പന അവർ ബഹുമാനിച്ചതുകൊണ്ട് അവർ വൈകുന്നേരം ആകുവാൻ കാത്തിരിക്കുകയായിരുന്നു. കഫർന്നഹൂമിൽ ഒരു രോഗി പോലും അവശേഷിക്കാതെ എല്ലാവരും രോഗങ്ങളിൽ നിന്നും വിമുക്തരായി.

പിശാചു ബാധിച്ചവർക്കു ലൂക്കൊസ് തന്റെ സുവിശേഷത്തിൽ പ്രത്യേക ശ്രദ്ധ കൊടുത്തതായി കാണാം. അവൻ പറയുന്നു “നീ ദൈവപുത്രനായ ക്രിസ്തു” എന്ന്

നിലവിളിച്ചുകൊണ്ടു പലരിൽനിന്നും ഭൂതങ്ങൾ പുറപ്പെട്ടു പോയി എന്ന്. യേശു രോഗികളുടെ മേൽ കൈവച്ചു. എന്നാൽ ഭുതബാധിതന്റെ മേൽ കൈ വച്ചില്ല. അവൻ ആജ്ഞാപിച്ചു ഭൂതങ്ങളെ പുറത്താക്കുകയായിരുന്നു. 'നീ ദൈവത്തിന്റെ പരിശുദ്ധൻ' എന്നു പിശാചു സാക്ഷിച്ച തിന്റെ ശേഷം പള്ളിയിൽ വെച്ച് യേശു പിശാചിനോട് 'അടങ്ങിയിരിക്കുക' എന്നു കൽപിച്ചു. സന്ധ്യാസമയത്ത് യേശുവിനെപ്പറ്റിയുള്ള പിശാചുക്കളുടെ സാക്ഷ്യം കൂടുതൽ വ്യക്തവും ശക്തവും ആയിരുന്നു. അവർ നിലവിളിച്ചു കൊണ്ട് പറഞ്ഞു "നീ ദൈവത്തിന്റെ പുത്രനായ ക്രിസ്തു" എന്ന്. യേശു അവയെ ശാസിച്ചു, സംസാരിക്കുവാൻ അനുവദിച്ചില്ല. എന്തെന്നാൽ അവൻ ക്രിസ്തു ആണെന്ന് അവർ അറിഞ്ഞിരുന്നു. അവരെ പുറത്താക്കുന്ന ഒരു സാധാരണ മനുഷ്യനെ അവർ പുകഴ്ത്തുമെന്ന് തോന്നുന്നില്ല. എന്നാൽ യേശുവിന്നു ദൈവീകാധികാരം ഉണ്ടായിരുന്നു. ആ പട്ടണത്തിലെ ആൾക്കാർ യേശുവിനെ 'ക്രിസ്തു' എന്നോ, ദൈവപുത്രനെന്നോ, 'ദൈവത്തിന്റെ പരിശുദ്ധനെന്നോ' വിളിക്കാഞ്ഞതു വളരെ ദുഃഖമായിപ്പോയി. സൗഖ്യം പ്രാപിച്ചവരായിരിക്കണം ആദ്യമായി ആ രക്ഷകനെപ്പറ്റി വ്യക്തമായി സാക്ഷിച്ചത്.

ശ്രേഷ്ഠ സൗഖ്യദായകനായ ക്രിസ്തു എത്ര അത്ഭുതവാനാണ്! വൈകുന്നേരത്തെ ആദ്യനാഴികകളിൽ അവൻ പത്രൊസിന്റെ വീട്ടുവാതിലിനു മുമ്പിൽ നിന്നു. അവന്റെ അടുക്കൽ വന്ന ഓരോ രോഗിയുടെമേലും കൈവച്ചു. ദരിദ്രരായ ആ ആളുകളുടെ സങ്കടങ്ങളിൽ അവൻ അനുകമ്പയുള്ളവനായിരുന്നു എന്നു ഇതു തെളിയിച്ചു. സൗഖ്യമാക്കുവാനുള്ള അവന്റെ ശക്തി വെളിപ്പെടുത്തി. അവരുടെ അവശ്യമനുസരിച്ചു അവന്റെ കൈവിരലുകൾ അവരുടെ ശരീരത്തിനുവേണ്ട ആരോഗ്യം തിരിച്ചു നൽകി. ആത്മീക രോഗങ്ങൾ മാറ്റുവാൻ താൻ

പ്രാപ്തനെന്ന് അങ്ങനെ ചെയ്തതിനാൽ യേശു വ്യക്ത മാക്കി. ആത്മീകവും ഭൗതീകവുമായ രോഗങ്ങളെ തനിക്കു സൗഖ്യമാക്കുവാൻ കഴിയുമെന്ന് അവൻ തെളിയിച്ചു. അവർക്കു അവനോടപേക്ഷിച്ചാൽ മാത്രം മതിയായിരുന്നു. പ്രവാചകനായ യെശയ്യാവ് ഇപ്രകാരം പറഞ്ഞു "സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു" (യെശയ്യാവ് 53:4) എന്ന്.

യേശു ചെയ്തിട്ടുള്ള സുദീർഘമായ രോഗശാന്തി ശുശ്രൂഷയുടെ ആരംഭം രോഗശാന്തി ശുശ്രൂഷയുടെ ആരംഭം ഇങ്ങനെയായിരുന്നു. അവന്റെ എല്ലാ അത്ഭുത രോഗശാന്തി ശുശ്രൂഷകളിലും അവൻ ആദ്യം പാപവും രോഗവും തമ്മിലുള്ള സംബന്ധത്തെ കണ്ടു. മിക്കവാറും അവ തമ്മിൽ ബന്ധമുണ്ട്. രോഗം എന്നുള്ളത് ശരീരത്തിന്റെ ഒരു വൈകല്യമാണ്; ദൈവത്തിന്റെ നല്ല ഉദ്ദേശ്യത്തിന്റെ വൈകൃതരൂപമാണിത്. പാപമെന്നതു ആത്മാവിന്റെ ഒരു വൈകല്യമാണിത്. ക്രിസ്തുവിന്റെ ഉദ്ദേശ്യം ആത്മാവിനെ പാപരോഗത്തിൽനിന്നും രക്ഷിക്കുവാൻ അവൻ തയ്യാറാണെന്ന് കാണിക്കുകയായിരുന്നു. "ജനങ്ങളെ തങ്ങളുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനാണ് അവൻ വന്നതു'' (മത്തായി 1 : 21). ദൈവത്തിന്റെ കുഞ്ഞാടായ, ക്രിസ്തു ലോകത്തിന്റെ പാപത്തെ ചുമന്നൊഴിക്കാനാണ് സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്കു വന്നത്. അവനിൽ വിശ്വസിക്കുന്ന ഏവർക്കും പാപങ്ങൾ ക്ഷമിക്കപ്പെടുന്നു. എല്ലാ രോഗങ്ങളും പാപത്തിന്റെ ഫലമായി ഉണ്ടായതിനാൽ പാപത്തിന്നെതിരായി പോരാടുന്നവനു അതിന്റെ ഫലങ്ങൾക്കെതിരായും പോരാടേണ്ടിയിരിക്കുന്നു. ആ പ്രശ്നത്തിന്റെ തായ് വേരറുത്തപ്പോൾ അതിന്റെ ശാഖകളേയും വെറുതെ വിട്ടില്ല. ആത്മീക സൗഖ്യത്തിനുവേണ്ടി ആഗ്രഹിക്കുന്ന വർക്കു ചിലതാവശ്യമുണ്ടെന്നു ക്രിസ്തുവിനറിയാമാ

യിരുന്നു. പാപം മനുഷ്യനെ മരണാവസ്ഥയിലേക്കു നയിക്കുന്നതിനാൽ, ആത്മീക കാര്യങ്ങളിൽ പ്രതിപത്തി യില്ലാതെ പോകുന്നു. ആകയാൽ ശാരീരിക സൗഖ്യത്തിൽ ക്കൂടി മനുഷ്യരെ ആത്മീക കാര്യങ്ങളിൽ തല്പരരാക്കു വാൻ യേശു ആഗ്രഹിച്ചു.

ക്രിസ്തുവിന്റെ ആത്മാവുള്ളവരെല്ലാം മനുഷ്യന്റെ പ്രശ്നങ്ങളിൽ അവന്ന് ആശ്വാസം പകർന്നു കൊടുക്കു ന്നതിൽ തൽപ്പരരായിരിക്കും; അതിൽ ഏറ്റവും വലിയ പ്രശ്നം രോഗമാണുതാനും. പരിശുദ്ധാത്മാവാണ് ക്രി സ്തീയ ഡോക്ടർമാരെ അവരുടെ പണവും, സമയവും, ജീവിതവും ബലി കഴിച്ച് രോഗികളെ ശുശ്രൂഷിക്കുന്ന തിന്നു പ്രേരിപ്പിക്കുന്നത്. പാപത്തോടു പോരാടുന്നതു പോലെ തന്നെയാണ് രോഗത്തോടു പോരാടുന്നതും എന്നവർ കരുതുന്നു. മനുഷ്യശരീരങ്ങളെ പരിപാലിക്കു ന്നത് അവരുടെ ആത്മാവിന്റെ ക്ഷേമൈശ്വര്യങ്ങളിലുള്ള താത്പര്യം പോലെ തന്നെ സുപ്രധാനമാണ്.

യേശു ഭൂമിയിൽ സഞ്ചരിക്കുന്നതിനു മുമ്പില്ലാതി രുന്ന ആശുപത്രികളും അനാഥാലയങ്ങളും ധാരാളമായി ഇന്ന് ആരംഭിക്കുവാൻ ക്രിസ്തുവിന്റെ ആത്മാവാണ് ക്രൈസ്തവവിശ്വാസികളെ പ്രേരിപ്പിക്കുന്നത്. ക്രിസ്തീയ മാർഗ്ഗം എവിടെയെല്ലാം വ്യാപിച്ചിട്ടുണ്ടോ, അവിടെയെ ല്ലാം ഇത്തരം സ്ഥാപനങ്ങൾ കാണുവാൻ കഴിയും.

## ഇന്നത്തെ നമ്മുടെ വൈദ്യൻ

യേശു ഇന്നലെയും ഇന്നും എന്നെന്നേക്കും മാറ്റമില്ലാത്തവനായി നിലകൊള്ളുന്നു (എബ്രായർ 13:8). അതുകൊണ്ടാണ് അവൻ ആളുകൾക്കു സൗഖ്യം കൊടുക്കുന്നത്. ചിലപ്പോൾ അവൻ തന്റെ ശാരീരിക

സാന്നിദ്ധ്യം ആക്ഷരികമായിട്ടില്ലാതിരുന്നപ്പോൾ തന്നെ പലരേയും സൗഖ്യമാക്കിയതുപോലെ അവൻ ഇന്നും ചെയ്യുന്നു. ഓരോ വൈദ്യനും ക്രിസ്തുവിന്റെ ഒരു ഉപകരണമാണെന്നറിയുവാനും, അവന്റെ ശുശ്രൂഷ ദൈവത്തിന്റെ ചികിത്സ ആണെന്നറിയുവാനും ഓരോ രോഗിയും തന്നെ സമീപിച്ച് സൗഖ്യം ആവശ്യപ്പെടാനും അവൻ ആഗ്രഹിക്കുന്നു; എന്തെന്നാൽ അവനാണ് പരമവൈദ്യൻ; സൗഖ്യം അവനിൽനിന്നുള്ള ശ്രേഷ്ഠ ദാനമാണ്. അപ്പൊസ്തലനായ യാക്കോബ് എഴുതി:– "നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ മൂപ്പന്മാരെ വരുത്തട്ടെ, അവൻ വന്ന് കർത്താവിന്റെ നാമത്തിൽ എണ്ണ പൂശി അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. വിശ്വാസത്താലുള്ള പ്രാർത്ഥന ആ രോഗിയെ രക്ഷിക്കും; കർത്താവ് അവനെ എഴുന്നേൽപ്പിക്കും; അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ കർത്താവ് അവനോടു ക്ഷമിക്കും" (യാക്കോബ് 5 :14, 15). ഓരോവിശ്വാസിയും ക്രിസ്തുവിനെ ഏറ്റവും വലിയ വൈദ്യനായി കരുതണം. യേശുവിന്റെ – ഏറ്റവും ശ്രേഷ്ട വൈദ്യന്റെ – ഇഷ്ടം ചെയ്യുന്ന ഒരു മെഡിക്കൽ അസിസ്റ്റന്റായി നമുക്കൊരു ഡോക്ടറെ കാണാവുന്നതാണ്. അതിനാൽ നമ്മുടെ അപേക്ഷ കേട്ടു നമ്മെ സൗഖ്യമാക്കുന്നതിനു ഡോക്ടറെ നിയോഗിച്ച ആ വലിയ ഭിഷഗ്വരനോടു ആയിരിക്കണം നമ്മുടെ ഏറ്റവും വലിയ കടപ്പാടും നന്ദിയും.

## യേശു ഏകാന്തതയിൽ പിതാവിനോടൊത്ത്

***"അതികാലത്തു ഇരുട്ടോടെ അവൻ എഴുന്നേറ്റു പുറപ്പെട്ടു ഒരു നിർജ്ജന സ്ഥലത്തു***

***ചെന്നു പ്രാർത്ഥിച്ചു. ശിമോനും കൂടെയുള്ളവരും അവന്റെ പിന്നാലെ ചെന്നു. അവനെ കണ്ടപ്പോൾ : എല്ലാവരും നിന്നെ അന്വേഷിക്കുന്നു എന്നു പറഞ്ഞു." (മർക്കൊസ് 1 : 35 – 37)***

യേശുവിന്നു ചുറ്റും വലിയ ഒരു ജനസമൂഹം എപ്പോഴും ഉണ്ടായിരുന്നതായി നാം കണ്ടു കഴിഞ്ഞു. എന്നാൽ ഇതല്ല അവനാഗ്രഹിച്ചത്. തന്റെ പിതാവുമായി സമയം ചെലവഴിക്കാൻ അവന്നു ഏകാന്തവേളകളാവശ്യ മായിരുന്നു. അതുകൊണ്ടാണ് മർക്കൊസ് എഴുതിയത് "അതികാലത്തു ഇരുട്ടോടെ അവൻ എഴുന്നേറ്റു പുറപ്പെട്ട് ഒരു നിർജ്ജന സ്ഥലത്തുചെന്നു പ്രാർത്ഥിച്ചു" എന്ന്. മനഷ്യരുടെ ഇടയിലുള്ള ക്രിസ്തുവിന്റെ ശുശ്രൂഷ ദൈവത്തോടുള്ള പ്രാർത്ഥനക്ക് അവന്നു വഴി ഒരുക്കി. തന്റെ പിതാവുമായി തനിയെ ചെലവഴിക്കുന്ന സമയത്താ യിരുന്നു ദിവസവും മനുഷ്യരെ ശുശ്രൂഷിക്കാനാവശ്യമായ ഓജസ്സും ശക്തിയും തയ്യാറെടുപ്പും അവന്നു ലഭിച്ചത്. ദൈവവുമായിട്ടുള്ള അവന്റെ പ്രാർത്ഥനയാണ് പിതാവി നോടുള്ള ബന്ധത്തിൽ മനുഷ്യരെ ശുശ്രൂഷിപ്പാൻ ക്രിസ്തുവിനെ പ്രേരിപ്പിച്ചത്. പ്രാർത്ഥനയിൽനിന്നും തിരികെ അവന്റെ ശുശ്രൂഷയിലേക്കു പുതിയ ഓജസ്സോ ടും ഇരട്ടി സന്തോഷത്തോടും കൂടി അവൻ പ്രവേശിച്ചു. പ്രാർത്ഥന മാത്രമായുള്ള ജീവിതം ശുശ്രൂഷയ്ക്ക് തടസ്സമാ യിരിക്കുന്നു. എല്ലാം ശുശ്രൂഷ മാത്രമായിരുന്നാൽ ആത്മീകനന്മകളും ശക്തിയും കുറയുന്നു. മറ്റുള്ളവരെ സഹായിക്കാനാവശ്യമായ ശക്തി ലഭിക്കാതെ പോകുന്നു. ക്രിസ്തു പൂർണ്ണമായും പരിശുദ്ധനും അത്യന്തശക്തിയു ള്ളവനും ആയിരുന്നിട്ടുപോലും അവന്നു പ്രാർത്ഥിക്കേണ്ട ആവശ്യമുണ്ടായിരുന്നു. ഇതായിരുന്നു അവന്റെ ഏറ്റവും

വലിയ സന്തോഷം. അവന്റെ ആത്മീക ശ്വസനത്തിന്റെ സത്ത അതായിരുന്നു. ദൈവവുമായി ഏകനായി എങ്ങനെ സമയം ചെലവഴിക്കാമെന്ന് നാം ക്രിസ്തുവിൽനിന്നു പഠിക്കേണ്ടിയിരിക്കുന്നു.

ജനക്കൂട്ടമോ, പുതിയ ശിഷ്യന്മാരോ ക്രിസ്തുവിന്റെ ഈ ഏകാന്തതയെ ഇഷ്ടപ്പെട്ടില്ല. ഒരിക്കൽ പത്രൊസും അവനോടു കൂടെയുള്ളവരും യേശുവിനെ കാണായ്കയാൽ അന്വേഷിച്ചു. അവനെ കണ്ടുമുട്ടിയപ്പോൾ പത്രൊസ് പറഞ്ഞു. “എല്ലാവരും നിന്നെ തെരയുന്നു” എന്ന്. അവർ ക്രിസ്തുവിനെ പിരിഞ്ഞിരിക്കാൻ ആഗ്രഹിച്ചില്ല. എന്നാൽ തന്റെ ചലനങ്ങളെ നിയന്ത്രിക്കാൻ അവൻ ആർക്കും അവകാശം നൽകിയിരുന്നില്ല. അവൻ പരിശുദ്ധാത്മനിറവിലായിരുന്നതിനാൽ അവനെ നടത്തി. സ്നാനസമയത്തു പരിശുദ്ധാത്മനിറവു പ്രാപിച്ചിരുന്നല്ലോ? സ്നേഹം മൂലം ജനങ്ങൾ ചോദിക്കുന്നത് അവൻ ചെയ്തുകൊടുത്തുരുന്നെങ്കിലും എപ്പോഴും അവരിൽനിന്നും സ്വതന്ത്രനായിരുന്നു. ചിലപ്പോൾ അവരുടെ അപേക്ഷ നിരസിക്കുകയും ചെയ്തിരുന്നു. അതുകൊണ്ടാണ് അവൻ പറഞ്ഞ്, “നമുക്കു അടുത്ത പട്ടണത്തിൽ പോകാം; എനിക്കു അവിടെയും പ്രസംഗിക്കണമല്ലോ, ഇതിനായിട്ടല്ലോ ഞാൻ വന്നതു” എന്ന് (മർക്കൊസ് 1 : 38)

ആ സമയം മുതൽ ക്രിസ്തു പുതിയൊരു പ്രവർത്തനശൈലി സ്വീകരിച്ചു. യോഹന്നാൻ സ്നാപകന്റെ രീതി സ്വീകരിച്ചിരുന്ന മറ്റു മതഗുരുക്കന്മാരിൽനിന്നും വിഭിന്നമായിരുന്നു തന്റെ രീതി. സാധാരണ ഗുരുക്കന്മാർ ആളുകളെ സ്വീകരിക്കുന്നതിനായി സ്ഥലങ്ങൾ തെരഞ്ഞെടുത്തിരുന്നു. അവരുടെ അടുക്കൽ ആ സ്ഥലത്തു വരാത്ത

വർക്ക് അവരെ കാണുന്നതിനോ കേൾക്കുന്നതിനോ കഴിഞ്ഞിരുന്നില്ല. ക്രിസ്തുവിന്റെ പദ്ധതി, “മനുഷ്യ പുത്രൻ കാണാതെ പോയതിനെ തെരഞ്ഞു രക്ഷിപ്പാനാണു വന്നത്” എന്ന പ്രമാണത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു (ലൂക്കൊസ് 19 : 10).

**സുവിശേഷകനായ യോഹന്നാൻ യേശു ചെയ്ത മൂന്ന് തരത്തിലുള്ള പ്രവൃത്തികളെ ചൂണ്ടിക്കാ ണിക്കുന്നു:**

1. യെഹൂദ്യയിൽ അവൻ ചെയ്തു കണ്ടതുപോലെ സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷം പ്രഖ്യാപിക്കുന്നത്.
2. മറക്കാനാവാത്ത ഒരു ശബ്ബത്തു ദിവസം അവൻ കഫർന്നഹൂമിലെ പള്ളിയിൽ വെച്ചു ചെയ്തതുപോലെ സാത്താനുമായി പോരാടി മനുഷ്യരാശിയെ അവന്റെ നിയന്ത്രണത്തിൽനിന്നും സ്വതന്ത്രരാക്കുന്നത്.
3. അതേ ശബ്ബത്തു ദിവസം വൈകുന്നേരം അവൻ ചെയ്തതുപോലെ മനുഷ്യരിലുള്ള എല്ലാവിധ രോഗങ്ങളേയും ബലഹീനതകളേയും സൗഖ്യമാക്കുന്നത്.

   ഈ പുസ്തകങ്ങളുടെ ശേഷിക്കുന്ന 5 പരമ്പരകളിൽ യേശു എങ്ങനെ ഈ മൂന്ന് വിധത്തിലുള്ള ശുശ്രൂഷകൾ നിർവ്വഹിച്ചു എന്ന് നമുക്ക് കാണാം.

* * *

# XI

# ചോദ്യാവലി

നിങ്ങൾ ഈ പുസ്തകം വായിച്ചു പഠിച്ചുവെങ്കിൽ നിങ്ങൾക്ക് ഈ ചോദ്യങ്ങൾക്ക് അനായാസേന ഉത്തരം എഴുതുവാൻ സാധിക്കും. അവ ഞങ്ങൾക്ക് തപാൽ വഴി അയക്കുക. നിങ്ങൾ 20 എണ്ണത്തിനെങ്കിലും ശരിയായി ഉത്തരം എഴുതിയിട്ടുണ്ടെങ്കിൽ ഞങ്ങളുടെ ഒരു പുസ്തകം സൗജന്യമായി നിങ്ങൾക്ക് അയച്ചു തരുന്നതാണ്.

നിങ്ങളുടെ പൂർണ്ണമായ പേരും മേൽവിലാസവും എഴുതാൻ മറന്നുപോകരുത്.

1. സാത്താന്റെ മൂന്നുപേരുകൾ ഏതെല്ലാം ? ഓരോന്നിന്റെയും അർത്ഥം എന്താണ്?
2. എങ്ങനെയാണ് ക്രിസ്തു സ്ത്രീയുടെ സന്തതിയായി ജനിച്ചു സർപ്പത്തിന്റെ തലയെ തകർത്തത്? (ഉൽപ്പത്തി 3: 15)
3. മോശെയും, ഏലിയാവും, പത്രൊസും, ഇസ്ക്കരിയോത്താ യൂദായും ചെയ്ത പാപം എന്തായിരുന്നു?
4. യേശുവിനെ പിശാചു പരീക്ഷിച്ചപ്പോൾ ഉണ്ടായ ആദ്യത്തെ പരീക്ഷ ഏതായിരുന്നു ? അതിനു ക്രിസ്തുവിന്റെ ഉത്തരം എന്തായിരുന്നു ?
5. യേശുവിന്നു പിശാചു കൊടുത്ത രണ്ടാമത്തെ പരീക്ഷ ഏതായിരുന്നു ? അതിനു ക്രിസ്തുവിന്റെ ഉത്തരം എന്തായിരുന്നു ?
6. യേശുവിന്നു പിശാചു കൊടുത്ത മൂന്നാമത്തെ പരീക്ഷ ഏതായിരുന്നു ? അതിന്നു ക്രിസ്തുവിന്റെ ഉത്തരം എന്തായിരുന്നു ?
7. യേശു അനുഭവിച്ച നാലു തരത്തിലുള്ള സ്നാനം ഏതെല്ലാമായിരുന്നു ?

8. യോഹന്നാൻ സ്നാപകൻ പറഞ്ഞു: ക്രിസ്തു ദൈവത്തിന്റെ കുഞ്ഞാട് ആണെന്ന്. പഴയനിയമത്തിലെ പ്രവചനത്തിന്റെ നിവൃത്തിയാണിത്. ആ പ്രവചനം എഴുതുക, അതെങ്ങനെ നിവൃത്തിയായെന്ന് വിവരിക്കുക.

9. തന്റെ സഹോദരനായ ശിമോന്നു, അന്ത്രോയാസ് ചെയ്ത ഏറ്റവും വലിയ സേവനം എന്തായിരുന്നു?

10. നസറെത്തിൽനിന്നും (മശീഹ) ക്രിസ്തു വരുമോ എന്നു നഥനയേലിന്റെ ചോദ്യത്തിനു ഫിലിപ്പോസിന്റെ മറുപടി എന്തായിരുന്നു ?

11. ക്രിസ്തു ദൈവപുത്രനാണെന്നതിനുള്ള മൂന്നു സാക്ഷ്യങ്ങൾ പറയുക ?

12. അത്ഭുതങ്ങൾ കാണിക്കുന്നതിൽ ക്രിസ്തുവിന്റെ ഉദ്ദേശ്യമെന്തായിരുന്നു ?

13. കാനാവിലെ കല്യാണത്തിന് ക്രിസ്തു എന്തുകൊണ്ടാണു വെള്ളത്തെ വീഞ്ഞാക്കിയത് ?

14. ദൈവാലയം തന്റെ പിതാവിന്റെ ഭവനമാണെന്നു പറഞ്ഞപ്പോൾ ക്രിസ്തു അർത്ഥമാക്കിയതെന്താണ് ?

15. "ഈ മന്ദിരം പൊളിപ്പിൻ, ഞാൻ മൂന്നു ദിവസത്തിനകം അതു പണിയും" എന്നു യേശു പറഞ്ഞതിന്റെ അർത്ഥം എന്താണ് ?

16. കോപം ഒരു നല്ല സ്വഭാവമായി നമുക്കു എപ്പോൾ കരുതാം ?

17. രണ്ടാമത്തെ (വീണ്ടും) ജനനത്തിൽ പരിശുദ്ധാത്മാവിന്റെ ജോലി എന്താണ് ?

18. പ്രവാചകൻ എന്ന നിലയിൽ ക്രിസ്തുവിന്റെ പ്രവൃത്തി എന്താണ് ?

19. പുരോഹിതൻ എന്ന നിലയിൽ ക്രിസ്തുവിന്റെ പ്രവൃത്തി എന്താണ് ?

20. രാജാവെന്ന നിലയിൽ ക്രിസ്തുവിന്റെ പ്രവൃത്തി എന്താണ് ?

21. ശമര്യ സ്ത്രീയുടെ പാപം ഏറ്റുപറയാൻ യേശു എങ്ങനെ അവളെ പ്രേരിപ്പിച്ചു ?

22. യാക്കോബിന്റെ കിണറ്റിലെ വെള്ളവും ജീവ ജലവും തമ്മിലുള്ള വ്യത്യാസമെന്താണ് ?

23. രാജഭൃത്യനെ ക്രിസ്തു എങ്ങനെ വിനയമുള്ളവ നാക്കി ?

24. നസറെത്തിലുള്ള ആളുകൾ ക്രിസ്തുവിനെ അംഗീകരിക്കാതിരുന്നതു എന്തുകൊണ്ട് ?

25. ക്രിസ്തുവിനെപ്പറ്റിയുള്ള ഭൂതങ്ങളുടെ സാക്ഷ്യം എന്തായിരുന്നു ?

ക്രിസ്തീയ വിശ്വാസത്തെപ്പറി നിങ്ങൾക്ക് എന്തെങ്കിലും ചോദ്യങ്ങൾ ഉണ്ടെങ്കിൽ അതിനുത്തരം തരുവാൻ ഞങ്ങൾ സന്തുഷ്ടരാണ്. നിങ്ങളുടെ പൂർണ്ണമായ പേരും മേൽവിലാസവും കവറിനു പുറത്തും അകത്തും എഴുതുവാൻ മറക്കുരുത്.

CALL OF HOPE, P.O. BOX 45
KAYAMKULAM - 690 502

***"കാണാതെ പോയതിനെ***
***തിരഞ്ഞുരക്ഷിപ്പാനല്ലോ***
***മനുഷ്യപുത്രൻ വന്നതു."***

*(ലൂക്കൊസ് 19 : 10)*

***“ദരിദ്രരോടു സുവിശേഷം
അറിയിപ്പാൻ കർത്താവു
എന്നെ അഭിഷേകം
ചെയ്കയാൽ അവന്റെ
ആത്മാവു എന്റെ മേൽ ഉണ്ടു.
ബദ്ധന്മാർക്കു വിടുതലും
കുരുടന്മാർക്കു കാഴ്ചയും
പ്രസംഗിപ്പാനും
പീഡിതന്മാരെ
വിടുവിച്ചയപ്പാനും
കർത്താവിന്റെ പ്രസാദവർഷം
പ്രസംഗിപ്പാനും എന്നെ
അയച്ചിരിക്കുന്നു.”***

*(ലൂക്കൊസ് 4 : 18, 19)*